KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 81501

Author ദേവദേബാന. കെ. ബി

Title മുല്ലമൊട്ടുകൾ

KOTTAYAM PUBLIC LIBRARY
KOTTAYAM.

# മുല്ലമൊട്ടുകൾ.

81501

DISTRIBUTING LIBRARY
No. 011 5490
KOTTAYAM.

ഗ്രന്ഥകർത്ത്രി:

കെ. ബി. ദേവസേന.

1955

വില: 1 ക.

1_ാംപതിപ്പ് കോപ്പി:
500.

MF9

1131

അച്ചടി:
പഞ്ചാംഗം പ്രസ്സ്, കുന്നംകുളം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRIBUTING LIBRARY
No.................
KOTTAYAM.

# അനാച്ഛാദനം

"തള്ളവാലാട്ട മിടമുലകം പൂച്ചക്കുട്ടി-
യ്ക്കില്ലത്തപ്പടിഞ്ഞാററി നമ്പൂരിക്കിടാവാകും!"

ആയിരുന്നകാലം മാറിയിട്ട് കുറച്ചു കാലമേ ആയുള്ളു. ഇന്നും ഏറിയ കൂറും നമ്പൂതിരിബാലികമാർ സ്കൂൾ വിട്ടാൽ അന്തഃപുരം എന്ന നിലയിലാണ് വിദ്യാഭ്യാസം കഴിയ്ക്കുന്നത്. എന്നാലും സൂര്യന്റെ വെളിച്ചവും, സ്വച്ഛന്ദമായ കാററും ഇന്നവരെയും തലോടുന്നു. ലോകകാല ചലനങ്ങൾ അന്തഃപുരങ്ങളുടെ അന്തർഭാഗങ്ങളിലും പ്രതിസ്പന്ദനങ്ങൾ ഉളവാക്കിയിരിക്കുന്നു.

ശ്രീ: കെ. ബി. ദേവസേന, കേരളത്തിലെ ആഢ്യ നമ്പൂതിരികുടുംബങ്ങളിൽ വലങ്കൈ മടക്കിൽപ്പെട്ട കൂടല്ലൂർ മനയ്ക്കലെയാണ്. പണ്ടു സംസ്കൃത പാണ്ഡിത്യത്തിനും, ശിഷ്യസമ്പത്തിനുമെന്നപോലെ സഹൃദയത്വത്തിനും പ്രസിദ്ധിപെററ ആ പ്രശസ്ത കുടുംബത്തിലെ ഒരു പൂവള്ളിക്കുരുമ്പാണവർ. അവരിൽനിന്ന് മലയാളസാഹിത്യത്തിന്, വാസനാനുഗൃഹീതങ്ങളായ സംഭാവനകൾ ലഭിയ്ക്കുമ്പോൾ കൈരളിക്ക് സന്തോഷത്തോടൊപ്പം ചാരിതാർത്ഥ്യത്തിന്നവകാശമുണ്ട്.

മാതൃഭൂമി ബാലപംക്തിയിലൂടെ, തളിരിളംപ്രായത്തിൽ സാഹിത്യക്ഷേത്രത്തിൽ പിച്ചവെച്ചു നടന്നുവന്ന് സരസ്വതീസമാരാധനം തുടങ്ങിയ ശ്രീ: ദേവസേന, അന്നുതന്നെ അസ്മാദൃശന്മാരുടെ കൌതുകവും, ആശംസകളും ആർജ്ജിച്ചിട്ടുണ്ട്. ക്രമേണ വളർന്നുവന്ന അവരുടെ

സാഹിത്യം ഇന്നിതാ സ്വയം രൂപംപൂണ്ട്, വെളിച്ചത്തേക്ക വരുവാൻ വെമ്പൽക്കൊള്ളുന്നു. ഇന്നും 'പതിക'ളിൽ (Teens) വർത്തിയ്ക്കുന്ന ഒരു കൊച്ചു പെൺകിടാവാണവർ.

ശ്രീ: ദേവസേനയുടെ കഥകൾ ഹൃദയത്തിൻെറ തുടിപ്പുകളാണ്. അവയിൽ മിക്കതിലും നമുക്കവരെത്തന്നെ കാണാം. ശ്രീ: ലളിതാംബിക അന്തർജ്ജനം, ശ്രീ: സരളാ രാമവർമ്മ മുതലായവരുടെ സരളരീതിയാണ് എല്ലാ കഥകളിലും കാണുക. ജീവിതത്തിൻെറ എല്ലാ സാധാരണതകളിലേയ്ക്കും അവരുടെ കണ്ണെത്തുന്നപോലെ, കൌതുകകരങ്ങളും, വിജ്ഞേയങ്ങളുമായ മനശ്ശാസ്ത്രവശങ്ങളിലും അവരുടെ കൈ ചെന്നിട്ടുണ്ട്. ജീവിതവീക്ഷണത്തിൽ സത്യം, സ്നേഹം, ധർമ്മം എന്നിവ മൂന്നും സ്ഥായിയായി നിഴലിയ്ക്കുന്നുണ്ടെന്നുള്ളതും അഭിനന്ദനീയമാണ്.

വളൎന്നുവരുന്ന ഈ കൊച്ചു കഥാകാരിയുടെ ഈ കാവ്യമുകുളങ്ങൾ, സഹൃദയരുടെ മുമ്പിൽ അനാച്ഛാദനം ചെയ്യാൻ എനിയ്ക്കു വളരെ സന്തോഷവും കൌതുകവുമുണ്ട്. അതോടൊപ്പം പിച്ചവെച്ചുവരുന്ന ഈ കൊച്ചു പെൺകിടാവിനെ പ്രോത്സാഹിപ്പിയ്ക്കുവാൻ വായനക്കാരോട് അഭ്യർത്ഥിയ്ക്കുകയും ചെയ്യുന്നു.

ശ്രീ. ദേവസേനയ്ക്ക് ഒരിയ്ക്കൽക്കൂടി എൻെറ ആശംസകളും ആശീർവ്വാദങ്ങളും!

ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്.

—:*:—

KOTTAYAM PUBLIC LIBRARY
KOTTAYAM.

# മുഖവുര.

ഗൌരവാവഹങ്ങളായ ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുമ്പോൾ ഹൃദയം ശക്തിയായി മിടിക്കുക സാധാരണയാണു്. അതൊരു മനോദൌർബ്ബല്യമാണെന്നു് പലർക്കും തോന്നിയേക്കാം. ആ വികാരം അനുഭവപ്പെട്ടവർ ചിലരെങ്കിലും ഉണ്ടാകും. അതുപോലെ ശക്തിയായി മിടിക്കുന്ന ഹൃദയത്തോടെയാണു് ഞാൻ ഈ "മുല്ലമൊട്ടുകൾ" കൈരളീദേവിയുടെ കാല്ക്കൽ ഭക്തിബഹുമാനങ്ങളോടെ സമർപ്പിക്കുന്നതു്.

സഹൃദയർ ഏതു വിധത്തിലാണതിനെ സ്വീകരിക്കുക എന്ന ചിന്ത എന്നെ സംഭ്രമിപ്പിക്കുകയാണു്. സാഹിത്യക്ഷേത്രത്തിൽ ഇദം പ്രഥമമായി കടന്നു വരുന്ന, അപരിചിതയായ എന്നെ രൂക്ഷദൃഷ്ടികളോടെ നോക്കുന്നവരുണ്ടാകാം. അവരോടു് ഞാൻ സവിനയം പറഞ്ഞുകൊള്ളട്ടെ. "പഴക്കവും ലോകപരിചയവു മില്ലാത്തതാണു് എന്റെ തൂലിക".

"മുല്ലമൊട്ടുകളി"ലെ കഥകൾ രണ്ടുമൂന്നു കയ്യെഴുത്തു മാസികകൾ വഴി പുറത്തിറക്കപ്പെട്ടവയാണു്. അവയെല്ലാം ശേഖരിച്ചു് ഒരു പുസ്തകമാക്കി അച്ചടിക്കുവാനുള്ള,

എന്റെ അസാമാന്യമായ ആശയെ പ്രോത്സാഹിപ്പിച്ച്, ഈ നിലയ്ക്കെത്തിച്ച എന്റെ എല്ലാ സുഹൃത്തുക്കളോടും, എന്റെ കൊച്ചുകഥകൾ സാഹിത്യസദസ്സിന്റെ മുമ്പാകെ അനാച്ഛാദനംചെയ്ത ബഹുമാന്യസാഹിത്യകാരനായ ശ്രീ. ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാടിനോടും ഉള്ള എന്റെ അകൈതവങ്ങളായ കൃതജ്ഞതാബഹുമാനങ്ങൾ ഈ മുഖവുരയിൽ രേഖപ്പെടുത്താൻ ഞാൻ അശക്തയാണ്. ഈ പുസ്തകം അച്ചടിപ്പിക്കുന്ന ഭാരം ഏറെറടുത്ത പഞ്ചാംഗം പ്രസ്സുകാരോടും എനിയ്ക്കുള്ള കൃതജ്ഞത അപാരമാണ്. നമസ്കാരം!

കെ. ബി. ദേവസേന.

# ★ ഇതളുകൾ ★


1. തികഞ്ഞ സ്വാർത്ഥത.
2. ഭാവിയെപ്പറ്റി.
3. മടിയിൽവെച്ച്.
4. തിങ്കളാഴ്ചനോൽമ്പ്.
5. മധുവിധു.
6. തിരുമുൽക്കാഴ്ച.
7. എന്റെ ഫോട്ടോ.
8. സൂക്ഷിച്ചുവെച്ച പണം.
9. വലിയവരുടെ ദയ.
10. വീണ്ടും മടങ്ങി!
11. ശുദ്ധൻ.
12. പ്രശംസ.


★

# മുല്ലമൊട്ടുകൾ.

DISTRICT LENDING LIBRARY
No.........
KOTTAYAM.

## 1. തികഞ്ഞ സ്വാതന്ത്ര്യം.

ഞാനിന്നു വ്യസനിക്കുകയാണ്: ദരിദ്രസഹോദരങ്ങളുടെ ഇടയിൽ ഒരു ധനികയായി ഈശ്വരൻ എന്നെ സൃഷ്ടിച്ചതിന്ന്. നിങ്ങൾക്കത്ഭുതം തോന്നുന്നുണ്ടോ? ധനികരായി പിറക്കുന്നതിൽ വല്ലവരും എതിരു പറയുമോ? ഇല്ല. ധനികയായി പിറന്നതിലല്ല എനിക്കു വ്യസനം. എൻെറ സഹോദരങ്ങൾ എന്തിനു ദരിദ്രരായി? അവരും എന്നെപ്പോലെ ധനികരായിരുന്നെങ്കിൽ...........

ഇല്ല. അതു സംഭാവ്യമല്ല. ലോകത്തിലെ എല്ലാ ജനങ്ങളും ധനികരാവുമെന്നോ! എത്ര കാലം ഹിമാലയത്തിൽ പോയി തപസ്സു ചെയ്താലും എല്ലാവരും ഒരു പോലെ ധനികരാവുമെന്ന വരം കിട്ടില്ല!

എൻെറ വീടുമാത്രം ആ ദരിദ്രഗൃഹങ്ങളുടെ ഇടയിൽ എന്തിനുയന്നു നിന്നു? ആവോ! ആരുത്തരം പറയാൻ! ചുററുപാടിൽ നിന്നും വിശപ്പിൻെറ ആർത്തനാദം ഇരമ്പിക്കേൾക്കുമ്പോൾ, ഞാൻ മതിയാവോളം ഭക്ഷണം കഴിച്ചു്, വയറും വീർപ്പിച്ചു് ഏമ്പക്കം വിടുകയാണ്........ എൻെറ സഹോദരങ്ങൾ അരവയറു നിറയാൻ വെമ്പു

മ്പോഠം എൻെറ ഒന്നേകാൽ വയർ നിറഞ്ഞിട്ടുണ്ടാകും! എന്താണീശ്വരാ! ഈ ജീവിത വൈരുദ്ധ്യങ്ങളുടെ രഹസ്യം?

എൻെറ വീട്ടിൻെറ അടുത്തടുത്തായി അഞ്ചു വീടുകഠം ഉണ്ട്. വയ്ക്കോലുകൊണ്ടു മേഞ്ഞ കൂരപ്പുരകഠം! ആ അഞ്ചു വീടുകളും കൂടിയാലുള്ളതിനേക്കാഠം വലുപ്പം എൻെറ ഗൃഹത്തിനുണ്ട്. ആ ഗൃഹങ്ങളിൽ എൻെറ സമപ്രായക്കാരും, മൂത്തവരും, ഇളയവരുമായി ഒട്ടനേകം കുട്ടികളുണ്ട്. എന്തെങ്കിലും ജോലിക്കുപോയി തെണ്ടിച്ചുവേണം അവക്കു ജീവിക്കാൻ.

എനിക്കാണെങ്കിൽ യാതൊരു ജോലിയുമില്ല. ഭൃത്യജനങ്ങഠം ഉണ്ടാക്കിയ ചോറ്, വിളമ്പിത്തന്നാൽ ഉണ്ണുകയേ വേണ്ടു. നെല്ല് എവിടെ നിന്നു വരുന്നു, എവിടെ കുത്തി അരിയാക്കുന്നു, എങ്ങിനെ വെക്കുന്നു എന്നൊന്നും ഞാൻ അറിയാറില്ല. സുഭിക്ഷമായി ഉണ്ണണം, ഉറങ്ങണം, അറിവു സമ്പാദിക്കണം എന്നു മാത്രമേ എനിക്കാഗ്രഹമുള്ളു.

എനിക്കു കൃഷിയെപ്പററി തീരെ അറിഞ്ഞുകൂടാ. എൻെറ പാവപ്പെട്ട സഹോദരി ചീതയോടു ചോദിക്കുകയാണെങ്കിൽ അവഠം പലതരം നെല്ലിൻെറ പേരും, എന്നുവേണ്ട കൃഷിയുടെ ഓരോ രീതികളും പറഞ്ഞുതരും. 'ഭക്ഷണം കഴിക്കൽ' എന്ന പ്രധാന സംഭവം ജീവിതത്തിലില്ലെങ്കിൽ ആരും വലിയ ബുദ്ധിമുട്ടുകഠം സഹിച്ച്

ജോലി ചെയ്യില്ല. നമ്മുടെ ജീവിതത്തിന്നു നിദാനം ഭക്ഷണമാവുമ്പോൾ അതിനെപ്പററി ചിന്തിക്കേണ്ടതു് ഏററവം ആവശ്യമാണ്. വലിയ സാഹിത്യകൃതികളും, രാഷ്ട്രീയ സ്ഥിതികളും വായിച്ചു്, അറിവുള്ളവളാണെന്നു നടിക്കുന്ന എന്നോട്ട് കൃഷിയെപ്പററി ചോദിച്ചാൽ അതിൽനിന്നു് തല വലിക്കുകയേ നിവൃത്തിയുള്ളു.

ബാല്യത്തിൽതന്നെ സ്വാതന്ത്ര്യമൂർത്തിയായി ഞാൻ വളൎന്നു. എൻെറ മാതാപിതാക്കൾക്ക് ഒരേഒരു മകളായ ഞാൻ സൎവ്വവിധസൌഭാഗ്യങ്ങളോടുംകൂടി വളൎന്നു. അവരെന്നെ വല്ലവിധത്തിലും ഉപദ്രവിച്ചതായി എനിക്കോൎമ്മയില്ല. അകാരണമായി ഞാൻ .വല്ലതിന്നും കരഞ്ഞാൽ എന്നെ ആശ്വസിപ്പിക്കുകയാണ് പതിവു്. മാതാപിതാക്കന്മാരുടെ പരുഷമായ ഒരു വാക്കെങ്കിലും എൻെറ ചെവിയിൽ പതിഞ്ഞിട്ടില്ല.

അയൽപക്കത്തെ കുട്ടികളുടെ വിഹാരസ്ഥലമായിരുന്നു എൻെറ ഗൃഹോപാന്തം. അഞ്ചുവീട്ടുകളിലും കൂടി എട്ടോ പത്തോ കുട്ടികളുണ്ട്. ആൺകുട്ടികളും പെൺകുട്ടികളും. അവരെല്ലാം മണ്ണുപുരണ്ടു നിറംമങ്ങി മുഷിഞ്ഞ പട്ടുകോണകവും ചിലർ ചെറിയ തോൎത്തുമുണ്ടും ഉടുക്കും. ഞാൻ മാത്രം സിൽക്കുടുപ്പും, കയ്യിൽ വളയും കഴുത്തിൽ ചെയിനും ധരിച്ചു് യജമാനത്തിയായി ഞെളിഞ്ഞിരിക്കും.

മണ്ണുകൊണ്ടു കളിക്കാൻ എനിക്കിഷ്ടമാണ്. കൂട്ടിലിട്ട കിളിയെപ്പോലെ ഉടുപ്പിലിട്ടു ബന്ധിച്ചിരുന്നതിനാൽ എനിക്കു് കളിക്കാൻപോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.

മണ്ണുവാരിക്കളിച്ചാൽ അമ്മ സ്നേഹപൂർവ്വം ശാസിക്കും. "തങ്കം, ഉടുപ്പില് മണ്ണാക്കണ്ട. എന്തിനാ മണ്ണില്കളിക്കണ്? നിന്റെ പാവക്കുട്ടീം കാറും അവിടെയുണ്ട്."

"ഇവരൊക്കെ മണ്ണോണ്ട് കളിക്ക്ണില്ല്യേ? ഞാനുടുപ്പഴിച്ചുവെച്ചിട്ട് കളിക്കട്ടെ?" ദയനീയമായ ഒരഭ്യർത്ഥനയാവും അത്.

"വേണ്ട, തങ്കം. മണ്ണില് കളിച്ചാൽ ചൊരങ്ങ്ണ്ടാവും".

അമ്മയുടെ സ്നേഹപൂർവ്വമായ ശാസനയെ നിഷേധിക്കാൻ എനിക്കു കെല്പില്ല. ഞാനാശാസനയെ മനമില്ലാമനസ്സോടെ അനുസരിക്കും.

എന്റെ കൂട്ടുകാരിൽ എല്ലാവർക്കും എന്നെ സ്നേഹമാണ്. അവരുടെ അമ്മ പറഞ്ഞിരുന്നു. "തെക്കേലെ തങ്കം എന്തു പറഞ്ഞാലും നിങ്ങളനുസരിക്കണം. എത്ര വല്ല്യേ ആളുകളാ അവ്ര്" (ഞാൻ വിചാരിക്കുകയാണ്: ഈ വലുപ്പം എന്നാലെന്താ?)

എന്റെ കൂട്ടുകാർ മണ്ണുകൊണ്ട് ചോറുവെക്കും. ഇലവെച്ച് എനിക്കും വിളമ്പിത്തരും. അവരുടെ കളിയിൽ ഞാനാണ് യജമാനത്തി. ആദ്യം എനിക്കു വിളമ്പും. ഞാൻ മണ്ണു തൊടാതെ ഉണ്ടുവെന്നാംഗ്യം കാട്ടും. എന്റെ ഊണുകഴിഞ്ഞാൽ ബാക്കി എല്ലാവരും ഉണ്ണുകയായി. അവരുടെ കളികളിൽ പങ്കെടുക്കാതെ ഞാനതുകണ്ട് രസിച്ചിരിക്കും.

ബാല്യത്തിൽപോലും ഞാൻ അസ്വാതന്ത്ര്യയായിരുന്നു. ചെറിയ കുട്ടികളെ ഇഷ്ടംപോലെ കളിക്കുവാൻ വിടാതെ ബന്ധനത്തിലാക്കുന്നത് ആപൽക്കരമാണ്. വാത്സല്യാതിരേകത്താൽ മാതാപിതാക്കൾ അങ്ങിനെ ചെയ്യുന്നത് തെററാണെന്നു പറയുന്നത് അവക്കു വേദനാജനകമായിരിക്കുമോ? ഇല്ലെന്നാണ് വിശ്വസിക്കേണ്ടത്.

മണ്ണിൽ ദിവസവും കളിച്ചിട്ടും എൻെറ കൂട്ടുകാക്കാക്കും ചിരങ്ങോ ചൊറിയോ പിടിപെട്ടതായി ഞാൻ കണ്ടിട്ടില്ല.

എനിക്ക് അച്ഛനും അമ്മാമന്മാരും ഇടക്കിടക്ക് പുതിയ ഉടുപ്പുകൾ തുന്നിച്ചു തന്നിരുന്നു. എൻെറ പഴയ ഉടുപ്പുകൾ എൻെറ കൂട്ടുകാരികൾക്ക് അമ്മ കൊടുക്കാറുണ്ട്. അവരത് വിശേഷദിവസങ്ങളിൽ ധരിക്കുവാനായി സൂക്ഷിച്ചു വെക്കുകയാണ് പതിവ്.

അന്ന് ഞാൻ വലിയ ദുരഭിമാനിയായിരുന്നു. ഞാൻ എൻെറ അച്ഛനോടും അമ്മയോടുംകൂടി കാറിൽക്കയറി സിനിമക്കുപോകും.

“അവക്കൊന്നും കാറില്ലല്ലോ!” ദുരഭിമാനത്തോടെ ഞാൻ വിചാരിക്കും. അതോടെ ഞാൻ വലിയവളാണെന്നചിന്തയും! അച്ഛൻെറ സ്നേഹിതന്മാരെല്ലാം എനിക്ക് ബിസ്കറേറാ ലോസഞ്ചറോ വാങ്ങിത്തരും. എൻെറ കൂട്ടുകാർ ഞാൻ കൊടുത്തിട്ടാണ് ബിസ്കറും ലോസഞ്ചും ആദ്യമായി തിന്നിരിക്കുന്നതുതന്നെ!

അമ്മ പട്ടുസാരിയുടുത്തുകണ്ടിട്ട് ഞാൻ പലപ്പോഴും നിന്നിമേഷയായി നോക്കിനിന്നിട്ടുണ്ട്. എന്തൊരു ചന്തമാണ് അമ്മക്ക പട്ടുസാരിയുടുത്താൽ!

സീതയുടെ അമ്മ, വീട്ടിന്നടുത്തുള്ള താലപ്പൊലിക്കു പോയ വർത്തമാനം, ഒരുദിവസം അവളെന്നോടു പറഞ്ഞു "അമ്മ ഏട്ടൻകൊണ്ടുവന്ന മേൽമുണ്ടും ബ്ലൌസ് ഇട്ടുത്."

ഞാൻ പരിഹാസത്തോടെപറഞ്ഞു. "എന്താത്പ്പോ ത്രപറയാൻള്ളത്? എന്റെ അമ്മ ദിവസോം മേൽമുണ്ടിടും."

സീതയുടെ മുഖം വാടിയത് ഞാനന്നു ശ്രദ്ധിച്ചില്ല.

ഞാൻ പറഞ്ഞു. "എന്റെ അമ്മ തൃശ്ശൂർ പൂരത്തിനു പോയപ്പോ മഞ്ഞപ്പട്ടുസാര്യേ ഉടുത്തത്. ഞാൻ മഞ്ഞഉടുപ്പും. ഞങ്ങള് രണ്ടാളും ഒരുപോലത്തതേ ഇട്ടത്. കുട്ടിക്കതൊന്നൂല്ല്യല്ലോ............!"

സീതയുടെ കണ്ണുകൾ നിറഞ്ഞു. "ഞങ്ങളുക്ക് മൊതല്ല്യാഞ്ഞിട്ടല്ലേ?......."

പാവം! സീതയെ എന്റെ വാക്കുകൾ എത്ര വേദനിപ്പിച്ചിരിക്കണം! പക്ഷെ അന്നെനിക്കങ്ങിനെ ഒരാലോചനയെ ഉണ്ടായിട്ടില്ല. സീതയുടെ ഏട്ടന് മദിരാശിയിൽ, ഏതോ ഒരു കാപ്പിക്കടയിൽ പാത്രം കഴുകുകയാണ് ജോലി. അയാളുടെ തുച്ഛസമ്പാദ്യം, ചിലവു കഴിച്ച് ബാക്കിയുള്ളതയാൾ വീട്ടിലേക്കയക്കും. ഒരിക്കൽ

അയാഠം നാട്ടിൽ വന്നപ്പോഠം അമ്മക്കുവേണ്ടി കൊണ്ടുവ ന്നതാണു് ആ മേൽമുണ്ടും ബ്ലൌസും. മകൻ കൊണ്ടു വന്ന ആ വസ്ത്രങ്ങഠം അവർക്കെത്ര പ്രിയപ്പെട്ടതായിരി ക്കും! ജ്യേഷ്ഠൻെറ സമ്മാനത്തെ കുട്ടികാരിയായ ഞാൻ നി സ്സാരമായി ഗണിച്ചതു് അവളെ എത്ര വ്യസനിപ്പിച്ചി രിക്കും!

അന്നെനിക്കു് സീതയേയായിരുന്നു കൂടുതൽ ഇഷ്ടം. എൻെറ കല്പന അവഠം യാതൊരു മടിയും കൂടാതെ അനു സരിക്കും. ഒരിക്കൽ ഒരു സംഭവമുണ്ടായി:

ഞങ്ങഠംക്കന്നു് എട്ടു വയസ്സു പ്രായമാണു്. ഞങ്ങ ളുടെ വീട്ടിന്നടുക്കെ ഒരു വാര വീതിയിൽ ഒരു തോടുണ്ടു്. മഴക്കാലത്തു് അതിൽക്കൂടി വെള്ളം ഒഴുകിപ്പോവും. ഒരു ദിവസം ഞാൻ സീതയോടു പറഞ്ഞു. "സീതേ, ഈ തോട്ടിലു് എറങ്ങി അഞ്ചു മിനിട്ടു നിന്നാൽ ഞാൻ എ ൻെറ പാവക്കുട്ടി തരാം."

സീതക്കു് തോട്ടിലിറങ്ങാൻ അതിയായ പേടിയുണ്ടു്. പാവക്കുട്ടിയെ കിട്ടണമെന്നമോഹം പേടിയെ ജയിച്ചു. തോട്ടിൽ, ഞങ്ങഠംക്കു് അരക്കുമീതെ വെള്ളമുണ്ടു്.

"ഞാനെറങ്ങാം" അവഠം എൻെറ സമ്മതം കിട്ടു വാനായി എൻെറ മുഖത്തുനോക്കി.

"എറങ്ങിക്കോളൂ". ഞാൻ ചിരിച്ചുകൊണ്ടു് സമ്മ തവും കൊടുത്തു.

സീത തോട്ടിലിറങ്ങി. ഒന്നു്, രണ്ടു്, മൂന്നു്—നിമി ഷം അനങ്ങാതെനിന്നു. കുത്തനെ, ശക്തിയായി ഒലിച്ചു

വരുന്ന വെള്ളം കാരണം സീതയുടെ കാൽതെററി. അ വൾ കുറച്ചുദൂരം ഒലിച്ചുപോയി.

"അയ്യോ....അയ്യോ......സീത ഒലിച്ചുപോയേ......!" ഞാനുറക്കെ നിലവിളിച്ചു.

സീതയുടെ അമ്മ ഓടിവന്നു. തോട്ടിൽ നിന്ന് സീതയെ പിടിച്ചുകയററി ഭയവും പരിഭ്രമവും കാരണം അവൾ കരഞ്ഞുതുടങ്ങി. അപരാധബോധത്താൽ എൻെറ കണ്ണുകൾ നിറഞ്ഞു. സീതയുടെ അമ്മ, സീത തോട്ടിൽ ചാടുവാനുള്ള കാരണം ചോദിച്ചു. ഞാൻ പറഞ്ഞിട്ടാണെന്നു പറയാൻ അവൾ മടിച്ചു. ഞാൻ എല്ലാവിവരവും പറഞ്ഞു. എൻെറ കൂട്ടുകാരിൽ വല്ലവരുമായിരുന്നെങ്കിൽ അവർ വേണ്ടുവോളം ശകാരിച്ചിരുന്നു. അവർ സീതയെ വലിച്ച് വീട്ടിലേക്കുകൊണ്ടുപോയി.

ഞാൻ വിഷാദനിർഭരമായ ഹൃദയത്തോടെ വീട്ടിൽ ചെന്ന് അമ്മയോടു വിവരം പറഞ്ഞു.

"തങ്കം പറഞ്ഞിട്ടല്ലേ സീത തോട്ടിലെറങ്ങ്യേ?........ നിൻെറ പാവക്കുട്ടി അവൾക്ക് കൊടുക്കണം."

എനിക്കതു് പൂർണ്ണസമ്മതമായിരുന്നു. അമ്മ എന്തു പറയുമെന്നു വിചാരിച്ച് ഭയപ്പെട്ടിരുന്ന ഞാൻ അന്നു തന്നെ സീതയെ വിളിച്ച് പാവക്കുട്ടി കൊടുത്തു. മുമ്പെ തന്നെ പരിഭവഹീനയായ അവളുടെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു. തോട്ടിൽ ഒലിച്ചുപോയ വ്യസനം പമ്പകടന്നു.

ഞാൻ എൻെറ കൂട്ടുകാർക്ക് ബിസ്കറ്റും ലോസഞ്ചും കൊടുക്കുമ്പോഴും, അവർക്ക് എനിക്കെന്തെങ്കിലും തരണമെന്ന മോഹമുണ്ടായിരുന്നു. ഓണക്കാലത്ത് എൻെറ വീട്ടിൽ ആവശ്യത്തിലധികം പഴക്കുലകൾ ഉള്ളപ്പോൾ അവരുടെ വീടുകളിൽ ഒരു കുലയോ ചിലപ്പോൾ എട്ടു പത്തെണ്ണമോ വാങ്ങും. അവരെല്ലാം എനിക്കോരോ പഴം സ്വകാര്യമായി കൊണ്ടുവന്നു തരുമ്പോഴും, പഴം തിന്നു മടുത്ത ഞാൻ പറയും. "ഇവിടെ പഴം ധാരാളമുണ്ട്. എനിക്കിതു വേണ്ട".

എൻെറ നിഷേധം അവരെ വേദനിപ്പിക്കുമെങ്കിലും ഞാനതു് അവരെത്തന്നെ നിർബ്ബന്ധിച്ചു തീററും. കൂടാതെ എൻെറ വക അവക്ക് മതിയാവോളം പഴം കൊടുക്കും.

ഒരു ദിവസം സീത വറുത്ത പുളിങ്കുരു കൊണ്ടുവന്നു് എൻെറ കൂട്ടുകാക്കുകൊടുത്തു.

"തങ്കം പുളിങ്കുരുതിന്നോവാ?....." സീത ശങ്കയോടെ എന്നോടു ചോദിച്ചു.

"പുളിങ്കുരു വറുത്താൽ നന്നോ?...." ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു.

"ഉം". അവൾ മൂളി.

"നല്ല സ്വാദാണോ?"

"ഞങ്ങൾക്കിഷ്ടാ...."

ഞാൻ ഒരു പുളിങ്കുരു തിന്നുനോക്കി. എനിക്കതിൻെറ സ്വാദ് ഇഷ്ടമായി. ഞാൻ സീതയുടെ കയ്യിൽനിന്ന് കുറച്ചു പുളിങ്കുരുവാങ്ങി ഒരളുക്കിലിട്ടു സൂക്ഷിച്ചു. അച്ഛനതു കണ്ടു.

"ഇതെന്താ തങ്കം?"

"പുളിങ്കുരു. സീത തന്നതാ. എന്തു സ്വാദാ ഇതിന്!" ഞാൻ പറഞ്ഞു.

"അയ്യേ....! വലിച്ചെറിയ്. ഏതെങ്കിലും കുട്ട്യോള് വല്ലതും തന്നാൽ തിന്നേ്....!"

ഞാനതു വലിച്ചെറിയാൻ മടികാണിച്ചു. അച്ഛൻ എൻെറ അടുത്തുവന്ന് അളുക്കു വാങ്ങി.

"നിനക്കെത്ര ബിസ്കറ്റുവേണങ്കിൽ തരാം. ഈ പുളിങ്കുരു തിന്നാൽ വയറു വേദനിക്കും."

അച്ഛൻ പുളിങ്കുരു മുഴുവൻ മുററത്തേക്കു വലിച്ചെറിഞ്ഞു. അലമാരിയിൽ വാങ്ങിവെച്ചിരുന്ന ബിസ്കറ്റ് അളുക്കിൽ നിറച്ചുതന്നു.

പിന്നീട് ഞാനിതേവരെ പുളിങ്കുരു തിന്നിട്ടില്ല. അടുത്തദിവസം സീതയുടെ ആ സമ്മാനം ഞാൻ സ്നേഹപൂർവ്വം നിഷേധിക്കുകയാണുണ്ടായത്. അവളതിന്ന് പരിഭവം പറഞ്ഞതായി ഞാനോക്കുന്നു.

"തങ്കത്തിന് ദിവസോം ബിസ്കറ്റുതിന്നാം. പിന്നെന്തിനാ ഈ ചീത്ത പുളിങ്കുരു തിന്നണത്?...."

എനിക്ക് ഒരു മാസത്തിൽ ബിസ്കറ്റിന്നായി അ ഞ്ചെട്ടുറുപ്പിക ചിലവായിരുന്നു. അന്നു ഞാനതിൽ അഭി മാനിച്ചിരുന്നു. ഇന്നു ഞാൻ പശ്ചാത്തപിക്കുന്നു. "ആ പണം എൻെറ സാധു സഹോദരങ്ങൾക്ക് കൊടുത്തിരു ന്നുവെങ്കിൽ...."

രാവിലെ കാച്ചിക്കുറുക്കിയ പാലും പലഹാരവും തി ന്ന് കൂട്ടുകാരെ കാത്ത് ഞാൻ പൂമുഖപ്പടിയിൽ ഇരിക്കും. കുറച്ചു കഴിഞ്ഞാൽ കൂട്ടുകാർ ഓരോരുത്തരായി വരികയായി.

അവരെന്താണ് ഭക്ഷിച്ചതെന്ന് ഞാൻ പലപ്പോഴും അവരോടു ചോദിക്കും. മിക്കവരും തലേദിവസത്തെ, വെ ള്ളത്തിലിട്ടുവെച്ച ചോറും പഴങ്കഞ്ഞിയുമായിരിക്കും കഴി ക്കുക. ചിലർ വെറും ചായവെള്ളം, പാലും പഞ്ചസാരയു മിടാതെ കുടിച്ചു വരും. ഞാനതിലാദ്യമെല്ലാം അത്ഭുതം പ്രകടിപ്പിക്കുമ്പോൾ സീത എനിക്കു പറഞ്ഞുതന്നു.

"ഞങ്ങള് പണക്കാരല്ല. ഞങ്ങള് കഞ്ഞികുടിക്കും. രാത്രി ചില ദിവസങ്ങളിൽ ചോറാവും. അധികമുള്ളതെ ടുത്തുവെക്കും. അമ്മേം അച്ഛനും ദിവസോം വയറുനിറെ ഉണ്ണില്ല."

"എന്താ ഇങ്ങിനെ?...."എന്നു ഞാനമ്പരന്ന് ചോ ദിച്ചപ്പോൾ, എന്നേക്കാൾ ലോകപരിചയമുള്ള സീത പറയുകയാണ്.

"എല്ലാരക്കും ഒരുപോലെ മൊതല്ണ്ടാവോ?....ഞ ങ്ങള് കഴിഞ്ഞ ജന്മത്തില് പാപം ചെയ്തിട്ടാത്രെ ഇങ്ങിനെ സാധുക്കളായത്".

അവരും എന്നെപ്പോലെ പാലും പലഹാരവും കഴി ക്കുന്നുണ്ടെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. സമപ്രായ ക്കാരായിരുന്നുവെങ്കിലും പണക്കാരിയായ എന്നേക്കാഠം ലോകപരിചയം സീതക്കും മററുമായിരുന്നു.

ഒരു ദിവസം ഞാനമ്മയോടു പറഞ്ഞു. "അമ്മേ, സീതക്കും മാളൂനും മാധവിക്കും കൃഷ്ണനും ദിവസോം ഉച്ച ക്കു ചോറുകൊടുക്കേപൊ?..............."

"അതേതെ. നിൻെറ കൂട്ട്ാരക്കൊക്കെ ദിവസോം ചോറുകൊടുക്കാൻ നമുക്കത്ര പണൊന്നൂല്യ".

പണമുണ്ടായിട്ടും, ഒന്നുമില്ലെന്ന് അമ്മ പറഞ്ഞ തിൽ ഇന്നെനിക്കത്ഭുതമില്ല. അന്ന് ഞാൻ ശാഠ്യം പി ടിച്ചത് വിഫലമായി. ഞാനച്ഛനോടും അതിനെപ്പററി പറഞ്ഞു. അച്ഛൻ ഒരു പുഞ്ചിരിയോടെ അതു തള്ളിക്ക ളഞ്ഞു.

ഞാൻ പിന്നീടതിൽ അത്ര ശ്രദ്ധിച്ചില്ല. ഞാൻ ധാ രാളം ഭക്ഷണം കഴിച്ചും അവർ പഴങ്കഞ്ഞിയും പഴഞ്ചോ റും കഴിച്ചും വളൎന്നു.

ഞങ്ങളെല്ലാവരും സ്കൂളിൽ ഒന്നാംക്ലാസിൽ ചേൎന്നു. സീതയും മാധവിയും മററും ചില ദിവസങ്ങളിൽ ചെറി യ തോൎത്തുമുണ്ടു ചുററിയിട്ടാണ് സ്കൂളിൽ പോവുക. ഞാൻ ദിവസവും അലക്കിയ ഉടുപ്പുധരിച്ച് സ്കൂളിൽ പോകും. എനിക്കെന്നും ക്ലാസ്സിൽ ഒന്നാംസ്ഥാനമാണ്!

അഞ്ചാംക്ലാസു കഴിഞ്ഞതോടെ സീതയും മാധവി യും മാളുവും—എൻെറ മിക്ക കൂട്ടുകാരും—പഠിപ്പുനിൎത്തി.

“രണ്ടക്ഷരം പഠിഞ്ഞില്ലേ? എഴുതാനും വായിക്കാനും അറിയണം. അതുമതി. പുസ്തകം വാങ്ങണങ്കിൽ എത്ര പണം വേണം? വയററിൽ ദിവസോം എത്തിക്കാൻ ഉണ്ടായിട്ടു വേണ്ടേ സ്കൂളിൽ പഠിപ്പിയ്ക്കാൻ?” അതായിരുന്നു അവരുടെ വീട്ടുകാരുടെ വാക്കുകഠം.

അതു വാസ്തവവുമാണ്. എരിയുന്ന വയറുമായി ജീവിക്കുമ്പോഠം, പുസ്തകങ്ങഠം പണംകൊടുത്തുവാങ്ങി പഠിയ്ക്കാൻ അവക്കെങ്ങിനെ കഴിയും? കൂലിവേല ചെയ്തു ദിവസവൃത്തി കഴിക്കേണ്ടിവരുന്ന അവക്ക് പണം മിച്ചം വെക്കുവാൻ സാധിക്കുന്നതെങ്ങിനെയാണ്?

* * * *

സീതയുടേയും മാധവിയുടേയും വിവാഹം കഴിഞ്ഞു. അവർ വേഗത്തിൽ രണ്ടും മൂന്നും കുട്ടികളുടെ മാതാക്കളായി. സീതയുടെ ഭർത്താവു്, വലിയ വീട്ടുകളിൽ വിറകു വെട്ടും, തോട്ടം തേവലുമായി ചുരുങ്ങിയ കൂലിയിന്മേൽ ദിവസവൃത്തികഴിക്കുകയാണ്.

മാധവിയുടെ ഭർത്താവു് മദിരാശിയിലൊരു കാപ്പിക്കടയിൽ താണ ശമ്പളക്കാരനാണ്. മാസംതോറും അഞ്ചുറുപ്പിക അയാഠം അവഠംക്കയക്കും. ചിലവിനു തികയാതെ അവഠം കൂലിപ്പണി ചെയ്യാറുണ്ടു്.

മാളു കുറച്ചുകലെ ഒരു ധനികഗൃഹത്തിൽ വെപ്പുകാരിയായി കഴിയുകയാണ്. അവഠം അന്യഗൃഹത്തിലാണെങ്കിലും സുഖമായി കഴിയുകയാണ്. ശമ്പളം വീട്ടിലേക്കയച്ചു്, അവഠം രക്ഷിതാക്കന്മാരെ സഹായിക്കും.

സീതയുടെ രണ്ടു കുട്ടികൾക്കും ദീനമാണു്. നാലു വയസ്സായ കൃഷ്ണനു് മേലെല്ലാം ചിരങ്ങാണു്. ഇളയകുട്ടിയായ ജാനകിക്കു് ഗ്രഹണിയാണു്. എപ്പോഴും ശാഠ്യം പിടിച്ചു് കരയും. സീതയുടെ അമ്മ അവളെനോക്കി വീട്ടിലിരിക്കും. സീത എന്തെങ്കിലും കൂലിപ്പണിചെയ്തു്, ഭർത്താവിനോടൊപ്പം വല്ലതും സമ്പാദിക്കും. കൂലിപ്പണിയിൽക്കൂടി അവരുടെ ജീവിതം നീങ്ങുകയാണു്....

എൻെറ വീട്ടിൽ ഈയ്യിടെ ഉണ്ടായ പുരപ്പണിയിൽ സീത കല്ലു ചുമക്കാൻ കൂടി. ഘനമേറിയ കല്ലെടുത്തു നടക്കുമ്പോൾ, ഞാൻ മാളികയിൽ, ചാരുകസേലയിൽ കിടന്നു് എന്തെങ്കിലും പുസ്തകം വായിക്കും. അവളെ കാണുമ്പോൾ ഞാൻ ദയനീയമായൊന്നു ചിരിക്കും. അവൾ പകരം ആത്മാർത്ഥതയോടെ, കൃതാർത്ഥതയോടെ പുഞ്ചിരിതൂകും. അവൾ പണിയെടുത്തു ക്ഷീണിച്ചു് വീട്ടിൽചെന്നാൽ കുട്ടികൾ കരയുമ്പോൾ അവരോടു ശുണ്ഠിയെടുക്കും. അമ്മയുടെ വാത്സല്യമേറിയ ഒരു ചുംബനമേല്ക്കാൻകൂടി ആ കുട്ടികൾക്കു ഭാഗ്യമില്ല.

സ്വന്തം പ്രവൃത്തിയിൽക്കൂടി ജീവിതം നയിക്കുന്നതു് അഭിമാനകരമാണു്. പക്ഷെ....എൻെറ പാവപ്പെട്ട സഹോദരിമാർ ജീവിതത്തിലെ പരുപരുത്ത വശങ്ങൾ അനുഭവിച്ചു് കഠിനമായി ജോലിചെയ്തു് കഷ്ടപ്പെട്ടു ജീവിക്കുമ്പോൾ, എന്നെപ്പോലെയുള്ളവർ യാതൊരു പണിയും ചെയ്യാതെ പുസ്തകപാരായണംചെയ്തു് ജ്ഞാനസമ്പാദനത്തിൽ മാത്രം മുഴുകിയിരിക്കുന്നതു്, തികഞ്ഞ സ്വാർത്ഥതയല്ലേ....?

---

# 2. ഭാവിയെപ്പററി.

ഗൌരിയുടെ പ്രധാനചിന്താവിഷയം 'ഭാവി'യാണ്. ഭാവി എങ്ങിനെ, ഏതു വിധത്തിലാണ് വരിക? സവ്വക്കും അജ്ഞാതമായ ഭാവിയെ അവഠം കണ്ടുപിടിക്കുമെന്നു തോന്നും അവളുടെ ഭാവം കണ്ടാൽ...:........!

ഗൌരി അവിവാഹിതയാണ്. അമ്മയുടെ കൂടെയാണവഠം താമസിക്കുന്നതു്. അമ്മാമന്മാരും അമ്മായിമാരുമെല്ലാം കുറച്ചകലെയാണ് താമസം. അവളുടെ ആ ഗൃഹത്തിൽ അവഠംക്കും അമ്മക്കുമുള്ള ചിലവിന്നു് അവളുടെ അമ്മാമന്മാർ പണം കൊടുക്കും.

വിവാഹം അവഠംക്ക് ഭയമുളവാക്കുന്ന എന്തോ ആണ്! ഭാവിയെപ്പററിയുള്ള ചിന്തകഠം അവളെ നട്ടംതിരിപ്പിക്കുകയാണ്. മനസ്സിൽനിന്നു് ആ ചിന്തകളെ ഉന്മൂലനംചെയ്യാൻ ശ്രമിച്ചാലും അവ ഇത്തിക്കണ്ണികഠംപോലെ മാനസവൃക്ഷത്തിൽ പടരുകയാണ്! ഭാവിചിന്ത! അതവളെ അസ്വസ്ഥയാക്കി.

ഗൌരിയെ അധികവും വായനമുറിയിൽ പുസ്തകം വായിച്ചിരിക്കുന്നതായോ, ചിന്തകളിൽ മുഴുകിയിരിക്കുന്നതായോ കാണാം. ഇടക്ക് ഉമ്മറത്തൂണുംചാരി ഒരു ശിലാപ്രതിമപോലെ, കണ്ണുകഠം വിദൂരതയിലപ്പിച്ചിരിക്കുന്നതായി കാണാം. അടുക്കളപ്പണികളുടെ ഇടയിലും മനസ്സ് ഭാവിചിന്തകളിൽ വിഹരിക്കുകയാവും.

അമ്മക്ക് ദേഹത്തിന്നു സുഖമില്ലാത്ത ദിവസങ്ങളിൽ ഗൌരിയാണ് അടുക്കളപ്പണി ചെയ്യുവാൻ. ചോറ് വെന്തു ചീഞ്ഞാലും അവളറിയില്ല. കൂട്ടാനിൽ ഒന്നുകിൽ ഉപ്പേറിയെന്നും അല്ലെങ്കിൽ ഉപ്പിട്ടില്ലെന്നും വരും. ഇതെല്ലാം കണ്ടാൽ അവളുടെ അമ്മ ശാസിക്കും "എന്താ നിനക്കു ബോധമില്ലേ?".

അവൾ കാര്യം മനസ്സിലാക്കിയാൽ പറയും "ഓ. ഞാനത്ര വിചാരിച്ചില്ല. സാരമില്ല. അത്രയൊന്നുമില്ല"

ഗൌരിയുടെ ചിന്ത കണ്ടാൽ ചിലപ്പോൾ അവളുടെ അമ്മ സ്നേഹപൂർവ്വം ചോദിക്കും. "എന്താ നീയിങ്ങിനെ ആലോചിക്കുന്നത്?. ഇങ്ങിനെ ആലോചിച്ചാൽ ഭ്രാന്തു പിടിക്കും".

'ഭ്രാന്തുപിടിച്ചാൽ ഭാരമില്ല. എന്നാൽ ഈ ചിന്തകളിൽനിന്ന് രക്ഷനേടാമല്ലോ...........എന്റെീശ്വരാ.....!' അവൾ നെടുവീർപ്പിട്ട് ചിന്തിക്കും. എന്നാൽ അമ്മയോട് അവൾക്കിത്രമാത്രമേ പറയാൻ കഴിഞ്ഞുള്ളൂ.

"ഒന്നുമില്ലമ്മേ. ഈശ്വരന്റെ മായകളും ഈ അത്ഭുതപ്രപഞ്ചവും ഓർത്ത് ഞാനത്ഭുതപ്പെടുകയാണ്. അവയെപ്പററി ഞാൻ ചിന്തിക്കയാണ്."

അവൾ പറഞ്ഞത് നുണയല്ലെന്നവൾക്കു ബോദ്ധ്യമുണ്ട്. ഭൂതവും ഭാവിയുമെല്ലാം ഈശ്വരന്റെ മായയല്ലേ?....

അമ്മ മകളെ കാണുമ്പോഴാ ചിലപ്പോഴാ നടുങ്ങും. അമ്മ വിചാരിച്ചു. "അവളുടെ യോഗം! അല്ലെങ്കി എത്ര പെൺകുട്ട്യോളുടെ കല്യാണം കഴിഞ്ഞു! ഒന്നുമറിയാത്ത അവളെപ്പററി ആളുകഠം എന്തെല്ലാം പറഞ്ഞു! കുട്ട്യോര ടൊക്കെ കല്യാണം കഴിമ്പോഴാ അവഠംക്കും തോന്നാതി രിക്ക്യോ? അവളെ ഒരാഠംക്കേല്പിച്ചു കൊടുത്താലേ എ നിക്കു സമാധാനംള്ളു. ന്ട്ടെനിക്കു മരിക്കാൻ ഭാഗ്യംണ്ടാ വേ...,ൻെറ ഗുരുവായൂരപ്പാ....!"

മകളെ കാണിക്കാതെ, അവർ ഇടക്കെല്ലാം നിശ്ശ ബ്ദമായി കരയും. ഒരു ദിവസം ഗൌരിയതുകണ്ടു.

"എന്തിനാമ്മേ! കരേണത്?...." അവഠം ചോദിച്ചു.

"ഒന്നൂല്ല്യ മോളേ...."

"അതല്ല. അമ്മക്ക് ഒരു വിചാരംതൊടങ്ങീട്ട് കുറച്ചു ദിവസായി." ഗൌരി വിഷാദസ്വരത്തിൽ പറഞ്ഞു.

അമ്മയുടെ കണ്ണുകഠം നിറഞ്ഞു. ഗൌരി ആ കണ്ണുക ളിലേക്ക് സൂക്ഷിച്ചുനോക്കി.

"പറയൂ, അമ്മേ!" അതൊരു ശാസനയായിരുന്നു.

കുറച്ചു നേരം കഴിഞ്ഞപ്പോഴാ അമ്മ ദൃഢസ്വര ത്തിൽ പറഞ്ഞു. "നിന്നെ ഒരാഠംക്കേല്പിച്ചിട്ട്...."

"എന്തസംബന്ധമാണ് അമ്മ പറയുന്നത്?...." അവഠം ഇടയിൽക്കയറി ചോദിച്ചു. ആ സംസാരം നി ത്താൻ അവളാശിച്ചു.

അമ്മ തുടൻ്റു. "ഞാൻ ഇന്നോ നാളയോ മരിച്ചാൽ...."

"എന്തു്! അതൊന്നും ഇപ്പോ വിചാരിക്കണ്ട. അമ്മ ഇന്നും നാളേം ഒന്നും മരിക്കില്ല."

"ആക്കറിയാം, മോളേ?...."

"എനിക്കറിയാം" ഗൌരി ധൈര്യമായി പറഞ്ഞു.

"പിന്നെ....നിന്നെ ആരാ നോക്ക്വാ....?" അവരുടെ കണ്ണുകൾ നിറഞ്ഞു.

അമ്മ അതെല്ലാം വെറുതെ വിചാരിക്ക്യാ അമ്മാമന്മാരു് എന്നെ നോക്ക്ല്ല്യേ?...."

"അമ്മാമന്മാരു് എന്നും നിന്നെ നോക്ക്വോ?........"
ആത്മാർത്ഥമായ വേദന ആ വാക്കുകളിൽ സ്പഷ്ടമായി നിഴലിച്ചു.

"അമ്മാമന്മാരു് നോക്കില്ല്യെങ്കിൽ ഞാൻ പണിയെടുത്ത് കഴിഞ്ഞോളാം."

"നീ കല്യാണം കഴിക്കില്ലേ?..........." ആശങ്കയോടെ അവർ ചോദിച്ചു.

സ്വല്പനേരം മൂകയായി നിന്നശേഷം അവൾ പറഞ്ഞു. "തീർച്ചയാക്കീട്ടില്ല."

"തീർച്ചയാക്കൂ മോളെ. ഞാൻ വല്ല്യമ്മാമനോട്ട പറയട്ടെ?"

"വേണ്ട അമ്മെ. അമ്മാമനോട്ട പറയണ്ട.........."

ആ സംഭാഷണം രണ്ടുപേരുടേയും കരച്ചിലിൽ അവസാനിച്ചു.

സ്ലൂററംഫൈനൽക്ലാസിൽ പഠിക്കുന്ന കാലത്തെ ഒരു സംഭവമാണ് അവളെ ഈ നിലയിലെത്തിച്ചത്. ഹൃദയത്തെ നീറവുന്ന ഒരു സംഭവമായി ആ ഓമ്മ നിലനിന്നു.

ഒരു ദിവസം ഗൌരി വായനമുറിയിലിരുന്ന് പാഠങ്ങറം പഠിക്കുകയാണ്. അവളുടെ കുട്ടമ്മാമൻ അവളെ ഉറക്കെ വിളിച്ചു. പതിവുപോലെ അവറം നീട്ടി വിളികേട്ടുകൊണ്ട് അമ്മാമൻെറ അടുത്തുചെന്നു. അവറം പെട്ടെന്ന് ലജ്ജിച്ചു. അമ്മാമൻെറ കൂടെ അപരിചിതനായ ഒരാറം ഉണ്ടായിരുന്നു.

അമ്മാമൻ അവരെ അന്യോന്യം പരിചയപ്പെടുത്തി. "ഗൌരീ, നീ ഇദ്ദേഹത്തെ അറിയുമോ?"

ഗൌരി ലജ്ജയോടെ, മന്ദഹസിച്ചുനില്ക്കുന്ന അപരിചിതനെ നോക്കിപ്പറഞ്ഞു. "ഇല്യ."

"ഇദ്ദേഹം എൻെറ ഒരു ഫ്രൻഡാണ്. ബി. എസ്. സി. വരെ ഞങ്ങറം ഒന്നിച്ചു പഠിച്ചു. ഇപ്പോറം യം. ബി ബി. എസ്സ്. പാസ്സായി. പ്രാക്ടീസ് ചെയ്യുന്നു."

പിന്നീട് ഗൌരിയെ ചൂണ്ടി, അമ്മാമൻ സ്നേഹിതനോടു പറഞ്ഞു. "ഇവളാണ് ചേച്ചീടെ മകറം ഗൌരി. സ്ലൂററംഫൈനലിൽ പഠിക്കുന്നു."

തൻെറ അമ്മയോട്ട് അമ്മാമൻ എന്തോ സ്വകാര്യം പറയുന്നതായവഠംക്കുതോന്നി. അവളതൊന്നും ഗൌനിച്ചില്ല.

ഗൌരിയെ വിവാഹാത്ഥിയായ ശ്രീധരന്ന് നേരിട്ടു പരിചയപ്പെട്ടുത്തിയത്ത് അമ്മക്കിഷ്ടമായില്ല. അവർ ഗൌരിയുടെ അമ്മാമനെ ശാസിച്ചു. "ഇതെവിടുത്തെ സമ്പ്രദായാ, കുട്ടാ?"

"പുതിയ സമ്പ്രദായംന്നു വിചാരിച്ചാൽ മതി. പുറമെ ആരും അറിഞ്ഞിട്ടില്ലല്ലോ?"

പിറെറ ദിവസം സ്കൂളിൽ ചെന്നപ്പോഠം, അയൽക്കാരിയായ സുമയുടെ കുസൃതികഠം കാരണം, തൻെറ സഹപാഠികഠം തന്നെ ഗൂഢമായി പരിഹസിക്കുന്നതായി അവഠംക്കു തോന്നി.

"ഇനി നമുക്ക് അടുത്തൊരു സദ്യയുണ്ണാം. അല്ലേ ലതേ?" ശാരദ, ലതയെ തോണ്ടി ഗൌരിയെ നോക്കി അത്ഥവത്തായി ചിരിച്ചു.

"പിന്നെ?.............ക്ഷണിച്ചില്ലെങ്കിലും ഞാൻ പോവും........"ലതയാണതു പറഞ്ഞത്.

"ഏയ്........ഞാൻ ക്ഷണിച്ചില്ലെങ്കിൽ പോവില്ല." മീനാക്ഷി പറഞ്ഞു.

"പിന്നെ നമ്മളോടെല്ലാം മിണ്ടേ്വാ?"

"ഡോക്ടരല്ലേ ആള്? കാറും റേഡിയോവും എല്ലാം ഉണ്ടാവും.................."

എല്ലാവരും തന്നെനോക്കി, തന്നെ കേഠംപ്പിച്ചാണി ത്തു പറയുന്നതു്. ഇതിൻെറയത്ഥം? അവഠംക്ക മനസ്സിലായില്ല. അവഠം ഗൌരവം നടിച്ചിരുന്നു.

ലത പരിഭവസ്വരത്തിൽ ഗൌരിയോടു പറഞ്ഞു. "എന്താ ഗൌരീ, ഇപ്പോഠംത്തന്നെ മിണ്ടാതിരിക്കണം എന്നുണ്ടോ?...................."

ഗൌരി അമ്പരന്നു.

"എന്താ ലത പറയണു്? മിണ്ടാതിരിക്ക്യേ? ഞാനങ്ങനേ ണ്ടായിട്ടുണ്ടോ?........"

"ഇതുവരെ ഇല്ല........" ലത നിത്തി.

"ഇനിയെന്താ വിശേഷം? ഞാൻ നിങ്ങളെ മറക്കുംന്നു് തോന്നു്ണു്ണ്ടോ?"

"ഇപ്പോ തോന്നു്ണില്ല." ശാരദ പറഞ്ഞു.

"നിങ്ങളെന്തോ ഉള്ളിൽവെച്ചു പറയുന്നു. തുറന്നു പറയരുതേ?" ഒരു പരിഭവസ്വരത്തിലാണു് ഗൌരിയതു പറഞ്ഞതു്.

"ഓ. നീയറിഞ്ഞിട്ടു് ഞങ്ങളിൽനിന്നു കേക്കണം അല്ലേ? അമ്പടി കേമി! സൂത്രം തരക്കേടില്ല" മീനാക്ഷി കളിയാക്കി.

"എന്താണിതു് മീനു?" ഗൌരി മീനാക്ഷിയെ ഒന്നു ശാസിച്ചു.

മീനാക്ഷി ഗൌരിയെ വിളിച്ച് കുറച്ചകലെ കൊണ്ടു പോയി എന്തെല്ലാമോ ചെകിട്ടിൽ പറഞ്ഞു. ലജ്ജയും പരിഭ്രമവും അവൾക്കു തോന്നിയെങ്കിലും അവയെ നിയന്ത്രിച്ച് അവൾ പ്രസരിപ്പോടെ പറഞ്ഞു. "സുമ വീട്ടിലുള്ളതെല്ലാം ഒന്നിനെരട്ടി പറയും. അവളൂഹിച്ചതാണ്. അമ്മാമൻെറ സ്നേഹിതൻ വീടുകാണാൻ വന്നതാ..........."

"എന്നാൽകാണാം....." അതു് മീനാക്ഷിയുടെ ഒരു വീരവാദമായിരുന്നു. തനിക്കു തീർച്ചയായും ജയം സിദ്ധിക്കുമെന്ന ഉറപ്പോടെ മീനാക്ഷി പറഞ്ഞു. ഇതു നടന്നാൽ നീയെനിക്ക് ഒരുറുപ്പിക തരണം."

"ശരി" വെറുമൊരു വാശിയോടെ ഗൌരിയതു സമ്മതിച്ചു. "അല്ലെങ്കിലോ?"

"നിനക്കൊരുറുപ്പിക തരാം"

"ഓ."

പിന്നീടാണു് ആ സംഭവം നടന്നതു്.

ഗൌരി അരക്കൊല്ലപ്പരീക്ഷയിൽ, ക്ലാസ്സിൽ ഒന്നാമതായി മാർക്കുകൾ കരസ്ഥമാക്കി. ആൺകുട്ടികൾക്കൊരസൂയ! ഒരു പെൺകുട്ടി 'ഫസ്റ്റാ'വുകയൊ! അവർക്കതു വിശ്വസിക്കുവാൻ സാധിച്ചില്ല. അവർ അവളുടെ സൽപേരിന്നു് കളങ്കം വരുത്തുവാനൊരുമ്പെട്ടു.

ക്ലാസ്സുമാസ്റ്റർ സുമുഖനായൊരു ചെറുപ്പക്കാരനാണു്. ഗൌരിയുമായി അടുത്തസ്നേഹം പുലത്തുകകൊണ്ടു് മാർക്കധികമിട്ടു് ഫസ്റ്റായതാണെന്നു് അവരിൽ ചിലർ പറഞ്ഞു

പരത്തി. മാസ്റ്റരുടെ പേരും ഗൌരിയുടെപേരും ചേർത്ത് ബോർഡിൽ ചോക്കുകൊണ്ടെഴുതി. രാവിലെ മാസ്റ്റർ ക്ലാസ്സിൽ വന്നപ്പോഠം ആദ്യമായി ബോർഡിലേക്ക് അദ്ദേഹത്തിൻെറ കണ്ണുകഠം ചെന്നു. അദ്ദേഹം ഒരു നിമിഷം പകച്ചുനിന്നു. പിൻബെഞ്ചിൽ നിന്ന് ചിരി മുഴങ്ങി.

മാസ്റ്റരുടെ മുഖം വിളറി. എത്ര സഹനശക്തിയുള്ളവളായിട്ടും ഗൌരി അതു കണ്ടപ്പോഠം കരഞ്ഞുപോയി. മാസ്റ്റർ സഹതാപസമന്വിതം ഗൌരിയെനോക്കി. പിൻബെഞ്ചിലുള്ള, കുസൃതിത്തരങ്ങഠംക്കു പേരുകേട്ട അഞ്ചാറു കുട്ടികളോട് ബെഞ്ചിൽക്കയറിനില്ക്കാൻ പറഞ്ഞു. അവരിൽ ഒരാളെക്കൊണ്ടു ബോർഡു മായ്പിച്ചു. ആരാണിതെഴുതിയതെന്നു ചോദിച്ചതിന്ന് ആരും ഒന്നും പറഞ്ഞില്ല.

“ഇനി ഇങ്ങിനെകണ്ടാൽ....” മാസ്റ്റർ സകോപം പറഞ്ഞു. “ഹെഡ്മാസ്റ്ററോട്ട് പറയും....”

പിറെറ ദിവസം ബോർഡിൽ മാത്രമല്ല, വെള്ളപൂശിയ ചുമരിലും ചുകന്ന ചായംകൊണ്ട് ‘ഗൌരീരാജൻ’ എന്ന് വലിയ അക്ഷരത്തിലെഴുതി.

രാജൻമാസ്റ്റർ ഹെഡ്മാസ്റ്ററുടെ അടുക്കൽ ആവലാതി പറഞ്ഞു. അദ്ദേഹം ചില കുട്ടികഠംക്കെല്ലാം ചൂരൽകൊണ്ട് സമ്മാനം കൊടുത്തു ചുമർ വീണ്ടും വെള്ളയടിച്ചു.

എന്നിട്ടും നിന്നില്ല. ക്ലാസുമുറിവിട്ട് ‘ബാത്ത്റൂം’ ചുമരിൽ എഴുതിത്തുടങ്ങി. സഹതാപപൂർവ്വം ഗൌരിയെ

നോക്കുവാനല്ലാതെ, ആശ്വസിപ്പിക്കാൻ ആരും ഒരുമ്പെട്ടില്ല. ഗൌരി തൻെറ ദുർവ്വിധിയെ പഴിച്ചു.

അമ്മാമന്മാരറിഞ്ഞാൽ....അവഠം ഭയപ്പെട്ടു. ഒരു ഗുരുനാഥൻ എന്ന നിലയിൽ ബഹുമാനിക്കുകയല്ലാതെ, അതിലധികം വിചാരിക്കാൻപോലും അവഠം അധൈര്യപ്പെട്ടു. കഷ്ടം! മനുഷ്യർക്കിത്ര നിർദ്ദയത്വമോ? മാസ്റ്ററെ ബഹുമാനിക്കുന്ന ഗൌരിക്ക്, രാജൻമാസ്റ്റർ തൻെറ കാമുകനാണെന്നു് കെട്ടിച്ചമച്ചുണ്ടാക്കിയ കുട്ടികളോടു് സഹതാപംതോന്നി. എന്നാൽ ആ സഹതാപത്തോടൊപ്പം അവഠംക്ക് ഭാവിയെപ്പററി ചിന്തിക്കേണ്ടിവന്നു.

സ്ത്രീകഠം അപവാദത്തിന്നിരയായാൽ അതിൽനിന്നു മുക്തിനേടാൻ പ്രയാസമാണെന്ന ഭയങ്കരസത്യം അവളെ അസ്വസ്ഥയാക്കി. ഇല്ലാത്ത സംഭവം ഉണ്ടെന്നു സ്ഥാപിക്കുന്ന ലോകം—അവളതിനെ ഭയപ്പെട്ടു.

മാസ്റ്റർ തന്നെ സസൂക്ഷ്മം നോക്കുന്നതും, തൻെറ നടപടികഠം സൂക്ഷിക്കുന്നതും കാണാറുണ്ടെന്നായി കൂട്ടുകാരികളുടെ പിറുപിറുപ്പുകഠം! ആ പ്രസ്താവം മീനാക്ഷി അവഠംക്കു പറഞ്ഞുകൊടുത്തു.

ഗൌരിയുടെ ഹൃദയം ഉമിത്തീപോലെ നീറി. ഏതോ ചില കുസൃതിക്കുട്ടികഠം, എന്തെങ്കിലും എഴുതിയതു പോകട്ടെ. തൻെറ കൂട്ടുകാരികഠംകൂടി അതു വിശ്വസിക്കുന്നു എന്നു കേട്ടപ്പോഠം അവഠം ഞെട്ടി. സ്കൂളിൽ വന്നാലും വീട്ടിൽ പോയാലും അവളുടെ ഹൃദയം വ്യാകുല

KOTTAYAM PUBLIC LIBRARY KOTTAYAM
DISTRIBUTING LIBRARY KOTTAYAM
No.......................
81501

പ്പെട്ടുകൊണ്ടിരുന്നു. സദാ പ്രസന്നമുഖിയായ അവളുടെ വദനം കാർമേഘത്തിനുള്ളിൽപ്പെട്ട ചന്ദ്രനെപ്പോലെ നിരുന്മേഷമായി.

അവഠംക്ക് മാസ്റ്ററോട്ട് സംസാരിക്കാൻ സങ്കോചം തോന്നിത്തുടങ്ങി. അത് സഹപാഠികളുടെ സംസാരത്തിന്ന് വളമായി. മാസ്റ്റർ ഗൌരിയോടെന്തെങ്കിലും ചോദ്യം ചോദിച്ചാൽ ക്ലാസിൽനിന്ന് ഒരു കൂട്ടച്ചിരി കേഠംക്കാം!

മാസ്റ്റർ ധൈര്യവാനായിരുന്നുവെങ്കിലും അദ്ദേഹത്തിന്നുമുണ്ടായി ഒരു ദൌർബ്ബല്യം! ഈ സംഭവം കഴിഞ്ഞതുമുതൽ, എത്ര നിയന്ത്രിച്ചിട്ടും അദ്ദേഹത്തിന്ന് ഗൌരിയോട്ട് ഒരു പ്രത്യേകസ്നേഹം തോന്നിയിരുന്നു. പുറമേക്കു കാണിക്കാതെ ആ സ്നേഹം ഹൃദയാന്തർഭാഗത്തു നിക്ഷേപിച്ചു.

ഒരു ദിവസം ഗൌരി വീട്ടിൽ ചെന്നപ്പോഠം അവളുടെ വലിയമ്മാമൻ അവിടെ ഉണ്ടായിരുന്നു. നിരുന്മേഷയായി, താഴെനോക്കി നടന്നിരുന്ന ഗൌരിയെ അമ്മാമൻ ഉററുനോക്കി. ഗൌരിയെ അക്ഷമനായി കാത്തിരുന്ന അദ്ദേഹം പൂമുഖത്തെത്തി. ഗൌരി ഒന്നു ഞെട്ടി.

അമ്മാമന്മാർ അന്നാട്ടിൽ വന്നാൽ തൻെറ വർത്തമാനമാണ് നാട്ടുകാർ അവക്കാദ്യം നല്കുക എന്നവഠംക്കറിയാം.

“ഗൌരീ....!” കോപം മുഴുത്ത് അമ്മാമൻ വിളിച്ചു.

അവളവിടെത്തന്നെ ശകാരം കേഠക്കാൻ തെയ്യാറായി നിന്നു.

"നീയെന്തെല്ലാം തെമ്മാടിത്തങ്ങളാണു കാട്ടുന്നതു്? ഞങ്ങളിവിടെ ഇല്ലാഞ്ഞിട്ടാണൊ ഇത്ര ധിക്കാരം?...."

അമ്മാമൻ ദേഷ്യംകൊണ്ടു് വായിൽത്തോന്നിയതെല്ലാം വിളിച്ചുപറഞ്ഞു. സഹോദരൻെറ, പതിവിന്നു വിപരീതമായുള്ള ഉയൎന്ന സ്വരം കേട്ടു് ഗൌരിയുടെ അമ്മ പുറത്തു വന്നു. അവരമ്പരന്നു. ഗൌരിയുടെ തേങ്ങിക്കരച്ചിൽ കണ്ടപ്പോഠം അവരുടെ അമ്പരപ്പു് പരിഭ്രമമായി മാറി.

"എന്താണിതു്? അവളെന്തു കുററം ചെയ്തു?" ആ അമ്മ സവ്യസനം ചോദിച്ചു.

"തറവാട്ടു് കേടുവരുത്തീന്നേള്ളു...." മരുമകളോടുള്ള ദേഷ്യം സഹോദരിയോടായി. സഹോദരിയുടെ നേരെ തിരിഞ്ഞു് അദ്ദേഹം പറഞ്ഞു. "ലാളിച്ചതിൻെറ ഫലം നമുക്കനുഭവിക്കാം."

"എന്താ മാധവാ! കാൎയ്യം പറയ്...." ഗൌരിയുടെ അമ്മ തൊണ്ടയിടറിപ്പറഞ്ഞു.

"എന്തിനാ ചേച്ചി അതു കേക്കണതു്? കേക്കാതിരിക്ക്യാ ഭേദം...."

"എന്നാലും പറയ്. അവളുടെ കാൎയ്യം എനിക്കു കേക്കണം...."

“അവളും അവളുടൊരു മാഷും!” അമ്മാമൻ ദേഷ്യം കൊണ്ട് പല്ലുകടിച്ചു.

“ഗൌരീ, നാളെ മുതൽ നീ സ്കൂളിൽ പോകരുത്. പരീക്ഷയ്ക്കു പോകാവൂ....” ആ ആജ്ഞയും നല്കി അമ്മാമൻ പുറത്തേക്കിറങ്ങിപ്പോയി.

ഗൌരി എന്തോ പറയാൻ ഭാവിച്ചു. വാക്കുകൾ അവിടെത്തന്നെ തങ്ങിനിന്നു. തേങ്ങിക്കരഞ്ഞുകൊണ്ട് അവൾ തൻെറ മുറിയിലേക്കു പോയി. അമ്മയും അവളെ അനുഗമിച്ചു.

“ഗൌരീ, പറയ്. എന്താണുണ്ടായത്?” അമ്മ സ്നേഹപൂർവ്വം ചോദിച്ചു.

കുറെ നേരത്തെ മൌനത്തിനുശേഷം അവൾ അമ്മയോട് എല്ലാം പറഞ്ഞു. അമ്മയുടെ ഹൃദയം നീറി. നാട്ടുകാരെല്ലാം അറിഞ്ഞിരുന്നിട്ടും അവരന്നാണ് ആ വാർത്ത ആദ്യമായറിഞ്ഞത്.

ഗൌരി നുണപറയില്ലെന്നവർക്കു ബോദ്ധ്യമുണ്ട്. പിന്നെ നാട്ടുകാർ പറയുന്നതിൻെറ അർത്ഥമെന്ത്? അവർ കുഴങ്ങി.

“ഗൌരീ, സത്യം പറയ്. ഇനി കുട്ടൻ വന്നാൽ മാധവനേക്കാൾ ദേഷ്യപ്പെടും....” അമ്മ പറഞ്ഞു.

“വല്ല കുട്ടികളും എന്തെങ്കിലും എഴുതിയാൽ ഞാനെന്തുപിഴച്ചു, അമ്മേ?”

ഇതെഴുതിയത് നീയാദ്യംതന്നെ അമ്മാമമനോടു പറയാഞ്ഞില്ലേ? നീയതു് മറച്ചുവെക്ക്വാണെന്നല്ലേ ഇപ്പോ തോന്ന്വാ.....!"

പിന്നീട് ഗൌരിയുടെ കുട്ടമ്മാമൻ വന്നിട്ടും അവളെ കുറെ ശാസിച്ചു. അദ്ദേഹത്തിൻെറ സ്നേഹിതനായ ഡോക്ടർ ഈ വിവരം കേട്ടുകേൾപ്പിച്ചു അറിഞ്ഞു. ഇത്തരം കുടിലപ്രവൃത്തികളുടെ ഉടമസ്ഥയാണു് ഗൌരി എന്നറിഞ്ഞപ്പോൾ അദ്ദേഹം ആ ആലോചന നിരസിച്ചു. വേറെ വിവാഹം ചെയ്തു.

ഗൌരിക്കറിയാമായിരുന്നു, താനും ഡോക്ടരും തമ്മിലുള്ള വിവാഹം ആലോചിക്കുന്നുണ്ടെന്നു്. ഡോക്ടർ വേറെ വിവാഹം കഴിച്ചപ്പോൾ അവൾ മനസ്സിലാക്കി, തൻെറ പേരിലുള്ള അവാസ്തവപ്രസ്താവം തന്നിക്കു ചുറവുമുള്ള ചുരുങ്ങിയ ലോകം അറിഞ്ഞുവെന്നു്!

അവൾ പരീക്ഷക്കുപോയി ജയിച്ചു. ഗൌരിയെപ്പററിയുള്ള അപവാദപ്രസ്താവം കുറഞ്ഞുതുടങ്ങി. നാട്ടുകാൎക്ക് പുതിയ വിഷയങ്ങൾ കിട്ടി! ഗൌരിക്ക് തുടൎന്നു പഠിക്കാൻ ആഗ്രഹമുണ്ടായി. അവളുടെ അമ്മാമന്മാർ അതിന്നു സമ്മതിച്ചില്ല. ഇതിലും വലിയ അപവാദങ്ങൾ മരുമകളിൽ ആരോപിച്ചാൽ തങ്ങൾക്കുമുണ്ടു് അഭിമാനക്ഷയം!

രാജൻമാസ്റ്റർ ഗൌരിക്ക് ഗൂഢമായി ഒരു കത്തെഴുതി. താൻ ജാതീയമായും സാമ്പത്തികമായും അല്പം പിന്നിലാണെങ്കിലും ഗൌരിക്ക് സമ്മതമാണെങ്കിൽ വിവാഹം

കഴിക്കാൻ തെയ്യാറാണെന്നും, അമ്മാമന്മാരെ കൂസാതെ തൻെറ അഭീഷ്ടത്തിന്നു വഴങ്ങുകയാണെങ്കിൽ എന്നും നിലനില്ക്കുന്ന അപവാദവ്രണം ഉണങ്ങുമെന്നും എഴുതി.

"വേണ്ട." അവളാലോചിച്ചു. "ഇന്നുവരെ ലോകത്തിന്നുമുമ്പിൽ അപരാധിനിയാണെങ്കിലും ഈശ്വരൻേറയും മനസ്സാക്ഷിയുടേയും മുമ്പിൽ ഞാനപരാധിനിയല്ല. അമ്മാമന്മാക്കിഷ്ടമാവില്ല, അതു്. അവരുടെ അപ്രീതി സമ്പാദിച്ചു്, കാര്യവും സാധിച്ചില്ലെങ്കിൽ നിരാശയാവും ഫലം. ഇതുവരെ ഞാനദ്ദേഹത്തെ ഗുരുനാഥനായി കരുതി. ഇനിയും അങ്ങിനെത്തന്നെയാവട്ടെ."

അവാം ആ കത്തിന്നു് മറുപടി അയച്ചില്ല. താമസിയാതെ മാസ്റ്ററുടെ വിവാഹം കഴിഞ്ഞു.

നാട്ടുകാക്ക് ഗൌരിയുടെ നിരപരാധിത്വം തെളിഞ്ഞു. എങ്കിലും അവർ ഗൌരി തികച്ചും നിരപരാധിനിയാണെന്നു വകവെച്ചുകൊടുപ്പാൻ തെയ്യാറായില്ല.

ഗൌരിയുടെ ഹൃദയം അസ്വസ്ഥചിന്തകളാൽ വേദനിച്ചിരുന്നു. സദാസമയത്തും ഹൃദയം നീറുന്ന ചിന്ത!

അമ്മ അവളെ ഈ നിലയിൽ കാൺമാനിഷ്ടപ്പെട്ടില്ല. ഇങ്ങിനെ അവസാനമില്ലാത്ത ചിന്തയുമായിക്കഴിഞ്ഞാൽ അവാക്കു് ഭ്രാന്തു പിടിക്കുമോ എന്നുകൂടി അവർ ഭയപ്പെട്ടു. വിവാഹം കഴിഞ്ഞു് ഒരു നല്ല നിലയിലെത്തിയാൽ അവളുടെ സ്ഥിതി നന്നാവും എന്നു് ആ അമ്മ

വിശ്വസിച്ചു. എന്നാൽ.... അവളുമായുള്ള വിവാഹത്തിന്നു് ആരും തെയ്യാറായില്ല. അമ്മാമന്മാർ വിഷമിച്ചു. മരുമകഠംക്കു് ഒരു വരനെ വിവാഹപ്രായമായിട്ടും കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ പോരായ്മയല്ലേ?....

അവളുടെ അമ്മ ഇടക്കു് ആശ്വസിക്കും. "യോഗം വരുമ്പളല്ലേ സാധിക്കു! അവളുടെ യോഗം ഇങ്ങനേരിക്കും!" അവർ ഈശ്വരപ്രീതിക്കായി ധാരാളം വഴിവാടുകഠം കഴിച്ചു.

കുറച്ചു ദിവസത്തിന്നുശേഷം അവളുടെ കുട്ടമ്മാമൻ ഒരു വരനെ തേടിപ്പിടിച്ചു് കൊണ്ടുവന്നു.

ഗൌരി വരനെ കാണാൻ കൂട്ടാക്കിയില്ല. "എനിക്കു വിവാഹം വേണ്ട...." അവഠം വാശിപിടിച്ചു.

അവളുടെ അമ്മ സാന്ത്വനവചനങ്ങളാൽ അവളെ നേർവഴിക്കു തിരിക്കാൻ ശ്രമിച്ചു. "മോളെ, എല്ലാം അതാതു പ്രായത്തിൽ വേണ്ടേ?...."

അമ്മയോടുപോലും അവഠംക്കു് ദേഷ്യം തോന്നി. തന്റെ വിവരം അറിയാത്ത ഏതോ ഒരു പാവം വന്നിരിക്കുന്നു! വിവാഹദിവസം ആ സംഗതി അറിയാൻ ഇട വന്നെങ്കിൽ എന്തായിരിക്കും സ്ഥിതി? തന്നെ വെറുക്കും. തീച്ചയാണ്. വാസ്തവമല്ലെങ്കിലും അവരതു വിശ്വസിക്കും. എന്തിനവരെ അറിയിക്കാതെ വിവാഹം നടത്തുന്നു? അതവരെ ചതിക്കുകയല്ലേ?..............

രണ്ടു കൂട്ടക്കും സമ്മതമല്ലെങ്കിൽ ആ വിവാഹം ശുഭമായിരിക്കയില്ല.

"ഞാനൊരിക്കലും വിവാഹിതയായില്ലെങ്കിൽ ....... അവളാഗ്രഹിച്ചു. പക്ഷെ ആ പ്രശ്നവും അവളെ കുഴക്കി. അമ്മ ചുരുങ്ങിയതു പത്തുകൊല്ലംകൂടി ജീവിച്ചിരിക്കുമായിരിക്കും. പിന്നെ?.......ആ ചോദ്യത്തിന്നു മുമ്പിൽ അവൾ ഭയന്നു ചൂളി. അമ്മാമന്മാർ തങ്ങളുടെ ഭാൎയ്യമാരോടുകൂടി സസുഖം ജീവിക്കും. പറഞ്ഞതു കൂട്ടാക്കാത്തവളായ തൻെറ ഭാവിയോ?...............

അജ്ഞാതമായ ഭാവിയെപ്പററി ചിന്തിക്കുംതോറും അവൾക്കു ഭ്രാന്തു പിടിക്കുന്നതായി തോന്നി. അവിവാഹിതയായി ജീവിക്കാൻ, തൻെറ സഹപാഠികളുടെ ക്രൂരമായ ആക്ഷേപങ്ങൾക്കു മറുപടികൊടുപ്പാൻ അവളാശിച്ചു.

ഉപജീവനത്തിന്നു് യാതൊരു മാൎഗ്ഗവുമില്ലാതെ, അമ്മാമന്മാരെ എതിൎത്തു നിന്നാൽ എന്തായിരിക്കും ഫലം? ...........അവൾ നടുങ്ങി.

"ഗൌരീ...........!" അമ്മാമൻെറ ഞെട്ടിക്കുന്ന വിളി കേട്ടു്, ഗൌരി എന്തോ ഉറച്ചു് അടുത്തു ചെന്നു.

"ഗൌരീ, ഞാൻ പറഞ്ഞതനുസരിച്ചോ. ഇല്ലെങ്കിൽ ഇനിമുതൽ നിൻെറ കാൎയ്യം എനിക്കില്ല. ഞാൻ തീൎത്തുപറയുന്നു. വെറുതെ പലതും ചിന്തിച്ചു് മനസ്സിനെ വിഷമിപ്പിക്കണ്ട. എന്താ?..............."

ഗൌരി തല താഴ്ത്തി നിന്നു.

"നിനക്കു സമ്മതാണോ? ഇല്ലെങ്കിൽ..........." അവളുടെ അമ്മാമന്റെ മുഖം ദേഷ്യംകൊണ്ട് ചുകന്നു.

അവൾ തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു. "എനിക്ക് സമ്മതാണ്."

അമ്മാമന്റെ മുഖം പ്രസന്നമായി. ഗൌരിയുടെ അമ്മ അവളെ മാറോടണച്ചു.

# 3 മടിയിൽ വെച്ച്.

മീനാക്ഷിയുടെ വീട് വളരെ പുരാതനമായതാണ്. ഒരു വീടും ഒരു ചെറിയ വളപ്പുമല്ലാതെ അവക്ക് യാതൊന്നുമില്ല.

അവരുടെ അമ്മാമനും രക്ഷിതാവുമായിരുന്ന കോമൻനായർ മരിക്കുമ്പോഠം മീനാക്ഷി പൂർണ്ണഗർഭിണിയായിരുന്നു. അന്ന് അവക്കു ഇരുപതു വയസ്സു പ്രായമാണ്. മരുമകളെ സാമാന്യം ഭേദപ്പെട്ട ഒരാഠംക്ക് വിവാഹം കഴിച്ചു കൊടുക്കുവാൻ ആ മാതുലൻ ആഗ്രഹിച്ചിരിക്കെയാണ് അവഠം ഗർഭിണിയായ വിവരം അയാളറിഞ്ഞത്.

അയാഠംക്ക് വ്യസനവും കോപവും ഉണ്ടായി. അയാഠം കഠിനസ്വരത്തിൽ ഗർജ്ജിച്ചു "എടീ, നീയെന്റെ തറവാടിന്റെ മാനം കെടുത്തീല്ലേ്യ?........... എന്തിനാ ഇനി ഞാൻ ജീവിക്ക്ണ്?........"

അതു വാസ്തവമായിരുന്നു. ആ വീട്ടിൽ കീഴ്ക്കടെ അങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടില്ല. മീനാക്ഷിക്കും അതറിയാം. അവഠം പശ്ചാത്തപിച്ചു. എന്നിട്ടെന്തുകാൎയ്യം? എല്ലാം സംഭവിച്ചില്ലെ?...............

മീനാക്ഷി ഗർഭിണിയാണെന്നറിഞ്ഞതുമുതൽ കോമൻനായർ അധികവും വീട്ടിൽ വരാതായി. ഒരു വലിയ ഗൃഹത്തിലെ കാൎയ്യസ്ഥനായിരുന്നയാഠം അവിടുത്തെ കാൎയ്യസ്ഥതകളുമായി കഴിഞ്ഞു.

ഒരു ദിവസം കോമൻനായർ വീട്ടിൽ വന്ന് മീനാക്ഷിയോടു പറഞ്ഞു "മീനാക്ഷീ, ഉള്ളതു പറഞ്ഞോ.......... ആരാണ് നിൻെറ ഗഭത്തിന്നുത്തരവാദി?..........."

മീനാക്ഷി തലതാഴ്ത്തി നിന്നു. അവളുടെ കണ്ണുകഠം നിറഞ്ഞു. അമ്മാമൻ ചോദ്യം ആവത്തിച്ചുകൊണ്ടിരുന്നുവെങ്കിലും അവഠം മൌനം ഭഞ്ജിച്ചില്ല.

"പറയെടീ..................നിൻെറ നാവെറങ്ങിപ്പോയോ?..............."

"അമ്മാമൻ ദേഷ്യപ്പെടരുത്. ഞാനതു പറയില്ല ..............." ഇടറിയ സ്വരത്തിൽ അവഠം പറഞ്ഞു.

"പറയില്ലേ?..........ഞാൻ പറയിക്കാം............." കലിതുള്ളിക്കൊണ്ടയാഠം അവളെ കണക്കിനു പ്രഹരിച്ചു. അമ്മാമൻെറ കാലു പിടിച്ച് കരഞ്ഞുകൊണ്ടവഠം അപേക്ഷിച്ചു.

"എന്നെ നിർബ്ബന്ധിക്കരുത്..............ഞാൻ പറയില്ല."

കോപവും ദുഃഖവും അയാളെ ഒന്നിച്ചു മഥിച്ചു. നെഞ്ഞത്തു കൈവെച്ചുകൊണ്ടയാഠം വിലപിച്ചു "എൻെറ പരദേവതേ! എൻെറ മാനംപോയീലോ!....ഇനി എന്തിനാ ജീവിച്ചിരിക്കണ്....." തിരിഞ്ഞുനോക്കാതെ അയാഠം പടി കടന്നു.

പിറേറദിവസം രാവിലെ എഴുന്നേററപ്പോഠം അമ്മാമൻ തൂങ്ങിമരിച്ച വാർത്തയാണ് മീനാക്ഷി കേട്ടത്. പോലീസുകാർ വീട്ടിൽ വന്ന് അവളെ ചോദ്യം ചെയ്തു. അവഠം പൊട്ടിക്കരഞ്ഞുകൊണ്ട് തലേദിവസം നടന്ന സംഭവം പറഞ്ഞു. ശവം പോസ്റ്റ്മാർട്ടത്തിന്നു കൊണ്ടുപോയി.

അവഠം ഹൃദയംഗമമായി പ്രാർത്ഥിച്ചു. "അമ്മാമാ, എന്നെ ശപിക്കരുതേ!....അദ്ദേഹത്തിൻെറ ആഭിജാത്യത്തിന്ന് കുറവു വരുത്തരുതെന്നു വിചാരിച്ചാണ് ഞാൻ പറയാഞ്ഞത്...."

അയൽവീട്ടുകാരെല്ലാം മീനാക്ഷിയെ വെറുത്തു. "അമ്മാമനെ കൊന്ന ദുഷ്ട...." എന്ന് പരസ്യമായി പറയാനും ആളുകഠം മടിച്ചില്ല.

അധികം താമസിയാതെ മീനാക്ഷി പ്രസവിച്ചു. ഓമനത്തം തുളുമ്പുന്ന ഒരു പെൺകുട്ടി! ഡോക്ടരെ കൊണ്ടുവരുവാനും മററു പ്രസവശുശ്രൂഷകഠംക്കും എങ്ങിനെ പണമുണ്ടായി എന്നെല്ലാവക്കും അത്ഭുതമായി. അയൽവീട്ടുകാരിയായ ഒരു വൃദ്ധ അവളെ ഗൃഹജോലികഠംക്കും മററും സഹായിച്ചു.

പ്രസവിച്ചെഴുന്നേററപ്പോഠം വൃദ്ധ മീനാക്ഷിയോട് സ്വകാര്യമായി ചോദിച്ചു. "മോളേ, കുട്ടീടെ അച്ഛനാരാ? നീയെന്നോട് പറയ്....ഞാനാരോടും പറയില്ല...."

ആപൽഘട്ടത്തിൽ തന്നെ സഹായിച്ച ആ വൃദ്ധയോട് സത്യം പറയാനും നുണ പറയാനും കഴിയാതെ മീ

നാക്ഷി കുഴങ്ങി. വൃദ്ധ വീണ്ടും മീനാക്ഷിയെ തിരക്കിയപ്പോൾ അവൾ കണ്ണുനീരോടെ പറഞ്ഞു. "മുത്തശ്ശീ, അതുമാത്രം ചോദിക്കരുത്. എനിക്കതുമാത്രം പറയാൻ നിവൃത്തീല്ല്യ....."

തള്ള പരിഭവിച്ച് ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി. അതു കണ്ടപ്പോൾ മീനാക്ഷിയുടെ ഹൃദയം പൊട്ടി. പക്ഷെ, ആ രഹസ്യം പറയാനൊക്കുമോ?....

*          *          *          *

തൊട്ടടുത്തുള്ള ആ ധനികഗൃഹത്തിൽ മീനാക്ഷിയെ അടുക്കളപ്പണിക്കു നിയമിച്ചു. അവളുടെ കുട്ടി വിമലയും അവിടെത്തന്നെ വളർന്നു. വിമലക്കിപ്പോൾ ഏഴു വയസ്സു കഴിഞ്ഞു. ആ വീട്ടിലെ കുട്ടികളോടൊപ്പം അവളും സ്കൂളിൽ പോയിക്കൊണ്ടിരുന്നു.

ഒരു ദിവസം കരഞ്ഞുകൊണ്ടാണ് വിമല സ്കൂളിൽനിന്നും വന്നത്. മീനാക്ഷി തൻെറ ഓമനമകളെ വാരിയണച്ച് ഉൽക്കണ്ഠയോടെ ചോദിച്ചു. എന്തിനാ മോളേ കരേണതു്? മാഷടിച്ച്വോ?................"

"അമ്മേ, എനിക്കച്ഛനില്ലേ?..................."

മീനാക്ഷി ഞെട്ടി. അപ്രതീക്ഷിതമായിരുന്നു ആ ചോദ്യം. അവൾ വിഷാദമൂകയായി മകളുടെ മുഖത്തു നോക്കി.

"അമ്മേ, പറയൂ. അച്ഛനെവിട്യാ?..........." അമ്മയുടെ വസ്ത്രാഞ്ചലം പിടിച്ചുകൊണ്ട് വിമല കരഞ്ഞു.

മീനാക്ഷിയുടെ നയനങ്ങളിൽനിന്നും ചൂടേറിയ ബാഷ്പം മകളുടെ മൂൎദ്ധാവിൽ അടൎന്നുവീണു. അവൾ കണ്ണുനീർ തുടച്ചുകൊണ്ട് ഗൽഗദത്തോടെ പറഞ്ഞു. "മോളേ, നിനക്കച്ഛനില്ല............"

അമ്മയും മകളും കെട്ടിപ്പിടിച്ച് കുറെനേരം കരഞ്ഞു. അല്പനേരത്തിനുശേഷം വിമല പറഞ്ഞു. "അമ്മെ, ലീലേം മാധവീം അവരുടെ അച്ഛനെപ്പററി പറഞ്ഞു. ലീലടെ അച്ഛൻ പാലക്കാട്ടാണത്രെ. വീട്ടിലേക്ക് വരുമ്പോ പട്ടുടുപ്പും ബിസ്കറവും കൊണ്ടുവരും. മാധവീടെ അച്ഛൻ അവളെ സിനിമക്ക് കൊണ്ടോവും. മാലതീടെ അച്ഛൻ മദിരാശീലാ. മാലതി എന്നോട് എൻെറച്ഛനെവടാന്നു ചോദിച്ചു. ഞാനച്ഛനെ കണ്ടിട്ട്ല്യാന്നു പറഞ്ഞു. അപ്പോ ലീല ചോദിച്ചു 'എങ്ങന്യാ കാണ്വാ?...............വിമലക്കച്ഛൻണ്ടോ?' ന്ന് അമ്മേ, എല്ലാ കുട്ട്യോളും ഉറക്കെ ചിരിച്ചു. എനിക്കു വല്ലാതെ കരച്ചിൽവന്നു."

മീനാക്ഷി ഒന്നു നെടുവീൎപ്പിട്ടു.

"അമ്മേ, അച്ഛൻ എവട്യാ?..........പറയൂ........എനിക്കു നാളെ ലീലയോടു പറയണം."

ഉത്തരംപറയാൻ സാധിക്കാത്ത ഒരു ചോദ്യമാണ് മകൾ ചോദിച്ചതു്. എന്താണ് മറുപടി പറയുക?.

"അമ്മേ, എൻെറച്ഛൻെറ വീടേതാ?................"

“വിമലേ, നീയൊന്നു മിണ്ടാതിരിക്കു. ലീലോട് നിനക്കിച്ചുനില്ലെന്നു പറഞ്ഞേക്ക്.” ദുഃഖമടക്കി, ഗൽഗദസ്വരത്തിൽ മീനാക്ഷി പറഞ്ഞു.

അമ്മയുടെ ഭാവപ്പകച്ച്യയിൽ മകഠം അമ്പരന്നു. അവഠം പിന്നീടൊന്നും ചോദിച്ചില്ല.

പിറെറ ദിവസം ലീല ചോദിച്ചപ്പോഠം വിമല തല താഴ്ത്തിക്കൊണ്ടു പറഞ്ഞു.

“എനിക്കച്ഛനില്ല”

“പിന്നെങ്ങിനേ കുട്ടി ജനിച്ചേ?....”

ആ കൊച്ചുകുട്ടിക്കറിഞ്ഞുകൂടാ, താനെങ്ങിനെ ജനിച്ചുഎന്ന്. കൂട്ടുകാരെല്ലാം പല ചോദ്യങ്ങളുംകൊണ്ടവളെ സമീപിച്ചു. അവഠം ഒഴിഞ്ഞുമാറി. മററുള്ളവരെല്ലാം പൊട്ടിച്ചിരിച്ചു.

വിമലയുടെ ഉത്സാഹം തീരെ നശിച്ചു. അവഠംക്ക് കൂട്ടുകാരില്ലാതായി. അമ്മയോടവഠംക്ക് പലതും ചോദിക്കാനുണ്ടായിരുന്നു. ചോദിക്കുവാനവഠംക്ക് ഭയം തോന്നി. നീറുന്ന ഹൃദയവുമായി അവഠം ദിവസം കഴിച്ചു.

പ്രസരിപ്പും തൻേറടവും കളിയാടിയിരുന്ന അവളുടെ വദനത്തിൽ വിഷാദത്തിൻെറ നേരിയ അലകഠം പ്രത്യക്ഷപ്പെട്ടു. മണിക്കിലുക്കംപോലുള്ള അവളുടെ പൊട്ടിച്ചിരി കേഠംക്കാതായി.

"വിമലേ, നീ വല്ലാതെ മെലിഞ്ഞുപോയല്ലോ?.... നിനക്കെന്താ കുട്ടീ?...." സ്കൂളില്ലാത്ത ഒരു ദിവസം, ആലോചനാമഗ്നയായിരിക്കുന്ന വിമലയെക്കണ്ട്, വ്യസനവും വാത്സല്യവും നിറഞ്ഞ സ്വരത്തിൽ, മീനാക്ഷി ചോദിച്ചു.

"ഒന്നുമില്ലമ്മേ...." അവളുടെ ഹൃദയം ഒന്നു തേങ്ങി. വളരെ നിയന്ത്രിച്ചിട്ടും വ്യസനാധിക്യത്താൽ ചില വാക്കുകൾ അവളുടെവായിൽനിന്ന് പുറത്തുവന്നു. "കുട്ടികളുടെ കൂടെ കളിക്കാൻപോയാൽ അവരെന്നെ പരിഹസിക്കുയാണമ്മേ...." അവളുടെ കണ്ഠം ഇടറി. ബാഷ്പം കണ്ണുകളിൽ നിറഞ്ഞു.

ആ അമ്മ നെടുവീർപ്പിട്ട് ഒന്നും മിണ്ടാതിരുന്നു.

*  *  *  *

മീനാക്ഷി ജോലിചെയ്യുന്ന വീട്ടിലെ കാരണവരുടെ മൂത്ത മകൻ സിലോണിലാണ്. രവീന്ദ്രമേനോൻ രണ്ടു മാസത്തെ ലീവിൽ ഭാര്യയേയും കുട്ടികളേയും കൂട്ടി നാട്ടിലേക്കു വരുന്നുണ്ടെന്നുള്ള കത്തു കിട്ടിയപ്പോൾ കാരണവർ അത്യന്തം സന്തോഷത്തോടെ മകനെ സ്വീകരിക്കുവാനേപ്പാടുകൾ ചെയ്തു. രവീന്ദ്രമേനോൻ സിലോണിലേക്കു പോയിട്ട് പത്തുകൊല്ലമായിരിക്കുന്നു.

മീനാക്ഷി ഭക്ഷണത്തിനുള്ള ഏപ്പാടുകൾ ധൃതഗതിയിലും ശുഷ്കാന്തിയോടേയും ചെയ്തു. അവാച്യമായ ഒരു മ്ലാനത അവളിൽ പ്രത്യക്ഷമായി കണ്ടെങ്കിലും അതാരും ശ്രദ്ധിച്ചില്ല.

രവീന്ദ്രമേനോൻ വീട്ടിലെത്തി. എല്ലാവരും ആഹ്ലാദിച്ചു. നാട്ടുവത്തമാനങ്ങൾ അന്യോന്യം കൈമാറിയതിന്നുശേഷം അദ്ദേഹം ഭക്ഷണം കഴിക്കാനിരുന്നു. ഭക്ഷണമുറിയിലേക്ക് ചില പാത്രങ്ങൾ കൊണ്ടുവന്നുവെക്കുകയായിരുന്നു മീനാക്ഷി. അവൾ രവീന്ദ്രമേനോനെ നോക്കി. രണ്ടുപേരുടേയും കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി. രവീന്ദ്രമേനോൻ പകച്ചുപോയി. രണ്ടുപേരും തങ്ങളുടെ അസ്വാസ്ഥ്യം പുറമെ ആരേയും കാണിച്ചില്ല.

മീനാക്ഷി തലവേദനയാണെന്നു പറഞ്ഞു് അന്നു വൈകുന്നേരം വിമലയേയും കൂട്ടി അവളുടെ വീട്ടിലേക്കു പോയി. അവൾ ഭക്ഷണമൊന്നും കഴിക്കാതെ കിടന്നു. വിമല കാരണമറിയാതെ വിഷമിച്ചു.

പിറ്റെ ദിവസം സുഖക്കേടു മാറിയിട്ടില്ലെന്നു പറയുവാൻ മീനാക്ഷി വിമലയെ പറഞ്ഞയച്ചു. വിമല അമ്മയുടെ സന്ദേശവും വഹിച്ചുകൊണ്ടു് ചെന്നു. പൂമുഖത്തു് ചാരുകസാലയിൽ പത്രം വായിച്ചു കിടന്നിരുന്ന രവീന്ദ്രമേനോൻ അവളെ സൂക്ഷിച്ചുനോക്കി.

"കുട്ടി എവിടുത്ത്യാ?...." അദ്ദേഹം വാത്സല്യത്തോടെ ചോദിച്ചു.

"ഞാൻ ആ വീട്ടിലാണു്...." അവൾ തൻെറ വീട്ടു ചൂണ്ടിക്കാണിച്ചു.

"അവിടെ ആരൊക്കേണ്ടു്?...." അദ്ദേഹം ജിജ്ഞാസയോടെ ചോദിച്ചു.

“ഞാനും അമ്മയും....”

“അച്ഛനില്ലേ?....”

വെറും മൌനമായിരുന്നു മറുപടി.

“എന്താ പേര്?”

“വിമലാ’ന്ന്”

“എത്ര വയസ്സായി?”

“പത്ത്....”

രവീന്ദ്രമേനോന്റെ ഹൃദയത്തിൽ പൂർവ്വകാലസ്മരണകൾ ഉദിച്ചുയന്നു. വികാരതരളിതമായ ആ ഹൃദയം ശക്തിയായി തുടിച്ചു. അവൾ തന്റെ അടുത്തുനിന്ന് പോവാൻ ഭാവിച്ചപ്പോൾ അദ്ദേഹം ചോദിച്ചു. “കുട്ടി എന്തിനേ വന്നത്?...........”

അമ്മക്ക് തലവേദനാണ്. പണിക്ക് വരില്ല്യാന്നു പറയാൻ വരേപ...........”

“ഞാനകത്തുചെന്നു പറയാം. കുട്ടി പൊക്കോളു.”

വിമല നടന്നുപോകുന്നതു നോക്കി അദ്ദേഹം ദീർഘനിശ്വാസം ചെയ്തു.

വിമല അമ്മയുടെ അടുത്തു ചെന്ന് വിവരമെല്ലാം പറഞ്ഞു. “ആ രവീന്ദ്രമേനോൻ എത്ര നല്ല ആളാ....”

അമ്മ എല്ലാം മൂളിക്കേട്ട് ഒന്നു നിശ്വസിക്കുക മാത്രം ചെയ്തു.

ഒരു മാസത്തെ അവധി കഴിഞ്ഞിട്ടും രവീന്ദ്രമേനോൻ സിലോണിലേക്കു പോയില്ല. അച്ഛൻെറ ഇഷ്ടാനുസരണം ഒരു മാസംകൂടി അദ്ദേഹം വീട്ടിൽ താമസിക്കുവാൻ തീച്ച്യയാക്കി. മീനാക്ഷിയെ 'ആ വീട്ടിൽ പണിക്കു പോകേണ്ടെ'ന്നു പറഞ്ഞു് ഏതോ ഒരദൃശ്യശക്തി പിടിച്ചു നിത്തുന്നുണ്ടു്. മകളുടേയും തൻേറയും ജീവിതനിവ്വഹണത്തിന്നു് മററു വഴികളൊന്നുമില്ലായ്കയാൽ അവഠം അവിടെത്തന്നെ ജോലി ചെയ്തുകൊണ്ടിരുന്നു.

ഒരു ദിവസം വിമല സ്കൂളിൽനിന്നു വന്നതു് ചുവന്ന മുഖവും വീത്ത കണ്ണുകളുമായിട്ടാണു്.

"എന്താ വിമലേ നിണക്കു്?........" മീനാക്ഷി പരിഭ്രമത്തോടെ ചോദിച്ചു. അവഠം വിമലയെ തൊട്ടുനോക്കി. തീ പോലെയുള്ള ചൂടു്. "നിനക്കു പനിക്കുന്നുണ്ടല്ലോ....!"

മീനാക്ഷി വിമലക്കു് ചൂടുള്ള കാപ്പി കൊടുത്തു. കിടക്കയിൽ കിടത്തി പുതപ്പുകൊണ്ടു് ദേഹം മൂടി.

പിറെറദിവസം അവഠം പണിക്കു പോയില്ല. അവഠം അടുത്തുള്ള ഒരു ഡോക്ടരെ കൊണ്ടുവന്നു. ഡോക്ടർ ചില മരുന്നുകഠം നിദ്ദേശിച്ചു.

അന്നു രാത്രി പനിക്കു് അല്പം ശമനമുണ്ടായി. മീനാക്ഷി ഉറക്കമൊഴിച്ചു് വിമലയുടെ അരികെ ഇരുന്നു. അദ്ധരാത്രിക്കു് വാതിൽക്കൽ ആരോ മുട്ടി.

"ആരാത്?........" അവഠം ഭയസംഭ്രമത്തോടെ, മൃദുസ്വരത്തിൽ ചോദിച്ചു.

"ഞാനാണ്.........രവീന്ദ്രൻ........"

മീനാക്ഷി അല്പനേരം സ്തംഭിച്ചുനിന്നു. അവഠം പതുക്കെ എഴുന്നേററ് വാതിൽ തുറന്നു.

"വിമലക്ക് എങ്ങിനെ ഇരിക്കുന്നു? ഭേദമുണ്ടോ?...." ഉൽക്കണ്ഠയോടെ അദ്ദേഹം ചോദിച്ചു.

"പനി കുറച്ചു ഭേദമുണ്ട്..............." താഴ്ന്ന സ്വരത്തിൽ അവഠം പ്രതിവചിച്ചു.

രവീന്ദ്രമേനോൻ വിമലയെ സ്പശിച്ചുനോക്കി. അദ്ദേഹം അവളുടെ കിടക്കക്കുസമീപം ഇരുന്നു.

മീനാക്ഷിയുടെ ഹൃദയം ശക്തിയായി തുടിക്കുന്നുണ്ടായിരുന്നു. പത്തു കൊല്ലം മുമ്പു നടന്ന സംഭവം അവളോൎത്തു.

ഒരു ദിവസം അവഠം മുററത്ത് ചെടികഠംക്കു വെള്ളം നനക്കുകയായിരുന്നു. യുവാവായ രവീന്ദ്രമേനോൻ അവളുടെ സമീപം വന്ന് പതിവുപോലെ ഒന്നു പുഞ്ചിരിച്ചു. രണ്ടുപേരുടേയും നയനങ്ങഠം സാധാരണ, മൂകഭാഷയിൽ സംസാരിക്കാറുണ്ടായിരുന്നു. എന്നാൽ അന്ന് അദ്ദേഹം അവളെ തൻെറ ഗൂഢമായ വികാരം അറിയിച്ചു. താനവളെ സ്നേഹിക്കുന്നുണ്ടെന്ന്. അവളാസമയത്ത് പുളകം പൂണ്ടു.

അവഠം തൻെറ സ്ഥിതി അദ്ദേഹത്തെ അറിയിച്ചു. "അവിടുത്തെ വീട്ടുകാരുടെ സഹായംകൊണ്ടു്, അമ്മാമൻ ജോലിയെടുത്തു് ഞങ്ങഠം കഴിണു. ഞാനെത്ര താണ നിലയിലാണു്?"

"അതിനെന്താ? ഞാൻ നിന്നെ അടുത്തുതന്നെ കല്യാണം കഴിക്കാം. നീയതിന്നു സമ്മതിച്ചാൽ മതി."

മീനാക്ഷി അദ്ദേഹത്തിന്നു് പരിപൂർണ്ണമായി വഴങ്ങി. അവഠം അദ്ദേഹത്തെ വിശ്വസിച്ചു...............

നാലുമാസം കഴിഞ്ഞപ്പോഠം രവീന്ദ്രമേനോൻെറ വിവാഹാലോചന തുടങ്ങി. അദ്ദേഹം മീനാക്ഷിയെപ്പററി അച്ഛനോടു സൂചിപ്പിച്ചു പറഞ്ഞു. അദ്ദേഹത്തിൻെറ അച്ഛൻ അതു കേട്ടു് പൊട്ടിച്ചിരിച്ചു. വീട്ടിലെ കാര്യസ്ഥൻെറ മരുമകളെ, തൻെറ മകനെക്കൊണ്ടു വിവാഹം ചെയ്യിക്കാനുള്ള വിഡ്ഢിത്തമൊന്നും പ്രതാപിയായ ആ അച്ഛനുണ്ടായിരുന്നില്ല.

ഒരു ധനികഗൃഹത്തിൽനിന്നു് രവീന്ദ്രമേനോൻെറ വിവാഹം നടന്നു. മീനാക്ഷി വ്യസനവിവശയായി. "ഞാൻ ആത്മഹത്യചെയ്താലോ?............." അവഠം ചിന്തിച്ചു.

എന്നാൽ...........! അവഠം ഗർഭംധരിച്ചിരുന്നു........! സിലോണിലേക്കു പോകുന്നതിന്നു് രണ്ടുദിവസം മുമ്പ് രവീന്ദ്രമേനോൻ മീനാക്ഷിയെ ചെന്നുകണ്ടു.

"മീനാക്ഷീ, നീ വ്യസനിക്കരുത്. എൻെറ യൌവ്വനത്തിളപ്പ് കൊണ്ട് നിൻെറ ചാരിത്ര്യം നശിച്ചു. എനിക്ക് അച്ഛൻെറ ആജ്ഞ അനുസരിക്കേണ്ടിവന്നു. നീ വേറെ വിവാഹംകഴിച്ച് സുഖമായിരിക്കു..........."

മീനാക്ഷി പൊട്ടിക്കരഞ്ഞു. അവൾ താൻ ഗർഭിണിയായിരിക്കുന്നുവെന്ന പരമാർത്ഥം അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം ഞെട്ടി. "അയ്യോ...............! ഇനി എന്തു ചെയ്യും?...........ഇതു നീ മുമ്പു പറയാഞ്ഞില്ലേ?...............എന്നാൽ ഞാൻ വിവാഹം ചെയ്യില്ലായിരുന്നു. ഞാൻ നിന്നെ ചതിച്ചു..........."

രവീന്ദ്രമേനോൻെറ പശ്ചാത്താപം കണ്ടപ്പോൾ മീനാക്ഷിയുടെ മനസ്സലിഞ്ഞു. അവൾ അദ്ദേഹത്തെ സമാധാനപ്പെടുത്തി പറഞ്ഞു. "അങ്ങ് സമാധാനത്തോടെ പൊയ്ക്കോളു. അമ്മാമനറിഞ്ഞാൽ ഒരു ഭൂകമ്പംതന്നെ ഉണ്ടാവും. എന്നെ കൊന്നെങ്കിൽ ഞാൻ സന്തോഷത്തോടെ മരിക്കാം. എൻെറ വിധി ഇങ്ങന്യാണ്.........."

അദ്ദേഹം പ്രസവച്ചിലവിന്നായി നൂറുറുപ്പിക കൊടുത്തു.

പത്തു കൊല്ലത്തിനു ശേഷമാണ് അവർ വീണ്ടും കണ്ടുമുട്ടുന്നത്.

*      *      *      *

"അമ്മേ!..........." വിമല ഉണന്ന് മൃദുസ്വരത്തിൽ വിളിച്ചു.

മീനാക്ഷി അടുത്തു ചെന്നു. രവീന്ദ്രമേനോൻ വിമലയെ തലോടിക്കൊണ്ടിരിക്കുകയാണ്. അവഠം കണ്ണു മിഴിച്ചു് അദ്ദേഹത്തെ അത്ഭുതത്തോടെ നോക്കി.

"വിമലെ, ഞാൻ നിൻെറ അച്ഛനാണ്............." വിമലയുടെ നെററിയിൽ ചുംബിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു.

"എനിക്കച്ഛനുണ്ടോ?...........ഉവ്വോമ്മേ!............." അടക്കാൻവയ്യാത്ത സന്തോഷത്തോടെ അവഠം മീനാക്ഷിയുടെ മുഖത്തു നോക്കി ചോദിച്ചു.

"ഉവ്വ്...............വിമലേ, നിന്നേം നിൻറമ്മേം അപവാദത്തിലേക്ക് തള്ളിയ ദുഷ്ടനാണ്, നിൻെറ ഈ അച്ഛൻ........" അദ്ദേഹത്തിൻെറ നയനങ്ങഠം നിറഞ്ഞു.

മീനാക്ഷി തേങ്ങിക്കരയുന്നതുകണ്ടു് വിമല ചോദിച്ചു. "അമ്മ എന്തിനാ കരയണ്? അച്ഛൻ വന്നില്ലേ? ഇനി സന്തോഷിക്ക്യല്ലേ വേണ്ടത്?....... അമ്മ പറഞ്ഞില്ലേ, 'നിക്കച്ഛനില്ലാന്നു്?..........."

രവീന്ദ്രമേനോൻ പറഞ്ഞു "വിമലേ, എൻെറ അഭിമാനത്തെ രക്ഷിക്കാൻ നിൻറമ്മ ഇക്കാര്യം മൂടിവെച്ചു. നിൻറമ്മയെ വിവാഹം ചെയ്യാൻ ഞങ്ങളുടെ ദുരഭിമാനം സമ്മതിച്ചില്ല. ഞാൻ നിൻറമ്മയെ വഞ്ചിച്ചു. നീ അവിവാഹിതേടെ മകളാണ്. നിനക്കതു് മനസ്സിലാവില്ല...."

വിമല, അച്ഛൻെറ വർത്തമാനം ശ്രദ്ധിച്ചു കേട്ടതിന്നു ശേഷം പെട്ടെന്നു ചോദിച്ചു. "അമ്മേ, ഞാൻ മരിയ്ക്ക്വോ?...."

മീനാക്ഷി ഞെട്ടി. അവളുടെ കണ്ണുകൾ നിറഞ്ഞു. രവീന്ദ്രമേനോൻ വ്യസനമടക്കി പറഞ്ഞു "നിൻെറ പനി ഭേദാണ്. പേടിക്കണ്ട. ഇനി നിനക്ക് ഞാൻ തുണേണ്ട്ട്ടോ."

അവളുടെ വരണ്ട ചുണ്ടിൽ ഒരു പുഞ്ചിരി വിടൎന്നു. അവൾ തളൎന്ന് കണ്ണുകളടച്ചു.

"പാലു വേണോ, വിമലേ?" രവീന്ദ്രമേനോൻ ചോദിച്ചു.

"ഉം" അവൾ മൂളി. ഹതബോധാവസ്ഥയിലായിരുന്നു അവൾ മൂളിയത്.

അദ്ദേഹം പാൽ ഓരോ തുള്ളിയായി വായ് തുറപ്പിച്ച് ഒഴിച്ചുകൊടുത്തു.

അവൾ കണ്ണു തുറന്നു. രവീന്ദ്രമേനോൻ അവളുടെ തല തൻെറ മടിയിൽ വെച്ചു. അദ്ദേഹം അവളെ പരിഭ്രമത്തോടെ ഉററുനോക്കി. അവളുടെ ദൃഷ്ടികൾ മേല്പോട്ടു മറിഞ്ഞു. മീനാക്ഷിയും രവീന്ദ്രമേനോനും പരസ്പരം പരിഭ്രമത്തോടെ നോക്കി.

"ഡോക്ടരെ വിളിക്കട്ടെ?...." അദ്ദേഹം മീനാക്ഷിയോടു ചോദിച്ചു.

"അയ്യോ! എന്റെ വിമല...." മീനാക്ഷി വാവിട്ടു കരഞ്ഞു.

വിമലയുടെ വായിൽ പാൽ പകൎന്നു കൊടുത്തതു് പുറത്തേക്കൊഴുകി. അച്ഛന്റെ മടിയിൽവെച്ചു് അവൾ അന്ത്യശ്വാസം വലിച്ചു.

ആ മുറിയിൽ ഒരു സ്ത്രീയുടെ പൊട്ടിക്കരച്ചിലും, ഒരു പുരുഷന്റെ നെടുവീൎപ്പുകളും മാത്രം രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചു.



# 4. തിങ്കളാഴ്ചനോൽമ്പ്.

തങ്കത്തിന്ന് തിങ്കളാഴ്ചനോൽമ്പാണ്. വൈകുന്നേരം വരെ അവൾ ഭക്ഷണമൊന്നും കഴിച്ചിട്ടില്ല. പട്ടിണികിടന്നതുകൊണ്ടുള്ള ക്ഷീണം സൌന്ദൎയ്യവും വൈരൂപ്യവുമില്ലാത്ത ആ വദനത്തിൽ തെളിഞ്ഞുകാണാനുണ്ട്. അവൾ വൈകുന്നേരം കുളിച്ച്, ചന്ദനക്കുറിയിട്ട്, കണ്ണിൽ മഷിയെഴുതി, ഒരു കൊട്ട പുഷ്പവുമായി അമ്പലത്തിലേക്കു നടന്നു.

ശാന്തിക്കാരൻ എമ്പ്രാന്തിരി തങ്കം കൊണ്ടുവന്നു വെച്ച പൂക്കൊട്ടയെടുത്ത് തങ്കത്തിനെ ഒന്നു നോക്കി. സഹതാപസമന്വിതം ഉള്ളിലൊന്നു പുഞ്ചിരിയിട്ട് ആത്മഗതം ചെയ്തു. "പാവം! എത്ര കാലമായി തിങ്കളാഴ്ചനോൽക്കാൻ തുടങ്ങിയിട്ട്! ഒരാളെങ്കിലും തിരിഞ്ഞുനോക്കുണ്ടോ?..........."

തങ്കം ദീപാരാധന തുടങ്ങുന്നതുവരെ അമ്പലം പ്രദക്ഷിണം ചെയ്തു. വേറെയും വിവാഹിതകളും അവിവാഹിതകളുമായ കുറച്ചു സ്ത്രീകൾ പ്രദക്ഷിണം വെക്കുന്നുണ്ട്. അവരുടെ ഹൃദയം ദൈവസന്നിധിയിലല്ല, രസികൻ തമാശകളിലാണ്. തമാശയ്ക്കിടയിൽ ചിലർ, ചിലപ്പോൾ "രാമ,രാമ" "നാരായണ" എന്നു ജപിക്കുന്നുണ്ട്. തങ്കം, കൂടെയുള്ളവർ തൻെറ ബന്ധുക്കളും, സ്നേഹിതമാരും, പരിചിതരുമാണെങ്കിലും അവരുടെ നാട്ടുവൎത്തമാനങ്ങളിലൊന്നും മനസ്സു ചെലുത്താതെ ഹൃദയംഗമമായി പ്രാൎത്ഥിച്ചു.

ദീപാരാധനക്കു നടയടച്ചു. തങ്കവും കൂട്ടുകാരും നടയിലെത്തി. നട തുറന്നു് മണിനാദം അന്തരീക്ഷത്തിൽ അലയടിച്ചപ്പോൾ എല്ലാവരും കണ്ണടച്ചു പ്രാർത്ഥിച്ചു. തങ്കം നിവേദ്യവും പ്രസാദവും വാങ്ങി ഭക്തിപൂർവ്വം ഒന്നുകൂടി തൊഴുതു് വീട്ടിലേക്കു തിരിച്ചു.

"അമ്മേ, ഇതാ പ്രസാദം." തങ്കം തൻെറ ഏകാധാരമായ അമ്മക്കു് പ്രസാദം കൊടുത്തു. അവർ ഭക്തിപുരസ്സരം പ്രസാദം നെററിയിൽ തൊട്ടു, പൂ തലയിൽ ചൂടി.

അവർ ഉള്ളുചുട്ടു പ്രാർത്ഥിച്ചു. ദൈവേ, എൻെറ കുട്ടിച്ച് ഒരാളു് കൊണ്ടോവണേ...........!"

രാത്രി അമ്പലത്തിലെ നിവേദ്യം ഉണ്ടു് അമ്മയും മകളും ഒരേ പായയിൽ കിടന്നുറങ്ങി.

തങ്കത്തിൻെറ അച്ഛൻ ഒരു ഗവമ്മേണ്ടുദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾത്തന്നെ, തങ്കത്തിൻെറ പതിനഞ്ചാംവയസ്സിൽ ഓരോരുത്തർ വിവാഹാലോചനയുമായി വന്നിരുന്നു. ആ കുടുംബത്തിന്നു് അന്നു ധാരാളം സുഹൃത്തുക്കളുണ്ടായിരുന്നു. അന്നെല്ലാം, തൻെറ വത്സലപുത്രിയെ, എല്ലാ ഗുണഗണങ്ങളുമൊത്ത ഒരു ഭർത്താവിന്നു വിവാഹംകഴിച്ചുകൊടുക്കാനാശയുള്ള ആ പിതാവ്, സ്വത്തുപോരാ, വയസ്സു കുറച്ചധികമായി, കുടുംബം നന്നല്ല, പഠിപ്പുപോരാ എന്നീ കാരണങ്ങൾ പറഞ്ഞു് ആ ആലോചനകളെല്ലാം നിരസിച്ചു. തങ്കത്തിൻെറ അമ്മ ഓരോ ആലോചനകളും തകരുമ്പോൾ

ഹൃദയം നൊന്തു പറയും. "അവൾക്കതിന്നു യോഗമായില്ല. എന്താ ചെയ്യാ?..............."

തങ്കത്തിന്നു പതിനെട്ടു വയസ്സായപ്പോൾ അച്ഛൻ തന്നെ വിവാഹാലോചന തുടങ്ങി. മുമ്പു തങ്കവുമായി വിവാഹമാലോചിച്ചവർ നല്ല കുടുംബങ്ങളിൽ നിന്നു വിവാഹം കഴിച്ചു. ചിലൎക്കു ഒന്നോ രണ്ടോ കുട്ടികളുമുണ്ടായി.

തങ്കത്തിൻെറ ഇരുപതാംവയസ്സിൽ അവളുടെ അച്ഛൻ പെട്ടെന്നു മരിച്ചു. അതോടെ അവരുടെ സുഹൃത്തുക്കൾ കണ്ട ഭാവം നടിക്കാതെയായി. വഴിക്കുവെച്ചു വല്ല സുഹൃത്തുക്കളും തങ്കത്തിൻെറ അമ്മയെ കാണുവാനിടയായാൽ അവർ പറയും.

"എന്താ കാത്ത്യായന്ന്യമ്മ അറിയോ?..........."

"എന്താ അറിയാതെ? നിങ്ങളല്ലേ ഞങ്ങളെ മറന്നത്?...........വീട്ടിലേക്കൊന്നു കടക്കേം കൂടില്ല്യ............"

കാത്ത്യായനിഅമ്മ വ്യസനവും പരിഭവവും കലൎന്നു പറയുമ്പോൾ, ആ സുഹൃത്തു പതുക്കെ ഒഴിഞ്ഞുമാറും. "ഒരിത്തിരി ഒഴിവുകിട്ട്യാൽ ഞാൻ വരില്ലേ?............"

കാത്ത്യായനി അമ്മക്കു നല്ലതുപോലെ അറിയാം തൻെറ ഭൎത്താവു മരിച്ചതോടെ, തന്നെ സുഹൃത്തുക്കൾ വെടിഞ്ഞുവെന്നു. അവരതിൽ അതിയായി വ്യസനിച്ചില്ല. ലോകരിലധികവും പണത്തേയും സഹായത്തേയുമാണു ഇഷ്ടപ്പെടുക. അതില്ലാത്തേടത്തു് എന്തുസ്നേഹം?.

അവരുടെ കൃഷിഭൂമി, അവരുടെ അകന്ന ഒരു ബന്ധുവിൻെറ കാരുണ്യത്താൽ നോക്കിവന്നു. ഗോപാലൻനായർ വളരെ കഷ്ടപ്പെട്ടു ജീവിക്കുന്ന, അടുത്ത ബന്ധുക്കളായി ആരുമില്ലാത്ത ആളാണ്. ഗോപാലൻനായരുടെ ആഗ്രഹവും കാത്ത്യായനിഅമ്മയുടെ അപേക്ഷയും ഒത്തുചേൻറു. അങ്ങിനെ അയാൾ അവിടത്തെ കുടുംബനാഥനായി.

മിതമായി ഗൃഹച്ചിലവുകൾ നടത്തുവാനുള്ള അയാളുടെ സാമത്ഥ്യം ഒന്നു വേറെത്തന്നെയാണ്. കാത്ത്യായനിഅമ്മയുടെ നിർബ്ബന്ധപ്രകാരം അയാൾ ഭേദപ്പെട്ട പല ഗൃഹങ്ങളിലും തങ്കത്തിൻെറ വിവാഹം ആലോചിച്ചു. ആരും ആ വിവാഹത്തിൽ ശ്രദ്ധിച്ചില്ല.

തങ്കത്തിന്നിപ്പോൾ ഇരുപത്തിമൂന്ന് വയസ്സാണ്. രണ്ടു കൊല്ലമായി അവൾ തിങ്കളാഴ്ചനോല്ക്കാൻ തുടങ്ങിയിട്ട്. ഓരോ മാസത്തിലും ആദ്യത്തെ തിങ്കളാഴ്ച ഈശപരഭജനമാണ്. വൈകുന്നേരം കുളിച്ച്, അമ്പലത്തിൽ തൊഴുതു്, അവിടെനിന്നു നിവേദിച്ച ചോറേ അന്നവൾ ഉണ്ണുകയുള്ളൂ.

അതവൾ വെറുമൊരു തമാശയായി ചെയ്യുന്നതല്ല. അനന്തഭക്തിയോടെയാണ്. അമ്മ പറഞ്ഞിട്ടാണവളിതു തുടങ്ങിയതു്.

"തിങ്കളാഴ്ചനോററാൽ അവൾക്ക് ഗുണംണ്ടാവും" തൻെറ ഗൂഢമായ വിചാരം അവർ മകളെ അറിയിച്ചു.

തങ്കത്തിന്നു് അതിൽ ലജ്ജ തോന്നിയെങ്കിലും ഈശ്വരാപ്പ്ണമായി താനതു ചെയ്യുന്നതിൽ ആരും ദുർവ്യാഖ്യാനം ചെയ്യുകയില്ലെന്നവൾ തീരുമാനിച്ചു. അമ്മയുടെ ഇഷ്ടപ്രകാരം അവൾ നോററു തുടങ്ങി. ആദ്യമാദ്യം വിവാഹിതകളായ സ്ത്രീകൾ കുറേശ്ശ കളിയാക്കി.

"തങ്കം എന്നേ ഇതു് പഠിച്ചതു്?............"

അവൾക്കവരോടു് ചെറിയൊരു വെറുപ്പു തോന്നി. ചില വൃദ്ധകൾ സഹതാപം നടിച്ചു പറഞ്ഞു. "ദൈവകോപംണ്ടായിട്ടാ ഇങ്ങനെ വരണു്. തിങ്കളാഴ്ച നോററാൽ നല്ലതു വരും..........."

"ഈശ്വരവിചാരം ണ്ടായാലേ നല്ലതു വരൂ...."

അവളതിലൊന്നും ശ്രദ്ധിക്കാറില്ല.

രണ്ടു കൊല്ലമായിട്ടും അവളെ ദൈവം കടാക്ഷിച്ചില്ല. അവളെ സംബന്ധിച്ചേടത്തോളം അമ്മെക്കു് താനൊരു ഭാരമായിരിക്കുന്നല്ലോ എന്നായി ചിന്ത. അമ്മയുടെ മനോവേദന കാണുമ്പോൾ അവൾ വിഷാദിക്കാറുണ്ടു്.

"അമ്മയെ വ്യസനിപ്പിക്കരുതേ!........ ഈശ്വരാ!" അവൾ പ്രാത്ഥിക്കാറുണ്ടു്.

തങ്കം അന്നു രാത്രി സുഖമായുറങ്ങി.

അമ്മയും മകളെച്ചൊല്ലി കണ്ണുനീർ വാർത്തു് കുറെ കഴിഞ്ഞപ്പോൾ ഉറങ്ങി.

പിറെറ ദിവസം പ്രഭാതത്തിൽ എഴുന്നേററു കുളിച്ചു് തങ്കം അമ്പലത്തിൽ പോയി തൊഴുതു. വന്നതിനുശേഷം

ചായയുണ്ടാക്കി. അമ്മയും മകളും ചായ കുടിച്ചതിന്നു ശേഷം മകഠം രാമായണമെടുത്ത്് വായന തുടങ്ങി. കാത്ത്യായനിഅമ്മ തങ്കത്തിൻെറ തലമുടി വേറിട്ടുത്ത്് വായന കേട്ടുകൊണ്ടിരുന്നു.

ഗോപാലൻനായർ അകത്തേക്കു കയറിവന്നു. തങ്കം വായന നിത്തി അടുക്കളയിലേക്കു പോയി. കാത്ത്യായനി അമ്മ ചായ കൊടുത്ത്് അരികെ വന്നിരുന്നു.

"കാത്ത്യായനീ, ഇപ്പോഠം ഒരാലോചന വന്നിട്ടുണ്ട്്...." അയാഠം പറഞ്ഞു.

"എവിടുന്നാ?...." ആഹ്ലാദവും ജിജ്ഞാസയും കലന്ന സ്വരത്തിൽ കാത്ത്യായനി അമ്മ ചോദിച്ചു.

"കുറച്ചു തെക്കാണ്. ആയിരം പറ നെല്ലിന്നു് ഭൂമിണ്ട്്...."

"ആവു! നന്നായി." ആശ്വാസത്തോടെ അവർ പറഞ്ഞു. "വയസ്സെത്രയായി?...."

"മുപ്പത്തഞ്ച്്...."

"ഓ........! അതധികമൊന്നുമല്ല. വീട്ടിലാരൊക്കെണ്ട്്?........"

"അദ്ദേഹത്തിൻെറ അമ്മേം രണ്ടു കുട്ട്യോളും...."

"ആരടെ കുട്ട്യോളാ?.... അദ്ദേഹത്തിൻെറ അന്ത്യേനാരല്ലേ?...."

"അല്ല. അദ്ദേഹിൻെറ കുട്ട്യോളാണ്...."

"എന്താ പറയണ്?...." ഒന്നും മനസ്സിലാവാതെ അവർ ചോദിച്ചു.

"അതോ? ആദ്യം കല്യാണം കഴിച്ച ഭാര്യ മരിച്ചു. അതില് രണ്ടു കുട്ട്യോളുണ്ട്."

കാത്ത്യായനിഅമ്മ സ്തബ്ധയായി തെല്ലുനേരം നിന്നു. "എന്താ ആലോചിക്കണ്? സമ്മതല്ലേ?........"

അവരുടെ മങ്ങിയ വദനം കണ്ട് അയാൾ ചോദിച്ചു.

"രണ്ടു കുട്ട്യോള്........! എങ്ങനാ അത്?........" ദയനീയയായി അവർ ഗോപാലൻ നായരെ നോക്കി.

"അതിനെന്താ? തങ്കം അവരെ സ്വന്തം കുട്ട്യോളെപ്പോലെ നോക്ക്യാൽ മതി. അമ്മ പറയുന്നതും അനുസരിച്ചാൽ സുഖായി കഴിയാം. ആൺകുട്ടിക്ക് ആറും പെൺകുട്ടിക്ക് മൂന്നും ആയി വയസ്സ്."

കാത്ത്യായനിഅമ്മ അസംതൃപ്തിയോടെ ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ ഗോപാലൻനായർ പറഞ്ഞു. "പെണ്ണിന് വയസ്സ് ഇരുപത്തിമൂന്നായി. ഇനി എത്ര്കാലം വീട്ടിലിരുത്താം? ആളോള്ക്ക് എന്തെങ്കിലും പറയാനും കാട്ടാനുണ്ടാവും..........."

മനമില്ലാമനസ്സോടെ അവർ പറഞ്ഞു. "അവളോടു ചോദിക്കട്ടെ."

തങ്കം അതു കേട്ടപ്പോൾ കുറച്ചുനേരം ഒന്നും മിണ്ടാതിരുന്നു. കണ്ണുകൾ അശ്രുക്കളാൽ നിറഞ്ഞു. അവൾ പ

രഞ്ഞു. "അമ്മേ, എല്ലാം എൻെറ വിധി" അവഠം തേങ്ങിക്കരഞ്ഞു.

"അതൊന്നും സാരല്ല്യ! സുഖായിരിക്കാം" അമ്മ സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു.

"അമ്മേടെ സമാധാനത്തിന്ന്വേണ്ടി എല്ലാം ഞാൻ സഹിച്ചോളാം........അമ്മേടെകാലം കഴിഞ്ഞാൽ എനിക്കാരുല്ല്യല്ലോ........"

"തങ്കം........" ചോദ്യഭാവത്തിൽ അമ്മ മകളെവിളിച്ചു.

"എനിക്കു സമ്മതാണ്. പറഞ്ഞോളൂ........" അവഠം വിക്കിക്കൊണ്ടു പറഞ്ഞു.

ഗോപാലൻനായർ, കാത്ത്യായനിഅമ്മയോടു പറയുന്നതു് തങ്കം കേട്ടു. "അദ്ദേഹം രണ്ടുദിവസത്തിന്നുള്ളിൽ കാണാൻ വരും........"

തങ്കത്തിൽ നിന്നും നീണ്ട ഒരു നെടുവീർപ്പുയന്നു. അവളാത്മഗതം ചെയ്തു. "തിങ്കളാഴ്ച നോററിട്ടും ദൈവം ഇതല്ലേ എനിക്കു വിധിച്ചതു്............"

അമ്മ വിചാരിച്ചു. "തിങ്കളാഴ്ചനോററിട്ടു തന്ന്യാ ഇതു സാധിച്ചതു്. സ്വത്തുള്ള കുടുംബാണ്. സുഖായികഴിയാം. അതല്ലേ വേണ്ടതു്?............"

# 5. മധുവിധു.

ഃഃഃഃഃഃഃഃഃഃഃഃഃഃഃ

തമ്പുരാൻെറ വിവാഹം തീച്ച്യയാക്കിയപ്പോറം കോരനും തോന്നി, തനിക്കും ഒന്നു വിവാഹം കഴിച്ചാൽ കൊള്ളാമെന്നു്. തൻെറ വിവാഹം കഴിഞ്ഞാൽ തൻെറ ഏകാന്തമായ വീട്ടിൽ കൂട്ടുകാരിയുമൊത്തു് സസുഖം ജീവിക്കാമല്ലോ! പകൽ മുഴുവൻ ജോലിയെടുത്തു്, രാത്രിയിൽ വീട്ടിൽ ചെന്നാൽ തനിക്കു ഭക്ഷണം വിളമ്പിത്തരാനും തൻെറ സുഖസൌകയ്യങ്ങളന്വേഷിക്കുവാനും ഒരു കൂട്ടുകാരിയുണ്ടാകുന്നത് ആശ്വാസകരമാണ്.

തൻെറ ജീവിതസഖിയാവാൻ ആരാണ് വേണ്ടതു്? അവൻ ആ പ്രശ്നത്തിന്നുമുമ്പിൽ ചില നിമിഷങ്ങറം മൂകനായി നിന്നു. തൻെറ പരിചയപരിധിയിലുള്ള അവിവാഹിതയുവതികളെ ഓരോരുത്തരെയായി അവൻ നോക്കി.

തൻെറ കൂടെ പ്രവൃത്തിയെടുക്കാറുള്ള കാളിയെപ്പററി അവൻ ചിന്തിച്ചു. അവറംക്ക് തന്നോടു സ്നേഹമുണ്ടു്. പക്ഷെ ദേഷ്യംവന്നാൽ അവറം വല്ലതും വിളിച്ചുപറയും. അവളുടെ അത്തരം വാക്കുകറംക്ക് നല്ല മൂച്ചയുണ്ടു്. ആ മുറിവേററാൽ ഉണങ്ങാൻ അനവധി ദിവസങ്ങറം പിടിച്ചേക്കും. അങ്ങിനെയാണെങ്കിൽ ആ ദാമ്പത്യജീവിതം സുഖകരമാവില്ല.

ഒരിക്കൽ അവന്നുതന്നെ അതനുഭവപ്പെട്ടതാണ്. തമ്പുരാൻെറ ആജ്ഞയനുസരിച്ച് കോരൻ വരമ്പുകിളച്ച് വീതികൂട്ടുകയാണ്. കാളിയും കൂട്ടുകാരും അടുത്ത കണ്ടത്തിൽ ഞാറു നടുന്നു. കോരൻ കൈക്കോട്ടുകൊണ്ട് മണ്ണ്, അലക്ഷ്യനായി വരമ്പത്തിടുമ്പോഠം കാളിയുടെ മുണ്ടിൽ വീണുവെന്നാണ് കാളിയുടെ ആക്ഷേപം. അവഠം നിവൎന്നുനിന്ന് അവനെ ഉഗ്രമായൊന്നു നോക്കി. കോരനതറിഞ്ഞില്ല.

"എന്താ, ങടെ മോത്ത് കണ്ണില്ലേ?..........."

കോരനതു് കേട്ടുവെങ്കിലും തന്നോടാണതു പറയുന്നതെന്നറിഞ്ഞില്ല.

"ങ്ളോടാ, ഞാമ്പറഞ്ഞത്..........." കാളി ഒന്നുകൂടി ദേഷ്യത്തോടെ പറഞ്ഞു.

കോരൻ തിരിഞ്ഞുനോക്കി. "എന്തേ?..........."

"ങ്ളെൻെറ മുണ്ടില് മണ്ണാക്കീത് കണ്ടേപാ?...." അവഠം ചേറു പുരണ്ട തൻെറ മുണ്ടിൽ കോരൻ ചളി തെറിപ്പിച്ച ഭാഗം കോരന്നു കാണിച്ചു കൊടുത്തു.

"ഞാനറിഞ്ഞില്ല......." കോരൻ പശ്ചാത്താപത്തോടെ പറഞ്ഞു.

"ഉം.......ങളറീല്ല്യ......." അവഠം മുഖം വീൎപ്പിച്ചു. അതിന്നുശേഷം അവഠം പലതും പറഞ്ഞു. രണ്ടുമൂന്നുദിവസത്തേക്ക് കാളി കോരനെ കണ്ടഭാവം നടിച്ചില്ല. പിന്നീട് അവഠം പണ്ടത്തേപ്പോലെ സംസാരി

ക്കാനും തമാശ പറയാനും തുടങ്ങി. കോരന്ന് അവളോട്ട് അടുത്തു പെരുമാറാൻ പേടിതോന്നി. അവളുടെ ശകാരം കേഠംക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല.

"അവഠം എനിക്ക വേണ്ട......." കോരൻ വിചാരിച്ചു. പിന്നെ അവൻെറ സ്മൃതിപഥത്തിൽ നീലി വന്നു. നീലിക്ക് ആരോടു സംസാരിക്കാനും യാതൊരു ശങ്കയുമില്ല. എല്ലാവരോടും കൊഞ്ചിക്കുഴയുവാൻ മടിയില്ലാത്തവളാണ് നീലി. താനവളെ വിവാഹം കഴിച്ചാലും, അവഠം ഇത്ര ചീത്തയായി പെരുമാറുകയാണെങ്കിൽ........അതവൻെറ ദാമ്പത്ത്യജീവിതത്തിന്ന് അസുഖം വരുത്തും. അവൻ ആ ചിന്തയും കളഞ്ഞു.

വള്ളി—അവഠം തരക്കേടില്ല. ഇരുപതുവയസ്സ്. വിനയപൂർവ്വമായ പെരുമാററം. ആരോടും മറുത്തുപറയില്ല. ആരു ചീത്തപറഞ്ഞാലും അവഠം നിശ്ശബ്ദമായി സഹിക്കും.

"വള്ളി മതി എനിക്ക്........" അവൻ തിച്ചപ്പെടുത്തി. തൻെറ ഗൂഢമായ ആശ, തമ്പുരാൻെറ പണിക്കാരിൽ പ്രമുഖനായ തേവനെ അറിയിച്ചു.

തേവനാണ് അന്നാട്ടിലെ ചെറുമക്കളുടെ വിവാഹദല്ലാളി. ഏതൊരാഠംക്കും വിവാഹം നിശ്ചയിക്കണമെങ്കിൽ തേവൻെറ നിർദ്ദേശം വേണം. അവൻ നാട്ടുകാർക്കു നന്മയേ ചെയ്യു. നാട്ടുകാരുടെ വിശ്വസ്തനാണവൻ.

തേവൻ വള്ളിയുടെ വീട്ടുകാരുമായി ആലോചിച്ചു. വള്ളിയുടെ അച്ഛനും അമ്മക്കും കുടുംബത്തെപ്പററിയാണ്

പരാതി. കോരൻെറ വീട്ടിൽ കോരനൊഴികെ മററു ബന്ധുക്കളൊന്നുമില്ല. വള്ളിക്കു വല്ല ദീനവുമായി കിടന്നാൽ നോക്കാൻ ആരുമില്ല. തേവൻെറ നിർബ്ബന്ധം സഹിക്കാതായപ്പോഠം അവർ വള്ളിയോട്ട് സമ്മതം ചോദിച്ചു.

അവഠം ലജ്ജ കലൎന്ന പുഞ്ചിരിയോടെ മൌനാനുവാദം നൽകി. അങ്ങിനെ അവരുടെ വിവാഹത്തിന്നു വേണ്ട ഒരുക്കങ്ങഠം ചെയ്തു.

തമ്പുരാൻെറ വിവാഹം സാഘോഷം നടന്നു. അന്നുതന്നെ തമ്പുരാട്ടിയെ കൂട്ടിക്കൊണ്ടുവന്നു. വാദ്യഘോഷങ്ങളോടെ, പൂമാലകഠംകൊണ്ടലംകൃതമായ കാറിൽ നവദമ്പതികഠം പടിക്കൽ വന്നിറങ്ങിയപ്പോഠം അദ്ദേഹത്തിൻെറ ആശ്രിതന്മാർ ഹൎഷപുളകിതരായി പടിയ്ക്കൽ വന്നു നിന്നു. പുതുതായി വന്ന തമ്പുരാട്ടിക്ക് എല്ലാവരും തിരുമുൽക്കാഴ്ച വെച്ചു. അന്നവൎക്ക് വിഭവസമൃദ്ധമായ സദ്യയും തമ്പുരാൻെറ വക ഉണ്ടായിരുന്നു.

കോരൻ വിചാരിച്ചു. പിറേറദിവസം തൻെറ വിവാഹമാണ്. തമ്പുരാനെപ്പോലെ, വദനത്തിൽ നേരിയൊരു ലജ്ജയോടെ താനും ഭാൎയ്യയെ കൂട്ടിക്കൊണ്ടുവരും. ആ നിമിഷങ്ങഠം ഓൎത്തപ്പോഠം അവൻ രോമാഞ്ചഗാത്രനായി.

പിറേറദിവസം തമ്പുരാൻെറ തിരുമുമ്പിൽ തിരുമുല്ക്കാഴ്ച വെച്ച് കോരൻ തൻെറ ദൈവങ്ങളെ ഭക്തിപൂൎവ്വം ധ്യാനിച്ച് കൂട്ടുകാരിൽ ചിലരോടു കൂടി വധൂഗൃഹത്തി

ലെത്തി. ലജ്ജാനമ്രമുഖിയായ വള്ളിയെ താലികെട്ടിച്ച്, ഭക്ഷണത്തിന്നുശേഷം തൻെറ വീട്ടിൽ കൊണ്ടുവന്നു.

മുററം ചാണകംകൊണ്ടു മെഴുകി വൃത്തിയാക്കിയിട്ടിരുന്നു. വീടും മാറോല കളഞ്ഞു് മെഴുകിയിരുന്നു. വള്ളി മുററത്തു് കാൽകുത്തിയപ്പോഠം തൻെറ ജീവിതം ധന്യമായെന്നു് കോരനു തോന്നി.

ഒരാഴ്ചക്കുശേഷം അന്യോന്യം ഹൃദയമറിഞ്ഞ ആ ദമ്പതികഠം തമ്പുരാൻെറ ഗൃഹത്തിൽ ചെന്നു. അവൻ തൻെറ വധുവിനെ, അഭിമാനത്തോടെ തമ്പുരാനു കാണിച്ചുകൊടുത്തു. ഒരാഴ്ചകൊണ്ടുതന്നെ അവർ പരസ്പരം അടുത്തു, സ്നേഹിച്ചു. രണ്ടു പേരും ഒന്നിച്ചു പണിക്കു പോയി. അവരെ കണ്ടപ്പോഠം കാളി അസൂയാവഹമായ ഒരു നോട്ടം നോക്കിയതു് കോരൻ കണ്ടു.

"നെൻെറ പാക്ക്യം........!" വള്ളിയോടു് കാളി പറയുന്നതു് കോരൻ കേട്ടു. അവൻ കന്നുപൂട്ടുകയാണു്. വള്ളിയെ അവൻ സാഭിമാനം നോക്കി.

കോരൻ അല്പം വിശ്രമിക്കുവാനായി വരമ്പത്തിരുന്നു. തമ്പുരാൻെറ കാര്യസ്ഥൻ പണിക്കാർക്കു വേണ്ടി നിർദ്ദേശങ്ങഠം നല്കുന്നതിന്നിടയ്ക്കു് കോരൻെറ അടുത്തുവന്നു. കോരൻ പരിഭ്രമിച്ചെഴുന്നേററു് വണങ്ങി നിന്നു.

"എന്താ കോരാ! ഭാര്യയെ പിടിച്ചോ?........"

"ഉവ്വ്........മ്പ്രാനെ........" അപ്പോഴും അവൻ അഭിമാനപൂർവ്വം അടുത്തു പണിയെടുത്തിരുന്ന വള്ളിയെ വീക്ഷിച്ചു.

“തമ്പുരാൻ മധുവിധു ആഘോഷിക്കാൻ മദിരാശിക്ക് പോണ്ണ്ട്. നിനക്കും എങ്ങട്ടെങ്കിലും പോണ്ടേ?....” അല്പമൊരു പരിഹാസം ആ ചോദ്യത്തിൽ തങ്ങിയിരുന്നു.

കോരൻ അത്ഥം മനസ്സിലാവാതെ കാര്യസ്ഥനെ നോക്കി “എന്താ തമ്പ്രാൻ പറഞ്ഞ്?........”

“ഓ........ഹോ! ‘മധുവിധൂ’ന്ന് പറഞ്ഞാൽ നെനക്ക് മനസ്സിലാവില്ല, അല്ലേ? വിവാഹം കഴിഞ്ഞാൽ കൊറച്ചുദിവസം സുഖമായി താമസിക്കണേനാ ‘മധുവിധൂ’ന്ന് പറയണ്.”

“ഞങ്ങക്കിപ്പോ സുഖം തന്ന്യാണ്. ഇതിലധികം സുഖം ഞങ്ങക്ക് വേണ്ടമ്പ്രാനെ........”

കാര്യസ്ഥൻ പിന്നീടൊന്നും പറഞ്ഞില്ല.

തമ്പുരാൻ ബി. എ. ജയിച്ചിട്ടുണ്ട്. വലിയതമ്പുരാനാണ് കൃഷിപ്പണിയുടെ മേൽനോട്ടം വഹിക്കുന്നത്. കൃഷിപ്പണിയിൽ ധാരാളം ആദായമുള്ളതിനാൽ ചെറിയ തമ്പുരാൻ ഉദ്യോഗത്തിനൊന്നും പോകാതെ വീട്ടിൽ വെറുതെ ഇരിക്കുകയാണ്. തൻെറ മകൻെറ ഏതാവശ്യവും ഉടൻ സാധിപ്പിച്ചുകൊടുക്കുന്നതിൽ ഉത്സുകനാണ് വലിയ തമ്പുരാൻ. മകൻെറ ആവശ്യപ്രകാരം മധുവിധു ആഘോഷിക്കാൻ രണ്ടായിരം ഉറുപ്പിക മകനു കൊടുത്തു.

മകൻ ഭാര്യയോടുകൂടി മദിരാശിക്കു പോയി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അച്ഛനു മകൻെറ കത്തു വന്നു. ഭാര്യക്കു പനിയാണ്. പോരേ വിഷമം! വലിയ വലിയ ആ

ശയോടെ, പല കാഴ്ചകളും കണ്ടു രസിക്കുവാൻ അവർ മദിരാശിക്കു പോയതാണ്. പനി മാറിയപ്പോഠം ഭാര്യ നാട്ടിലെത്താൻ ധൃതിപിടിച്ചതിനാൽ നാട്ടിലേക്കു വേഗം മടങ്ങിയെത്തി.

കോരൻ തമ്പുരാന്റെ മധുവിധുയാത്രയുടെ വിവരമറിഞ്ഞു. അവൻ വിചാരിച്ചു. തമ്പുരാൻ പണം ചിലവു ചെയ്ത്, പോയി. എന്നിട്ടെന്തുണ്ടായി? മനോവേദനയും പണനഷ്ടവും ഉണ്ടായി. തന്റെ ആരോഗ്യവതിയായ വള്ളിയുള്ളപ്പോഠം തനിക്കെന്നും മധുവിധുതന്നെയാണ്........

അവൻ വള്ളിയെ നിഷ്കളങ്കഹൃദയത്തോടെ സാഭിമാനംവീക്ഷിച്ചു.



# 6. തിരുമുൽക്കാഴ്ച.

"എന്താ, പഴക്കൊലേം കൊണ്ടെങ്ങട്ടാ?............" ലക്ഷ്മിഅമ്മ തൻെറ വീട്ടിൻെറ പടിയ്ക്കൽക്കൂടി പോകുന്ന മാധവിയോട് വിളിച്ചുചോദിച്ചു.

മാധവി, ലക്ഷ്മിഅമ്മയെ കണ്ടപ്പോഠം പടിയ്ക്കൽനിന്നു. ലക്ഷ്മിഅമ്മയും അടുത്തെത്തി.

"പുത്തൻവീട്ടിലിക്ക് പോവ്വ്ാ......." ഒക്കത്തുനിന്നു കിഴിഞ്ഞുചാടുന്ന കുട്ടിയെ നേരെ ഇരുത്തി മാധവി പറഞ്ഞു.

"ഓ. ശര്യന്നെ. കുട്ടനെ നടാടെ കൊണ്ടോവ്ല്ലേ?..........." ലക്ഷ്മിയമ്മ കൈ നീട്ടിയപ്പോഠം ചിരിച്ചുകൊണ്ട് മാധവിയുടെ ഓമനമകൻ ചാടി.

മാധവിയുടെ അനുജൻ സാമാന്യം വലിയ ഒരു നേന്ത്രപ്പഴക്കല തലയിലേററി പിന്നിൽ നിന്നിരുന്നു. "എന്താ വെല പഴത്തിന്?..........." ലക്ഷ്മിയമ്മ വർത്തമാനത്തിന്നിടയിൽ അതു ചോദിക്കാതിരുന്നില്ല.

"മൂന്നുനാലുറുപ്പികയായി. എത്ര ദിവസായി കുട്ടനെ കാണിക്കാൻ കൊണ്ടോണംന്ന് പറഞ്ഞ്തെടങ്ങീട്ട്. ഇതേവരെ കയ്യില് കാശ്ണ്ടായില്ല..........."

"കടൊക്കെ വീടില്ലേ?..........."

"എങ്ങനെ വീടാനാ, ൻെറ ലക്ഷ്മ്യേടത്തി?......... അമ്പതുറുപ്പികേല് പകുതി വീടീട്ട്ല്ല്യ. എന്താ ചെയ്യ്വാ! അവരടെ ശമ്പളത്തിൽനിന്ന് മുമ്മൂന്നുറുപ്പിക മാസത്തിൽ മേനോൻ പിടിക്ക്ണ്ണ്ട്."

"അപ്പോ, ബാക്കി ശമ്പളംകൊണ്ട് ചെലവ് കഴിയ്യോ?....." സഹതാപത്തോടെ ലക്ഷ്മിഅമ്മ ചോദിച്ചു.

"കഴിയാതെങ്ങനാ? കഴിക്കണം. ഉള്ളതോണ്ട് കഴിയല്ലാതെ എവിടുന്നാണ്ടാവണത് ലക്ഷ്മ്യേടത്തീ?........"

"പഴം വാങ്ങാനെങ്ങനേ കാശ്ണ്ടായ്........? ഒരുറുപ്പികക്കാരൻ പപ്പടോ ഒരു റാത്തൽ പഞ്ചാരയോ പോരേ.........." തെല്ല് ശാസനാസ്വരത്തിൽ ലക്ഷ്മിഅമ്മ ചോദിച്ചു.

ലക്ഷ്മിഅമ്മ ശാസിച്ചാലും മാധവിക്കു പരാതിയില്ല, ദേഷ്യവുമില്ല. അവരങ്ങിനെയാണ് കഴിയുന്നത്. വീട് കുറച്ചകന്നിട്ടാണെങ്കിലും സ്വന്തം സഹോദരിമാരെപ്പോലെയാണവർ അന്യോന്യം സ്നേഹിക്കുന്നത്.

ലക്ഷ്മിഅമ്മയുടെ ചോദ്യത്തിന്നു മാധവി സ്വരംതാഴ്ത്തി പറഞ്ഞു. "കുട്ടൻെറ അച്ഛന് കാരണവർ ജീവനാ. ഞാൻ കുറെ പറഞ്ഞുനോക്കി, പണംല്ല്യാന്ന്. കടം മേടിച്ചിട്ടെങ്കിലും പഴംതന്നെ കൊടുക്കണംന്നാണ്. തേവൻെറ ചെറുമി അവൻെറ മകൻെറ കല്യാണത്തിന്ന് ചെറിയൊരു കെട്ട് പപ്പടാണത്രെ കാഴ്ചവെച്ചത്. 'നിൻെറ പപ്പടം ഇവിടെ ആവശ്യല്ല്യാ'ന്ന് കാരണവര് പറഞ്ഞൂത്രെ. അവനോൻെറ അവസ്ഥക്കല്ലേ സാധിക്കൂ?......."

"അവരൊക്കെ വല്ല്യേ കുട്ടരല്ലേ?.......വലിയതൊക്കെ വാങ്ങൂ. കൃഷ്ണനതൊക്കെ അറിയാം." ലക്ഷ്മിഅമ്മ പറഞ്ഞു.

"അവടെ ജോലീണ്ടായിട്ടാ ഈ വിധത്തിൽ കഴ്യേണത്. കാർണോര് ദേഷ്യപ്പെട്ടാൽ കാര്യം വെഷമായി. അതോണ്ട് നാലുറുപ്പിക ചെലവായാലും വേണ്ടില്ല......."

ലക്ഷ്മിഅമ്മ വർത്തമാനത്തിന്നിടയിൽ, തങ്ങൾ പടിയുടെ ഇരുഭാഗത്തും നിന്നു സംസാരിക്കുകയാണെന്ന കാര്യം, മറന്ന മാതിരി പറഞ്ഞു. എത്ര നേരായി പുറത്ത് നിക്കണു. വരൂ. അകത്തക്ക് പോവ്വാം........"

"മടക്കത്തിൽ വരാം. ഇപ്പോ പോട്ടെ"

മാധവി കുട്ടനെ എടുത്തു നടന്നു. മാധവിയുടെ അനുജൻ പിന്നാലെ നടന്നു. അവർ നടന്നു പോകുന്നതു നോക്കി ലക്ഷ്മിഅമ്മ പടിയ്ക്കൽത്തന്നെ നിന്നു.

മാധവിയുടെ ഭർത്താവിൻെറ അകന്നൊരു ബന്ധുവിൻെറ ഭാര്യയാണ് ലക്ഷ്മിഅമ്മ. അവരുടെ രണ്ട് ആൺമക്കൾ ദൂരദേശങ്ങളിൽ താമസിക്കുന്ന ചെറുകിട ഉദ്യോഗസ്ഥന്മാരാണ്. ഭർത്താവും വൃദ്ധയായ അമ്മയും ഒന്നിച്ച് മക്കളയക്കുന്ന പണംകൊണ്ട് സുഖമായി കഴിയുകയാണ് അവർ.

ചിലപ്പോൾ മാധവിയെ തൻെറ വീട്ടിലേയ്ക്കു ക്ഷണിച്ചും, ചിലപ്പോൾ താൻ അങ്ങോട്ടു പോയിട്ടും അവരുടെ സ്നേഹബന്ധത്തെ ലക്ഷ്മിഅമ്മ നിലനിർത്തിവന്നു.

പുത്തൻവീട്ട് സമ്പൽസമൃദ്ധമായ ഒരു കൂട്ടുകുടുംബമാണ്. കാരണവരും അദ്ദേഹത്തിൻെറ രണ്ടു സഹോദരിമാരും അവരുടെ മക്കളും ആയി ഇരുപതോളം ആളുകൾ ആ കുടുംബത്തിൽ ഉണ്ട്.

മാധവിയുടെ ഭർത്താവ്, കൃഷ്ണൻ അടക്കവും ഒതുക്കവും ഉള്ള, എല്ലാവരാലും സ്നേഹിക്കപ്പെടുന്ന ഒരു വേലക്കാരനാണ്.

കൃഷ്ണന് ഭൃത്യജോലി പാരമ്പര്യമായി കിട്ടിയതാണ്. അയാളുടെ അമ്മാമനും, അമ്മാമൻെറ പൂർവ്വജന്മാരിൽ ചിലരും അവിടത്തെ ഭൃത്യന്മാരായിരുന്നു. അമ്മാമൻ മരിച്ചപ്പോൾ കൃഷ്ണൻ ചെറിയ കുട്ടിയായിരുന്നു. വേറെ, ഉപജീവനത്തിന് മാർഗ്ഗമില്ലാതിരുന്നതിനാൽ, അയാളുടെ അമ്മ ഭൃത്യജോലി സ്വീകരിച്ചു. അതുവരെ സഹോദരൻ ചിലവിനു തന്നിരുന്നതുകൊണ്ട് അധികം ബുദ്ധിമുട്ടുകൂടാതെ കഴിയുകയായിരുന്നു അയാളുടെ അമ്മ. സ്വന്തമായി ജോലി ചെയ്തുതുടങ്ങിയപ്പോൾ വയറു നിറയെ കഴിക്കാൻ അമ്മക്കും മകനും കിട്ടിത്തുടങ്ങി.

കൃഷ്ണൻെറ അമ്മയുടെ മരണം അവിചാരിതമായാണ് സംഭവിച്ചത്. ഒരു ദിവസം വൈകുന്നേരം ജോലി കഴിഞ്ഞു്, ക്ഷീണപരവശയായിട്ടാണ് കല്യാണിഅമ്മ വീട്ടിൽ വന്നത്. അമ്മ പായയിൽ വന്നു കിടന്നപ്പോൾ മകൻ അടുത്തു ചെന്നു.

കല്യാണിഅമ്മക്ക് തലവേദനയും പനിയുമാണ്. കൃഷ്ണൻ ചന്ദനമരച്ച് നെററിയിൽ പുരട്ടിക്കൊടുത്തു. പൊ

ടിയരിക്കഞ്ഞിയുണ്ടാക്കി. കഞ്ഞികുടിക്കുന്നതിന്നിടയിൽ അവർ ഛർദ്ദിച്ചു. തളൎന്നു വീഴുന്ന അമ്മയെ കൃഷ്ണൻ താങ്ങി പായയിൽ കിടത്തി. "അയ്യോ, കുട്ടീ...........!" എന്നു വിളിച്ചപ്പോഴേക്കും അവരുടെ കണ്ണുകളടഞ്ഞു.

അമ്മയുടെ ചലനരഹിതമായ കിടപ്പുകണ്ടപ്പോഠം കൃഷ്ണൻ പരിഭ്രമിച്ചു. അയൽപക്കത്തുള്ള രണ്ടുപേരെ വിളിച്ചുകൊണ്ടുവന്നു. അവരിൽനിന്നും അമ്മയുടെ ചരമവാൎത്ത ശ്രവിച്ചപ്പോഠം അയാളുടെ ഹൃദയത്തിൽ ഒരു കൂരമ്പു തറച്ചതായി തോന്നി. ചുററുപാടുകളെ വിസ്മരിച്ചു് അയാഠം തൻെറ ഏകാധാരമായ അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു.

ശവസംസ്കാരം നാട്ടുകാരുടേയും പുത്തൻവീട്ടുകാരുടേയും സഹായംകൊണ്ടു് വേഗത്തിൽ കഴിഞ്ഞു. കൃഷ്ണൻ ഹൃദയം നൊന്തു കരഞ്ഞു. "ആരാണിനി തനിക്കൊരു ബന്ധു? താനെങ്ങിനെ ജീവിക്കും?..........."

അന്നയാഠംക്കു് പതിനഞ്ചു വയസ്സാണ്. അഞ്ചാം ക്ലാസ്സുവരെ പഠിച്ചു്, അലസതകൊണ്ടു് പഠിപ്പു നിൎത്തി, അമ്മ അദ്ധ്വാനിച്ചു് പണിചെയ്തുകിട്ടുന്ന പ്രതിഫലംകൊണ്ടുപജീവിച്ചു്, 'തെണ്ടിത്തിരിഞ്ഞു' നടന്നു്, മററുള്ളവരുടെ പരിഹാസവും ശകാരവും കേട്ടു് ചെവി തഴമ്പിച്ചും മനസ്സു മടുത്തും ദൂരദേശത്തു പോയി എന്തെങ്കിലും ജോലി നോക്കണമെന്ന 'ഇടശ്ശങ്ക'യോടെ ഇരിക്കുകയായിരുന്നു അയാഠം. അപ്പോഴാണ് അപ്രതീക്ഷിതമായി ഈ സംഭവം നടന്നതു്.

പുത്തൻവീട്ടിലെ കാരണവക്ക് കൃഷ്ണനോട് ദയ തോന്നി. അവനെ അരികെ വിളിച്ച് സ്നേഹത്തോടുകൂടി കാരണവർ പറഞ്ഞു.

"നീ ദൂരത്തേക്കൊന്നും പോണ്ട. വീടുനോക്കാൻ ആരാ, പിന്നെ? നാട്ടിൽത്തന്നെ കഴിഞ്ഞാൽ മതി"

"നാട്ടിലെന്തുജോല്യാ ചെയ്യാ?............." അയാറം ദയനീയനായി ചോദിച്ചു.

"നിനക്കു വേണ്ടൂച്ചാൽ ഇവിടെ നിന്നോ. നല്ലോണം, എല്ലാക്കും ഇഷ്ടത്തിന് നിന്നാൽ ബുദ്ധിമുട്ടുണ്ടിവരില്ല്യ. എന്താ?..........."

കൃഷ്ണൻെറ സന്തോഷത്തിന്നതിരുണ്ടായില്ല. അവൻ സാഹ്ലാദം സമ്മതിച്ചു. സുഖമായി കഴിയുകയും ചെയ്യാം, വീടു നോക്കുകയും ചെയ്യാം. അന്നുതന്നെ അയാളവിടെ ഭൃത്യനായി. എന്തു പണിയും അയാറം മടി കൂടാതെ ചെയ്യും. മടിച്ചുനിന്നാലത്തെ ഫലം അവനറിയാം.

ഒരിക്കൽ അവൻ കാരണവരുടെ ഇളയ സഹോദരിയുടെ കല്പനയനുസരിച്ച് കുറച്ചു വസ്തുങ്ങറം വാങ്ങാൻ പീടികയിലേക്കു പോയി. കാരണവർ മുമ്പുതന്നെ, കാര്യസ്ഥൻ രാമുക്കുറുപ്പിനെ വിളിക്കാൻ കൃഷ്ണനെ ഏല്പിച്ചിരുന്നു.

കൃഷ്ണൻ പീടികയിൽനിന്ന് വസ്തുങ്ങറം കൊണ്ടുവരുന്നതു കണ്ടപ്പോറം കാരണവർ ചോദിച്ചു. "എവിടുന്നാ, ത്?"

"പീടികേന്ന് കൊണ്ടുവര്ാ.............കാത്ത്യായന്യമ്മ പറഞ്ഞിട്ട്..........."

അപ്പോ, രാമക്കുറുപ്പിനെ വിളിച്ചില്ലേ?..............." കാരണവർക്ക് അതിയായ ദേഷ്യം വന്നു.

"അയ്യോ..........." അയാൾ പെട്ടെന്ന് നാവു കടിച്ച് പറഞ്ഞു.

"എന്തടാ! നാവു കടിക്കണ്?..........."

"ഞാൻ മറന്നു..........." അയാൾ പേടിച്ചുകൊണ്ട് പറഞ്ഞു.

"ആഹാ! ഇത്രായോ? കാത്തു പറഞ്ഞതാ ആദ്യം ചെയ്യണ്ടത്, അല്ലേ? ഞാൻ കാരണല്ലേ നെനക്കീ പണി കിട്ട്യേ?........" വായിൽ തോന്നിയതെല്ലാം കാരണവർ പറഞ്ഞു. കൃഷ്ണൻ എല്ലാം കേട്ട് മ്ലാനവദനനായി, തലതാഴ്ത്തി നിന്നു.

കാരണവരുടെ കോപം ശമിച്ചപ്പോൾ അദ്ദേഹം ശാന്തനായി പറഞ്ഞു. "ഉം...........നാൽ വേഗം പോയി വാ. ഒരു കാര്യം പറഞ്ഞാൽ ഇങ്ങനെ മറക്കരുത്, ഇനി. ട്ടോ."

"ഇല്ല. ഇനി മനസ്സിരുത്താം......." കൃഷ്ണൻ താഴ്മയോടെ പറഞ്ഞു.

അയാൾ ഒരോട്ടത്തിന് ഒരു നാഴിക അകലെയുള്ള രാമക്കുറുപ്പിൻെറ വീട്ടിൽ പോയി അയാളെ കൂട്ടിക്കൊണ്ടു

വന്നു. അപ്പോഠംത്തന്നെ, തൻെറ തെററു തീക്കാനായി ഒരു റാത്തൽ പഞ്ചസാര തിരുമുൽക്കാഴ്ചവെച്ചു. കാരണവരുടെ പിണക്കം തീന്നുവെന്നു മാത്രമല്ല, കൃഷ്ണൻ മൂപ്പരുടെ ഇഷ്ടനുമായി.

കൃഷ്ണൻെറ 22-ാം വയസ്സിൽത്തന്നെ അയാഠം ഒരു കൂട്ടുകാരിയെ സമ്പാദിച്ചു. പുത്തൻവീട്ടിലെ വെപ്പുകാരിയായ നാണിയമ്മയുടെ മകഠം മാധവിയെ അയാഠം ആദ്യം തന്നെ തൻെറ സഹധമ്മണിയാക്കണമെന്നുദ്ദേശിച്ചിരുന്നു. കൃഷ്ണൻ തൻെറ ആഗ്രഹം നാണിയമ്മയെ അറിയിച്ചപ്പോഠം അവർ പൂൎണ്ണമനസ്സോടെ അതിന്നു സമ്മതിച്ചു.

പുത്തൻ വീട്ടുകാരുടെ സഹായത്തോടെ അവരുടെ വിവാഹം ഒരുവിധം, ആഡംബരാധിക്യമില്ലാതെ കഴിഞ്ഞു. മാധവി വിവാഹിതയായി ആദ്യംചെന്നതു് ഒരു കുല നേന്ത്രപ്പഴവുമായാണു്.

അതാണവിടുത്തെ പതിവു്—അവിടുത്തെ പണിക്കാരെ സംബന്ധിക്കുന്ന വല്ല വിശേഷസംഭവങ്ങളും നടന്നാൽ കാരണവരുടെ പ്രീതിക്കായി കാഴ്ചവെക്കാറുണ്ടു്. തങ്ങളുടെ ഉപജീവനം കഴിയുന്നതു് കാരണവരുടെ ദയകൊണ്ടല്ലേ?............

ഒരുകൊല്ലം കഴിഞ്ഞപ്പോഴേക്കും മാധവി പ്രസവിച്ചു. പ്രസവത്തിന്നു ഡോക്ടരെ വിളിക്കേണ്ടിവന്നു. ഡോക്ടൎക്കു കൊടുക്കുവാനും മരുന്നുകഠംക്കുമായി അയ്മ്പ

തുരപ്പികയോളം ചിലവായി. അതു് കടം വാങ്ങുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു.

പണം കടം വാങ്ങിയെങ്കിലും കുട്ടിയെ ജീവനോടെ കിട്ടിയല്ലോ എന്നു വിചാരിച്ചു് മാധവിയും കൃഷ്ണനും സമാധാനിച്ചു.

കുട്ടന്റെ ചോറൂണു കഴിഞ്ഞപ്പോൾ, കാരണവർക്കു്, തന്റെ ഓമനമകനെ കാണിക്കാൻ കൃഷ്ണനു് തിടുക്കമായി. കാരണവർതന്നെ കൃഷ്ണനോടു് തന്റെ ആഗ്രഹം വെളിപ്പെടുത്തി.

"കൃഷ്ണാ! നിന്റെ കുട്ടനെ എന്നാ കൊണ്ടുരാ?...... കാണാൻ തോന്ന്ണു."

"ഇപ്പോ കയ്യില് കാശൊന്നുല്ല്യാ. കാശ്ണ്ടാവുമ്പോ കൊണ്ട്രാം......." വിനയത്തോടെ കൃഷ്ണൻ പറഞ്ഞു.

"എന്തിനാ കാശ്?..........." ഒരു കുസൃതിച്ചിരിയോടെ കാരണവർ ചോദിച്ചു.

"കുട്ടനെ കൊണ്ടുവരുമ്പോ..............എന്തെങ്കിലും ല്യെങ്കിലോ...........? അതു വയ്യ..........."

"ഒന്നും വേണ്ടാ...........!" ഒരലക്ഷ്യമട്ടിൽ കാരണവർ പറഞ്ഞു.

"അതു പററില്ല്യ. എന്റെ സന്തോഷത്തിന് എന്തെങ്കിലും വേണം."

"നിൻെറ ഇഷ്ടംപോലാവാം"

പിന്നീട് കാരണവർ ഒന്നും പറഞ്ഞില്ല.

കൃഷ്ണൻ മാധവിയോട് സാഹ്ലാദം പറഞ്ഞു. "കാർന്നോരക്ക് കുട്ടനെ കാണണംന്ന് പറഞ്ഞു"

"അവനെ കൊണ്ടോവുമ്പോ എന്തെങ്കിലും കൊടുക്കണ്ടെ?" സോൽക്കണ്ഠം മാധവി ചോദിച്ചു.

"വേണം. നിൻേറല് കാശ്ണ്ടോ?..........."

"ഇല്ലല്ലോ..........."

രണ്ടു ദിവസം കഴിഞ്ഞപ്പോൾ കൃഷ്ണൻ വീണ്ടും മാധവിയുടെ മുമ്പിൽ ആ പ്രശ്നം എടുത്തിട്ടു.

മാധവി അടുത്ത വീട്ടിലെ ശങ്കുനായരുടെ കയ്യിൽ നിന്ന് നാലുറുപ്പിക കടം വാങ്ങി. കൃഷ്ണൻ ഒരു കുല നേന്ത്രപ്പഴവും വാങ്ങി.

പുത്തൻവീട്ടിൽ എത്തിയ മാധവി കൃഷ്ണനെ കണ്ടു. കൃഷ്ണൻ കുട്ടനെ എടുത്ത് കാരണവരുടെ മുമ്പിൽ ചെന്നു. പഴക്കുല മുമ്പിൽ വെച്ചപ്പോൾ കാരണവർ ആഹ്ലാദദ്യോതകമായ ഒരു ചിരി ചിരിച്ചു. കാരണവർ കുട്ടനെ ഒന്നു ചിരിപ്പിച്ച്, സമ്മാനമായി നാലണ കയ്യിൽകൊടുത്ത്, കൃഷ്ണനോട് കല്പിച്ചു.

"കൃഷ്ണാ! ഇത് കലോറേല് കൊണ്ടോയി തൂക്കിക്കോ."

---

# 7. എൻെറ ഫോട്ടോ

എൻെറ മൂത്ത മകൾ ലീല പെട്ടി തുറക്കുമ്പോൾ അവളുടെ രണ്ടു വയസ്സായ മകൾ, സതി അടുത്തിരുന്ന് പാവയെ കാലിൽ കിടത്തി ഉറക്കുകയാണ്. ലീല ഭർത്തൃഗൃഹത്തിലേക്കു പോകാനായി വസ്ത്രങ്ങൾ പെട്ടിയിൽ അടക്കുകയാണ്. അവൾ ഒരു സാരിയെടുത്തപ്പോൾ അതിൽനിന്നൊരു കവർ താഴെ വീണു.

സതി അതു കണ്ടു. പാവയെ താഴെ കിടത്തി കവറെടുത്തു. അതിനുള്ളിൽ എന്തോ ഒന്നു കണ്ട് അതു പുറത്തെടുത്തു. ആനന്ദംകൊണ്ടു വികസിതമായ വദനത്തോടെ അവളതു് ലീലയെ കാണിച്ചു. "അമ്മേടെ ഫോട്ടം. അല്ലേ അമ്മേ?............"

ലീല അലസമായി ആ ഫോട്ടോ നോക്കി. "ഇതു ഞാനല്ല. മുത്തശ്ശ്യാ............"

"അല്ലല്ല........" അവൾ ലീലയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു.

"ഒന്നുപദ്രവിക്കാതിരിക്ക്." ലീല അവളുടെ കൈ പിടിച്ചു വലിച്ചു നീക്കി.

സതി കരയാനുള്ള ഭാവമായി.

"ഇവിടെ വാ." ഞാനവളെ പിടിച്ച് എൻെറ മടിയിലിരുത്തി. വാത്സല്യത്തിൻെറ മുദ്രകൾ അവളുടെ തുടുത്ത കവിളുകളിൽ ഞാൻ തുരുതുരെ അർപ്പിച്ചു.

സതി, ആ ഫോട്ടോ എന്നെ കാണിച്ചു.

"ഞാനല്ലേ? അതു്..........." ഞാൻ ചോദിച്ചു.

"ഊം........ഉം." അവഠം നിഷേധരൂപത്തിൽ തല യാട്ടി മൂളി. "അമ്മയാ'തു്......."

"അല്ല. ഇതു ഞാനാണു്......."

"അല്ല." അവഠം സമ്മതിക്കാൻ ഭാവമില്ല.

"നിൻെറ മുത്തശ്ശി നിൻറമ്മേടെ പ്രായത്തു് ഇങ്ങ നേന്നു്..........."

"അല്ല.......അല്ല." അവഠം വാശിപിടിച്ചു.

"നാൽവേണ്ട." ഞാനൊഴിഞ്ഞു.

സതിയുടെ അച്ഛൻ, രമേശൻ മുറിയിലേക്കു വന്നു. "സതി എന്താ മുത്തശ്ശ്യോടു് തക്കിക്കണു്?......."

ഞാൻ നടന്ന കാര്യം രമേശനോടു പറഞ്ഞു. രമേ ശൻ ഫോട്ടോ നോക്കി. "സതി പറഞ്ഞതു് തെററല്ല. ഒററ നോട്ടത്തിന്നു് ലീല്'ാണെന്നു തോന്നും"

രമേശൻ സതിയെ എടുത്തുകൊണ്ടു പറഞ്ഞു. "മുത്ത ശ്ശീടെ ഫോട്ടോ നിൻറമ്മേപ്പോലെ ഇരിക്കണു, ല്ലേ്യ?...."

"മുത്തശ്ശ്യല്ല......." അവഠം ഊന്നിപ്പറഞ്ഞു.

"അതെ." രമേശനവളെ വാശിപിടിപ്പിച്ചു.

"അല്ല" സതിയും വിട്ടില്ല.

"അതെ"

"അല്ല............"

അവൾക്കു കരച്ചിൽ വന്നുതുടങ്ങി.

ലീല രമേശനെ അല്പം ദേഷ്യത്തോടെ നോക്കി. "എന്തിനാ വെറുതെ ശുണ്ഠിയെടുപ്പിക്കണെ്?............കരച്ചില് തൊടങ്ങ്യാൽപ്പിന്നെ നിത്തില്യ............"

രമേശൻ സതിയോടുകൂടി പുറത്തേക്കു പോയി.

ഞാൻ അടുക്കളയിൽ ചെന്നു് തൈരു് കലക്കാനിരുന്നു.

ഇരുപതു കൊല്ലം മുമ്പെടുത്ത ആ ഫോട്ടോ ആകസ്മികമായി കണ്ടപ്പോൾ അന്നു നടന്ന സംഭവങ്ങൾ എന്റെ മനസ്സിൽക്കൂടി കടന്നുപോയി.

ആ ഫോട്ടോ എടുത്തപ്പോൾ ഞാൻ അവിവാഹിതയായിരുന്നു. അന്നു ഞാൻ സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുകയാണു്. എന്റെ ക്ലാസ്മേയ്ററാണു് ശ്രീധരൻ.

ശ്രീധരൻ ആരാണെന്നു പറയാൻ ഇന്നെനിക്കു് യാതൊരു മടിയുമില്ല. അന്നു്, യുവത്വത്തിന്റെ പരിപൂർണ്ണതയിൽ, ആ നാമം ഉച്ചരിക്കുവാൻ എനിക്കു് സങ്കോചമുണ്ടായിരുന്നു. അദ്ദേഹത്തെപ്പററി ഓക്കുമ്പോൾ അവാച്യമായ ഒരു തരം വികാരം അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇന്നു്, യൌവ്വനത്തള്ളിച്ചയോടെ ഒഴുകിയിരുന്ന എന്റെ ഹൃദയനദി പാകതവന്നു് ശാന്തമായി ഒഴുകുകയാണു്. അതിൽ മാലിന്യലേശം ഇഴുകിച്ചേർന്നിട്ടില്ല. ഇന്നെ

നിക്കദ്ദേഹത്തെ നേരിട്ടു കാണുമ്പോഠം അചഞ്ചലഹൃദയത്തോടെ, സ്നേഹപൂൎവ്വം ഒരു സഹോദരനോടെന്നപോലെ കുശലാന്വേഷണം ചെയ്യാൻ കഴിയും.

ശ്രീധരൻ എൻെറ അയൽവാസിയായിരുന്നു. സ്നേഹം, ഞങ്ങളെ വേൎതിരിക്കപ്പെട്ടിരുന്ന ആൺ പെൺ വ്യത്യാസംകൊണ്ടു്, അകന്നു നിന്നില്ല. സമപ്രായക്കാരായ ഞങ്ങഠം ഒന്നിച്ചു വളൎന്നു. ഞങ്ങഠംക്കു് യൌവ്വനമായപ്പോഠം രക്ഷിതാക്കഠം ഞങ്ങളെ അകററാൻ ശ്രമിച്ചു.

• അമ്മ എന്നെ പലപ്പോഴും താക്കീതു ചെയ്തു. "രാധേ, ശ്രീധരനുമായുള്ള നിൻെറ കൂട്ടുകെട്ടു് നന്നല്ല. നീ കുട്ടിയാണോ? കുറച്ചാലോചിക്കണ്ടേ?..........."

"എന്താ അമ്മേ! എന്തിനാ ഞങ്ങളെ സംശയിക്കണു്?..........." അസഹ്യമായ മനോവേദനയോടെ ഞാൻ പറയും.

"എനിക്കു് വിരോധം ണ്ടായിട്ടല്ല. ശ്രീധരൻെറ സ്വഭാവത്തിനു് ദൂഷ്യമില്ല. പക്ഷെ നാട്ടുകാരെന്തെങ്കിലും പറയും. മനസ്സിരുത്തിക്കോ."

എനിക്കു് പേടിയായി. നാട്ടുകാർ വല്ലതും പറഞ്ഞാൽ സഹിച്ചിരിക്കുകയേ നിവൃത്തിയുള്ളു. എനിക്കു് എൻെറ വേണുഏട്ടനെപ്പോലെ, ഒട്ടും കുറയാത്ത സ്നേഹമുണ്ടായിരുന്നു, ശ്രീധരനോടു്. അമ്മയുടെ നിൎദ്ദേശം ശ്രീധരനോടു് പറയാൻ എനിക്കു മടി തോന്നി. അതു പറഞ്ഞാൽ ശ്രീധരനെന്തു വിചാരിക്കും? എനിക്കു ശ്രീധരനെ സ്നേഹിക്കാൻ കഴിയില്ലെന്നല്ലേ ശ്രീധരൻ വിചാരിക്കുക?

ഒരൊഴിവുദിവസം—ഞാൻ, അമ്മയുടെ വാക്കു തെററി നടക്കുകയോ, അതോ ശ്രീധരനോടിതിനെപ്പററി പറഞ്ഞു് അടുപ്പം കുറക്കുകയോ വേണ്ടതെന്നാലോചിച്ചിരിക്കുകയാണ്. ശ്രീധരൻ കണക്കുബൌണ്ടും പെനും കയ്യിൽ പിടിച്ചു്, ഒരു സിനിമപ്പാട്ടും പാടി എനിക്കഭിമുഖമായി വന്നുനിന്നു.

ഞാനൊന്നു ചിരിക്കാൻ ശ്രമിച്ചു. എൻെറ പതിവില്ലാത്ത ആലോചനകണ്ടു് ശ്രീധരൻ അമ്പരന്നു. അകാരണമായി ഞാൻ പരിഭ്രമിച്ചിരുന്നതിനാൽ ഞാനൊന്നും പറയാൻ ശക്തയായില്ല.

"എന്താ രാധ ആലോചിക്കണ്?....,..."

"ഒന്നുമില്ല." ഞാൻ മുമ്പിൽ മലർത്തിവെച്ചിരുന്ന പുസ്തകത്തിൽ ദൃഷ്ടി പതിപ്പിച്ചു.

"അല്ല.......രാധ എന്തോ ഗാഢമായി ആലോചിക്ക്ണ്. എന്നോടു പറയില്ല്യേ്യ?........" ഒരഭ്യർത്ഥന ആ വാക്കുകളിൽ തങ്ങിയിരുന്നു. ഞാൻ മൂകയായി, വ്യസനത്തോടെ ആ വദനത്തിൽ നോക്കി.

"ശ്രീധരനെന്താ കണക്കുചെയ്യാൻ വരപാണോ?...." ഞാൻ സംഭാഷണം മാററുവാൻ ആഗ്രഹിച്ചു.

"ഓ....അതു സാരല്യ. ഇതു പറയൂ."

ഞാൻ ധർമ്മസങ്കടത്തിലായി.

"ഞാൻ ഒന്നും വിചാരിച്ചില്ല്യ. മനുഷ്യർക്കൊക്കെ ആലോചന ഇല്ല്യേ്യ?........"

"ഇതിലെന്തോ രഹസ്യം ണ്ട്." ശ്രീധരൻ അതറിയാൻ കിണഞ്ഞുശ്രമിച്ചു.

"ഒന്നുമില്ല, ശ്രീധരാ........"

"സത്യമാണൊ രാധ പറയണു്?........"

ഞാൻ മിണ്ടിയില്ല. ശ്രീധരൻെറ മുഖം കരുവാളിച്ചതുപോലെ തോന്നി. ശ്രീധരൻ മുറുക്കിപ്പിടിച്ചിരുന്ന പുസ്തകം വലിച്ചുകൊണ്ട് ഞാൻ പറഞ്ഞു. "ശ്രീധരൻ ഇരിക്കു. നമുക്കു കണക്കു ചെയ്യാം..........."

ശ്രീധരൻ പുസ്തകത്തിൻെറ പിടുത്തം വിട്ടിരുന്നില്ല. ഞാൻ പൂർവ്വാധികം ശക്തി പ്രയോഗിച്ചു. അമ്മ ഞങ്ങളുടെ 'പിടിവലി' കണ്ടുകൊണ്ടു വന്നു.

"ആയ്യായേ............ൻെറ രാധേ! നിനക്കു നാണമില്ലേ?.......ആരെങ്കിലും കണ്ടാൽ എന്താ പറയ്ാ....?" അമ്മ എൻെറ മുഖത്തു നോക്കിയാണ് അതു പറഞ്ഞതു്.

അമ്മ പോയി. ഞാൻ മുഖമുയത്തി ശ്രീധരനെ നോക്കി. ശ്രീധരൻ എന്നേയും. ആ മുഖം വിളത്തിരുന്നു. കണ്ണുകഠം അസ്പഷ്ടമായ ഏതോ വികാരത്താൽ നനഞ്ഞിരുന്നു.

"ശ്രീധരാ..........." പോകാൻ തുടങ്ങിയ ശ്രീധരനെ ഞാൻ വിളിച്ചു.

തിരിഞ്ഞുനിന്നു് ശ്രീധരൻ യാത്രചോദിച്ചു "ഞാൻ പോട്ടെ?.........."

"കണക്കു ചെയ്തിട്ടാവാം...."

"വേണ്ട. ഞാൻ തന്നെ ചെയ്യാം...."

ശ്രീധരൻ നടന്നു പോകുന്നതു് ഞാൻ വേദനയോടെ നോക്കി. ഞാൻ തേങ്ങിക്കരഞ്ഞു........

ശ്രീധരൻ പിറേറ ദിവസം സ്കൂളിലേക്ക് പോകുമ്പോൾ എന്നെ വിളിച്ചില്ല. ഞാൻ ശ്രീധരനെ വിളിക്കാനായി അവിടെ ചെന്നപ്പോൾ സ്കൂളിലേക്കു പോയതായി അറിവു കിട്ടി. സ്കൂളിൽനിന്നു് ഞങ്ങൾ ആവശ്യമുണ്ടെങ്കിൽ, സാധാരണയായി സംസാരിച്ചിരുന്നു. അന്നു മുതൽ, ശ്രീധരൻ എന്നെ കാണുമ്പോൾ, ഒരപരിചിതനെപ്പോലെ നടിച്ചിരുന്നു.

ശ്രീധരൻ എന്നിൽനിന്നു് തീരെ അകന്നു. വീട്ടിൽ വരാതായി.

ഒരു ദിവസം സ്കൂളിലേക്കു പോകുന്ന വഴിക്ക് ഞാനതിൻെറ കാരണം ചോദിക്കാൻ ധൈര്യപ്പെട്ടു. "എന്താ ശ്രീധരൻ വീട്ടിൽ വരാത്തതു്?...."

"ഒന്നുമില്ല...."

"എന്നോട്ട് വിരോധം ണ്ടോ?...."

"ഏയ്...." നിഷേധസ്വരത്തിൽ തലയാട്ടി, ശ്രീധരൻ അത്ഭുതത്തോടെ എന്നെ നോക്കി.

"പിന്നെന്താ?...."

"അധികം അടുക്കുന്നതു് നന്നല്ലാന്നു് തോന്നി........" ശ്രീധരൻ വേഗം നടന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

"നിൽക്കു. ഞാനൊന്നു ചോദിക്കട്ടെ?........"

"എന്താ?........" ശ്രീധരൻ തിരിഞ്ഞു നിന്നു.

"ശ്രീധരനെന്നെ തെററിദ്ധരിക്കേപൊ?........"

"ഇല്ല അതെനിക്കു വയ്യ, രാധേ." അദ്ദേഹം വലിഞ്ഞു നടന്നു.

ഞാനെൻെറ ഹൃദയം പരിശോധിച്ചു. ശ്രീധരനായി ഒരു വലിയ സ്ഥലമാണ് ഞാനെൻെറ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നത്. ശ്രീധരൻ അതു കുറക്കുവാൻ ശ്രമിക്കുകയാണ്. എനിക്ക് ദുഷ്പേര് വരരുതെന്നു കരുതിയാണ് അദ്ദേഹം സ്വയം അകന്നത്. ശ്രീധരൻ വീട്ടിൽ വരാതിരുന്നതിനാൽ ഞങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ച നിന്നു.

ഞങ്ങൾ അയൽവീട്ടുകാരാണെന്നും, സഹോദരഭാവത്തോടെ അന്യോന്യം പെരുമാറിയിരുന്നുവെന്നും എൻെറ കൂട്ടുകാരികൾക്കറിയാം. ശ്രീധരൻെറ ഭാവഭേദം കണ്ടപ്പോൾ പലരും അതിനുള്ള കാരണം ചോദിച്ചു.

"ഞങ്ങൾക്ക് പിണക്കമൊന്നുമില്ല." എന്നു മാത്രം മറുപടി പറഞ്ഞ് ഞാൻ സംതൃപ്തയായി. എൻെറ നാവു കൊണ്ട് ഞാൻ ആ സംഭവം ആരോടും പറഞ്ഞിട്ടില്ല.

ഞങ്ങൾ പത്താംക്ലാസ്സിൽനിന്നു ജയിച്ചു. ശ്രീധരൻ കോളേജിലേക്കു പോകാൻ തീച്ചയാക്കി. എൻെറ വിവാഹാലോചനയിൽ അച്ഛൻ ബദ്ധശ്രദ്ധനായിരുന്നതിനാൽ കോളേജിലേക്ക് 'അപ്ലിക്കേഷൻ' അയക്കാൻപോലും അദ്ദേഹം ശ്രമിച്ചില്ല.

ശ്രീധരൻ കോളേജിൽ ചേരുന്നുണ്ടെന്ന വിവരം ശ്രീധരന്റെ അമ്മ പറഞ്ഞിട്ടാണ് ഞങ്ങളറിഞ്ഞത്.

ശ്രീധരൻ വീട്ടിൽ വരാതിരിക്കുന്നതിന്റെ കാരണം അമ്മ ഊഹിച്ചറിഞ്ഞു. എന്നോട് ഒരു തവണ അമ്മ പറയുകയും ചെയ്തു. "ശ്രീധരൻ ഇത്രവേഗം പരിഭവിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. കഷ്ടം! പറയേണ്ടിയിരുന്നില്ല...."

ശ്രീധരൻ കോളേജിൽ ചേരുന്നതിന്റെ തലേ ദിവസം, നാലു മാസത്തിനു ശേഷം എന്റെ വീട്ടിൽ വന്നു. ഞാൻ ഒരു പുസ്തകം വായിക്കുകയായിരുന്നു. അമ്മയുടെ അടുത്തേക്കാണ് ശ്രീധരൻ പോയത്.

"ഞാൻ നാളെ പാലക്കാട്ടുക്ക് പോകയാണ്" ശ്രീധരൻ അമ്മയോടു പറയുന്നത് ഞാൻ കേട്ടു

"ഹോസ്റ്റലിലാണോ താമസം?"

"അതെ"

കുറച്ചു നേരത്തെ സംസാരത്തിന്നു ശേഷം അമ്മ പറഞ്ഞു. "രാധ വടക്കെ അറേലുണ്ട്."

"ഉം", ഒരു മൂളൽ കേട്ടു.

എന്റെ ഹൃദയം ശക്തിയായി മിടിച്ചു. ശ്രീധരനോട് സംസാരിക്കുവാൻ സങ്കോചവും പരിഭ്രമവും അന്നാദ്യമായാണ് എനിക്കുണ്ടായത്. ഞാൻ വാതില്ക്കലേക്ക് തുടിക്കുന്ന ഹൃദയത്തോടെ നോക്കി.

ശ്രീധരൻ വാതില്ക്കൽ വന്നു നിന്നു. ഞാനെഴുന്നേറ്റു പറഞ്ഞു. "അകത്തേക്കു വരൂ"

"ഞാൻ യാത്ര ചോദിക്കാൻ വരികയാണ്..........."
ശ്രീധരൻ പറഞ്ഞു.

"ചായ കഴിച്ചിട്ട് പോകാം............"

"വേണ്ട...........ഞാൻ പോവുകയാണ്."

"എൻെറ അവസാന അഭ്യൎത്ഥന........." എൻെറ കണ്ഠം ബാഷ്പനിരുദ്ധമായതിനാൽ എനിക്കു തുടരാൻ കഴിഞ്ഞില്ല.

ശ്രീധരൻ പകച്ചു നിന്നു. അല്പനേരത്തിന്നു ശേഷം ശ്രീധരൻ സങ്കോചത്തോടെ കസാലയിൽ വന്നിരുന്നു. "ഞാൻ രാധേടെ അഭ്യൎത്ഥന നിരസിക്കുന്നില്ല"

ഹാവു! എനിക്കു സമാധാനമായി.

"ഞാൻ ഇപ്പോ വരാം. ഇവിടെ ഇരിക്കൂ." ശ്രീധരൻെറ മറുപടി കാക്കാതെ ഞാൻ മുറി വിട്ടു.

വിവിധ വികാരങ്ങളാൽ ചൂടുപിടിച്ചിരുന്ന എൻെറ ഹൃദയം തണുത്തു ശാന്തമാവാതെ എന്തെങ്കിലും സംസാരിക്കുവാൻ ഞാനശക്തയായി. പതിനഞ്ചു മിനിട്ടുകൊണ്ട് ചായയുണ്ടാക്കി ശ്രീധരന്നു കൊടുത്തു. എൻെറ ഹൃദയം ശാന്തമായിരുന്നതിനാൽ ഞാൻ പല വൎത്തമാനങ്ങളും ശ്രീധരനോട്ട് ചോദിച്ചറിഞ്ഞു. നാലു മാസമായി വീട്ടിൽ വരാതിരുന്നത്, എൻെറ നന്മയെ ഉദ്ദേശിച്ചാണെന്ന് ശ്രീധരൻ പറഞ്ഞപ്പോഴാണ് എനിക്കത്ഭുതമായി.

ശ്രീധരൻെറ കയ്യിൽ ഒരു ക്യാമറ ഉണ്ടായിരുന്നു.

"ഞാൻ രാധേടെ ഒരു ഫോട്ടോ എടുക്കട്ടെ?...........
എൻെറ അവസാന അഭ്യൎത്ഥന ആയാലോ ഇതു്?........"
ശ്രീധരൻ എന്നെ കളിയാക്കി ചിരിച്ചു.

ഞാൻ ലജ്ജിച്ചു. എൻെറ, അടുത്തു നടക്കാൻ പോകുന്ന വിവാഹത്തെ സൂചിപ്പിച്ചായിരുന്നു ശ്രീധരൻ 'അവസാനാഭ്യൎത്ഥന' എന്നു പറഞ്ഞതു്. ശ്രീധരൻ എൻെറ ഫോട്ടോ എടുത്തു. അദ്ദേഹം യാത്രപറഞ്ഞു പോയപ്പോഠം എന്തോ ഒരസ്വാസ്ഥ്യം എന്നെ ബാധിച്ചിരുന്നു.

ശ്രീധരൻ രണ്ടാഴ്ച കഴിഞ്ഞപ്പോഠം ഫോട്ടോ അയച്ചുതന്നു.

അദ്ദേഹം ഇപ്പോഠം സിലോണിൽ ഭാൎയ്യയും രണ്ടു കുട്ടികളുമായി, ഉദ്യോഗവരുമാനവുമായി ജീവിക്കുകയാണു്. രണ്ടുകൊല്ലം കൂടുമ്പോഠം നാട്ടിൽ വന്നാൽ ബാല്യകാലസഖിയായ എന്നെ കാണാതെ പോവാറില്ല

കാലം നീങ്ങുന്നതു് ആരും അറിയുന്നില്ല. സതി പറയുന്നു, ആ ഫോട്ടോ അവളുടെ അമ്മയുടേതാണെന്നു്. ഇനിയൊരു പതിനെട്ടു കൊല്ലം കഴിഞ്ഞാൽ സതിയുടെ കുട്ടിയും പറഞ്ഞേക്കാം: ഈ ഫോട്ടോ അവളുടെ അമ്മയുടേയാണെന്നു്!

# 8. സൂക്ഷിച്ചുവെച്ച പണം.

**************

"ആ.......ങ്! അപ്പോ എവിടുന്നാ വരണ്, ശ ങ്കുപ്പാരേ?......." വടിയും കുത്തി, പടി കടന്നു വരുന്ന ശങ്കു നായരെ കണ്ടപ്പോഴാം, ലോഗ്യത്തിനെന്നപോലെ രാമൻ നായർ എഴുന്നേററു ചോദിച്ചു.

ശങ്കുനായർ നടന്നു കിതക്കുന്നുണ്ടായിരുന്നു. ഇറയത്തു കയറി വടി പടിയിന്മേൽ വെച്ച് തോർത്തുമുണ്ടുകൊണ്ട് ദേഹവും മുഖവും കഷണ്ടിത്തലയും തോർത്തി "ഹാ....വൂ!" എന്നൊരു ദീർഘശ്വാസമിട്ടു. രാമൻനായർ കസേരയിൽ മറുപടിയും കാത്ത് ഇരിപ്പായി.

ൻെറ കുട്ട്യേ! ഞാനാ പണിക്കരെ കണ്ട്ട് വര്ാ...." തോർത്തുമുണ്ട് ചുമലിലിട്ട് ശങ്കുനായർ പറഞ്ഞു.

"ഉം?....എന്തേ?...." രാമൻനായർ ജിജ്ഞാസയോടെ ചോദിച്ചു.

"ഒന്നൂല്ല്യ. കൊറച്ച് കാര്യം ണ്ടായി"

മററുള്ളവരോട് പറയുവാൻ വയ്യെന്ന നാട്യത്തോടെയാണ് ശങ്കുനായർ പറഞ്ഞത്.

"വല്ല്യേ കാര്യാവും, അല്ലേ? എന്നോടു പറയാൻ പാടില്ല്യേരിക്കും..........."

രാമൻനായർ എനിക്കു കേഠംക്കേണ്ട..........! എന്ന മട്ടിൽ ഇരുന്നു. "ആട്ടെ. ശങ്കപ്പാര് ആ കസാലേല് ഇരുന്നോളൂ."

"കേസേലേം മേശേം ഒന്നും വേണ്ട. ഞാനതിലൊന്നും ഇരുന്ന് ശീലിച്ചിട്ടില്ല്യ. ഞാൻ ഈ പടീലിരിക്കാം. "ഉറയത്തെ പടിയിൽ വടിയും തോത്തും വെച്ച് കാലു് റിലത്തിട്ട് മൂപ്പർ ഇരിപ്പുറപ്പിച്ചു.

"നെടന്ന് ക്ഷീണിച്ചു് വരുപ്ല്ലേ? കൊറച്ച് ചായ കൊണ്ട്രാൻ പറയട്ടെ?" രാമൻനായർ ശങ്കുനായരോടു ചോദിച്ചു.

"വേണ്ടോ..........! ഒക്കെ ബുദ്ധിമുട്ടല്ലേ?.........." വേണമെന്നു നടിച്ചു് ലോഗ്യത്തിനാണ് ശങ്കുനായരതു് പറഞ്ഞതു്.

ചായയെപ്പററി ഓത്തപ്പോഠത്തന്നെ ശങ്കുനായരുടെ വായിൽ വെള്ളം നിറഞ്ഞിരിക്കുന്നു.

രാമൻനായർ മനസ്സിൽ വിചാരിച്ചു "മൂപ്പക്ക് കൊടുക്കാതെ ഞാനും ഭാൎയ്യേം കുടിച്ചാൽ, കൊതി പററീട്ടുണ്ടെങ്കിൽ ദീനം തുടങ്ങും. അപ്പോ ഭാൎയ്യ പണിക്കരെ വരുത്തും. മന്ത്രവാദച്ചരട് കയ്യിൽ കെട്ടണം. പണിക്കർക്ക് പണത്തിന്ന് വല്ലാത്തെ ബുദ്ധിമുട്ടുള്ള കാലാണെങ്കിൽ ബ്രഹ്മരക്ഷസ്സിൻേറം കുട്ടിച്ചാത്തൻേറം ഉപദ്രവംണ്ട്ന്ന് പറയും. അതിനെ പൂജിക്കാനും കുടിവെക്കാനും ചെലവ് ഒരുപാടുവരും. അതിനേക്കാഠം ഭേദം ഒരു ഗ്ലാസ്സ് ചായ കൊട്ക്കാണ്..........!"

രാമൻനായർ ശങ്കുനായരോടു പറഞ്ഞു. "ഞാൻ ചായ കൊണ്ടുവരാം. ഇരിക്കണം, ശങ്കപ്പാരേ..........."

ശങ്കുനായർ ചായയുടെ സ്വാദോർത്ത് നുണച്ചിറക്കി, ഒന്നു ചിരിച്ചു.

രാമൻനായർ അകത്തുചെന്നു. അയാളുടെ ഭാര്യ ചായയുണ്ടാക്കി ഒരു ഗ്ലാസ്സിൽ പകൎന്നുവെച്ചിരുന്നു.

"ഒരു ചായക്കൂടി വേണം." അയാഠം പറഞ്ഞു.

"എവിടുന്നാ ഒരു ചായക്കൂടി? ഇതു ഹോട്ടലാണോ?.. ..........നിങ്ങള് പൊടി ഇവടെ ഏല്പിച്ചുതന്നിട്ടുണ്ടോ? ഈ പൊടി ഞാൻ കുഞ്ഞ്യേമടേന്ന് കടം വാങ്ങീട്ടാ.........! വേണെങ്കിലിതു കുടിച്ചോട്ടെ. വേറെ ആൎക്കും ഇവിടെ ചായേ..........ല്ല്യ..........."

അവളുടെ കോപകലുഷിതമായ മുഖംകണ്ട് അയാഠം അമ്പരന്നു. ഗ്ലാസ്സ് കയ്യിലെടുത്തുകൊണ്ട് ദയാൎത്ഥനയോടെ അയാഠം പറഞ്ഞു. "ശങ്കപ്പാരു വന്നിട്ടുണ്ട്. ഞാൻ ചായകൊണ്ട്രാംന്നു പറഞ്ഞു."

"നിങ്ങടൊരു ശങ്കപ്പാരു! ചായകഴിഞ്ഞൂന്ന് പറഞ്ഞേക്കിൻ. വന്നോരക്കൊക്കെ ചായകൊടുക്കാൻ ഇവടത്തുക്കൊന്നും മുതലില്ല്യ. ഹും.........! ഏറെ പറഞ്ഞാൽ എനിക്ക് കലി കേറും."

അവളുടെ കനത്തതും ഉയൎന്നതുമായ സ്വരംകേട്ട് അയാഠം അവളുടെ വായ പൊത്തി. "അയ്യോ! ശങ്കപ്പാരു കേക്കും. പതുക്കെ പറയ്."

"ഇതെന്താ പൊറാട്ട് കളിക്കണ്?" അവൾ അയാളുടെ കൈ തട്ടിനീക്കി.

"എന്താ ഞാൻ പൊറാട്ടു കളിച്ചാൽ പററില്ലേ?...." ദേഷ്യമൊതുക്കി, ഭാര്യയെ ചിരിപ്പിക്കാൻവേണ്ടി, അയാൾ ചിരിച്ചുകൊണ്ട് ചോദിച്ചു. അവൾക്കു ചിരിവന്നു.

"ചായച്ചണ്ടീണ്ടോ........" രാമൻനായർ ചോദിച്ചു.

"എന്തിനാ?..........."

"തിളച്ച് വെള്ളത്തിലിട്ട് എനിക്കു ഊററിത്തന്നാൽ മതി. ഈ ചായ ശങ്കാരക്ക് കൊടുക്കാം." രാമൻനായർ നടന്നു.

"വേണ്ട. ഇത് നിങ്ങള് കുടിച്ചോളിൻ. ശങ്കാരക്ക് ചണ്ടിവെള്ളം കൊടുക്കാം."

"ഏയ്. അതുവേണ്ട. ശങ്കാര് നടന്നു ക്ഷീണിച്ച് വര്ാ........!"

"വേണ്ടാന്ന്........" അവൾ ഊന്നിപ്പറഞ്ഞു.

"ശ്........അരുത്"

'അധികം ചിലക്കരുത്' എന്നത്ഥം വരുന്ന ഒരു നോട്ടം അയാൾ ഭാര്യയുടെ നേരെ നോക്കി. അതിഥികൾ വരുമ്പോൾ ഭാര്യയും ഭർത്താവും കൂടി വക്കാണം കൂടിയാൽ എത്ര കണ്ട് നന്ന്!

രാമൻനായർ ചായയുമായി വരുന്നതു കണ്ടപ്പോൾ, ഗ്ലാസ്സിലേക്കുററുനോക്കിക്കൊണ്ട് ശങ്കുനായർ ചോദിച്ചു. "എന്താ, നിങ്ങള് വല്ലാതെ ബുദ്ധിമുട്ട്യോ?......."

"ഏയ്.......ഇല്ല." അയാളൊരു മുഴുത്ത നുണ പറഞ്ഞു.

"എന്താ മാധവ്യേമ ലഹള കൂട്ടേ്യന്നു്?...."

"അതൊന്നുല്യ. അവളെന്നോട്ട് ചായ കഴിക്കാൻ പറഞ്ഞു. ഞാൻ വേണ്ടാന്നും പറഞ്ഞു. അവളെന്നെ ശാസിച്ചു." തന്റെ ഭാര്യയുടെ ഉയൎന്ന ശബ്ദം ശങ്കുനായർ കേട്ടുവല്ലോ എന്നു വിചാരിച്ച് അയാൾക്കു ലജ്ജതോന്നി.

"നിങ്ങള് കുടിച്ചില്ലേ്യ?...."

"ഇല്ല. ഞാൻ പിന്നെ കുടിച്ചോളാം."

അയാൾ ഗ്ലാസ്സ് ശങ്കുനായരുടെ നേൎക്ക് നീട്ടി. ശങ്കുനായർ സംശയിച്ചുകൊണ്ട് ഗ്ലാസ്സ് കയ്യിൽ വാങ്ങി. ഒററ ശ്വാസത്തിന് ചായ മുഴുവൻ ഇറക്കി.

"ഇദാ. ഇങ്ങടൊന്നു വരു." രാമൻനായരുടെ ഭാൎയ്യ വാതില്ക്കൽ മറഞ്ഞുനിന്ന് വിളിച്ചു.

"എന്താ മാധവ്യേമേ, എന്നെ മറന്നോ്വാ? ഇങ്ങട് വരു." ശങ്കുനായർ വിളിച്ചുപറഞ്ഞു.

"അവൾക്ക് അടുക്കളേല് പണീണ്ടാവും." മാധവിഅമ്മയുടെ സമ്മതം കൂടാതെത്തന്നെ അയാൾ ശങ്കുനായരുടെ ക്ഷണനം നിരസിച്ചു. തന്റെ ഭാൎയ്യ മററു പുരുഷന്മാരോട്ട് സംസാരിക്കുന്നതു് അയാൾക്കിഷ്ടമല്ല. അയാൾ മാധവിഅമ്മ കൊടുത്ത ചായ അര ഗ്ലാസ്സ് കുടിച്ച് ഗ്ലാസ്സ് തിരികെ കൊടുത്തു.

"ഞാനപ്പഴും പറഞ്ഞില്ലേ നല്ല ചായ കുടിച്ചോളാൻ....?" സ്നേഹപൂൎവ്വം അവൾ അയാളെ ശാസിച്ചു.

“ഒന്നു മിണ്ടാതിരിക്ക്. അയാഠം കേഠക്കും.” രാമൻ നായർ നെററി ചുളിച്ചുകൊണ്ടു് പറഞ്ഞു. മാധവിഅമ്മ പരിഭവത്തോടെ അടുക്കളെയിലേക്കു പോയി.

രാമൻനായർ കസാലയിൽ വന്നിരുന്നു.

“അപ്പോ, ഞാനെന്തിനേ വന്നതു്, ന്നോ?....” ശങ്കു നായർ ചോദിച്ചു.

“ആവോ! പറഞ്ഞാലല്ലേ അറിയൂ.” രാമൻനായർ പറഞ്ഞു.

“എനിക്ക് കൊറച്ചു് പണം വേണം. നിങ്ങളുടെ കയ്യിൽ ണ്ടാവോ?....”

“എത്രുണ്ടു് വേണം?” രാമൻനായർ തല ചൊറി ഞ്ഞുകൊണ്ടു് ചോദിച്ചു.

ശങ്കുനായരും തൻെറ തലയൊന്നു് ചൊറിഞ്ഞു. “ഉ ണ്ടെങ്കിലൊരു അമ്പതു്. അല്ലെങ്കിൽ മുപ്പത്തഞ്ചെങ്കിലും വേണം....”

“എൻേറല്............ണ്ടോ............ആവോ!..........” രാമൻനായർ ആലോചനയിലിരുന്നു.

“നിങ്ങഠക്ക് കൃഷ്ണൻനായരുടെ കുറി കിട്ടീട്ട്ണ്ട്ന്ന് കേട്ടു.”

ശങ്കുനായരുടെ വത്തമാനം കേട്ടു് രാമൻനായക്കു ചി രി വന്നു. എല്ലാം അന്വേഷിച്ചറിഞ്ഞിട്ടാണ് മൂപ്പർ വ ന്നിരിക്കുന്നതു്, കിട്ടാതിരിക്കില്ല എന്ന നിശ്ചയത്തോടെ.

"അത് കിട്ട്യേപ്പഴക്കും ഒരു നൂറുകൂട്ടം ആവശ്യംണ്ടായി. വെളുത്തേടന്ന് രണ്ട്. മേനോന്ന് പത്ത്. മാധവിക്ക് മുണ്ടു വാങ്ങാൻ എട്ട്. എനിക്ക് അഞ്ച്. അരീം വെറകും സാമനോം വാങ്ങാൻ പത്ത്. ഇപ്പോ എത്ര്ായി?............"

രാമൻനായർ ആലോചിച്ച് കണക്കു് തെയ്യാറാക്കുമ്പോ, മുമ്പെത്തന്നെ കണക്ക് കൂട്ടി തയ്യാറാക്കിയിരുന്ന ശങ്കുനായർ പറഞ്ഞു "മുപ്പത്തഞ്ചുറുപ്പിക."

"അതെ. ബാക്കി മുപ്പത്തഞ്ചേ ഉള്ളൂ. അതു നിങ്ങൾക്കും തന്നാൽപ്പിന്നെ ഞാനെന്താ ചെയ്യാ?............" അയാൾ നിസ്സഹായതയോടെ പറഞ്ഞു.

"നിങ്ങൾക്ക് പത്തു ദിവസം കഴിഞ്ഞാൽ ശമ്പളം കിട്ടില്ല്യേ?" ശങ്കുനായർ, രാമൻനായരുടെ പണത്തിന്മേൽ സ്വാതന്ത്ര്യം പ്രയോഗിക്കാനൊരുമ്പെട്ടപ്പോൾ രാമൻനായക്ക ദേഷ്യം വന്നു.

അയാളല്പം ഗൌരവത്തോടെ പറഞ്ഞു. "പത്തു ദിവസം വരെ ഞാനെങ്ങ്നാ കഴിയ്ാ?...............പണം മുഴേപാൻ തൊടച്ചു തന്നാൽ വയ്യ. വേണങ്കിൽ ഇരുപത്തഞ്ചു തരാം."

"അതു പററില്ല. തികച്ച് തരണം"

രാമൻനായരുടെ ശുണ്ഠി ഉച്ചസ്ഥലത്തെത്തി. "ശങ്കപാര് ഇങ്ങനെ പറഞ്ഞാലെങ്ങ്നാ?........എൻെറ ആവശ്യത്തിനില്ല്യാതെ മുഴേപാൻ തൊടച്ചു തന്നാൽ ഞാനല്ലേ മുട്ട്ാ?..........."

"മുട്ട്യേ കയ്യിന് ഞാൻ തരാം."

"അതു കാര്യം വേറെ" രാമൻനായർ ആത്മഗതം ചെയ്തു. മുമ്പൊരിക്കൽ ചായകുടിക്കാൻ നാലണ കൊടുത്തിട്ട്, എത്ര പിന്നാലെ നടന്നു ചോദിച്ചിട്ടാണ് രാമൻനായക്ക് അതു് മടക്കികിട്ടിയത്! ശങ്കുനായക്ക് പണം കടംകൊടുത്താൽ കിട്ടാൻ പ്രയാസമാണ്.

മുപ്പത്തഞ്ചുറുപ്പികയിൽ, അഞ്ചുറുപ്പിക അയാളുടെ ഭാര്യ നിർബ്ബന്ധിച്ചു ചോദിച്ചപ്പോൾ കൊടുത്തു. അഞ്ചുറുപ്പിക അയാൾ പെട്ടിക്കടിയിൽ സൂക്ഷിച്ചിരുന്നു. ബാക്കി ഇരുപത്തഞ്ചുറുപ്പിക വക്കീൽ ഗോപാലൻ മേനോൻെറ കൈവശം സൂക്ഷിക്കാൻ കൊടുക്കണമെന്നുദ്ദേശിച്ച് ഒരു കടലാസ്സിൽപൊതിഞ്ഞു് പെട്ടിപ്പുറത്തു് വെച്ചിരിക്കുകയാണ്. അപ്പോഴാണ് ശങ്കുനായർ അതു് വേണമെന്നു പറയുന്നതു്. തൻെറ കയ്യിലില്ലെന്നു പറയുന്നതു് നുണയാവില്ലേ?

കുറെനേരം ആലോചിച്ച് രാമൻനായർ പറഞ്ഞു. "ഇരുപത്തഞ്ചു വേണെങ്കിൽ തരാം. വേണോ?........"

അല്പം വല്ലായ്മയോടെ ശങ്കുനായർ പറഞ്ഞു. "ഉം. നാൽ അതാവട്ടെ." എന്നിട്ടും ശങ്കുനായർ പണത്തിൻെറ ആവശ്യം പറഞ്ഞില്ല.

രാമൻനായർക്ക് അതറിയണമെന്നു തോന്നി. "എന്താ, ഇപ്പോൾ പണത്തിനിത്ര അത്യാവശ്യം?......."

ശങ്കുനായർ കുറഞ്ഞൊന്നു പരുങ്ങി. "ഇപ്പോൾ നിങ്ങളറിയണ്ട. പിന്നീട് പറയാം." സമാധാനിപ്പിച്ചുകൊണ്ടു് ശങ്കുനായർ പറഞ്ഞു.

"ഓ........! എന്താ എനിക്കൊന്നു് കേട്ടാൽ........?"

അയാറം തിരക്കി.

വളരെ വൈമനസ്യത്തോടെ ശങ്കുനായർ പറഞ്ഞു. "എൻെറ മകളില്ലേ, മീനാക്ഷി? അവളുടെകല്യാണം ആലോചിക്ക്യാണു്........"

"ആരാ ആള്?........" സഹജമായ ജിജ്ഞാസയോടെ രാമൻ നായർ ചോദിച്ചു.

"പറളി അടുത്താ വീട്ട്. കഴിഞ്ഞ മാസത്തില് 'പെണ്ണിനെ കാണാൻ' വന്നു. പെണ്ണിനെ പിടിച്ചെന്നാ പറഞ്ഞത്ത്."

"പ്രായം എത്രായി?........"

"ഏയ്........ചെറുപ്പല്ലേ?........"

"എന്നാലും?........"

"നാല്പത്തഞ്ചിൽ കുറയില്ല."

നാല്പത്തഞ്ചു് വയസ്സ്, ചെറുപ്പമാണത്രെ! അയാറംക്ക് ചിരിവന്നു.

"മകറംക്കെത്ര വയസ്സായി?........"

"മീനാക്ഷിക്ക് ഈ കന്നിലല്ലേ ഇരുപതു തെകഞ്ഞു്........? എരട്ടി വയസ്സ്. അത്രേള്ള........"

"എന്നാ കല്യാണം?........"

"തീച്ചായിട്ടില്ല. പണിക്കരെക്കൊണ്ടു് ജാതകം നോക്കിച്ചു. ചേരുംന്നാ പറഞ്ഞത്ത്........"

രാമൻനായർ സംസാരം അധികം നീട്ടിക്കൊണ്ടു പോവാൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ അകത്തുപോയി ഭാര്യയോട് വിവരം പറഞ്ഞു.

“വെറുതെ കൊടുക്കണ്ട. പിന്നെ കിട്ട്ല്യാട്ടോ” മാധവിഅമ്മ രാമൻനായർക്ക് താക്കീതു നല്കി.

“അയാൾ മടക്കിത്തരാതിരിക്കോ?......പേടിക്കൊന്നും വേണ്ട”

രാമൻനായർ പണപ്പൊതി എടുത്തു. മാധവിഅമ്മ വീണ്ടും വീണ്ടും മുടക്കു പറഞ്ഞു. രാമൻനായർ അവയെല്ലാം ഗണ്യമാക്കാതെ ശങ്കുനായർക്കു പണം കൊടുത്തു.

രാമൻനായർ സൂക്ഷിച്ചുവെച്ച പണം, ശങ്കുനായരുടെ കയ്യിലായി. അയാൾ യാത്രചോദിച്ചു പടി കടന്നു.



# 9. വലിയവരുടെ ദയ.

സരസ്വതീവിലാസത്തിലെ അലക്കുകാരിയാണ് ശാരദ. ഇരുപത്തെട്ടു വയസ്സായ അവൾക്ക് ഭർത്താവും രണ്ടു കുട്ടികളും മാത്രമേയുള്ളു. അഞ്ചു വയസ്സായ രാമു ഒന്നാംക്ലാസ്സിൽ പഠിക്കുകയാണ്. ചെറിയ കുട്ടി, രാധ ഒരു വയസ്സു മാത്രം പ്രായമുള്ള ഒരു കൊച്ചു മിടുക്കത്തിയാണ്.

ശാരദയുടെ അമ്മ മരിച്ചിട്ട് പത്തു കൊല്ലമായി. അന്ന് അവളും അമ്മയും കൂടിയാണ് അലക്കിയിരുന്നത്. രാവിലെ രണ്ടുപേരും വലിയൊരു കെട്ട് വസ്ത്രവുമായി പുഴയ്ക്കലേക്കുപോകും. ഒരു വലിയ പാറക്കെട്ടിന്നടുത്ത് രണ്ടുപേരും സ്ഥലം പിടിച്ച്, ഉച്ചവരെ വിശ്രമമില്ലാതെ അലക്കും. അലക്കു കഴിഞ്ഞാൽ അവയെല്ലാം പിഴിഞ്ഞെടുത്ത് ശാരദ കുന്നിൻപുറത്തു കയറും. അവിടെ പാറമേലും നിലത്തും മുണ്ടുകൾ വിരിച്ച് ശാരദ അതിന്നു കാവൽ നില്ക്കും.

അവളുടെ അമ്മ സരസ്വതീവിലാസത്തിൽ പോയി കഞ്ഞിയോ പഴഞ്ചോറോ വാങ്ങിക്കൊണ്ടുവരും. ശാരദ, വസ്ത്രങ്ങൾ ഉണങ്ങിയാൽ എല്ലാം കെട്ടി ഭാണ്ഡമാക്കി വീട്ടിലേക്കു കൊണ്ടുചെന്നാൽ, അമ്മയും മകളും കൂടി ഭക്ഷണം കഴിക്കും. അവൾ രണ്ടാംക്ലാസ്സുവരെ പഠിച്ചിട്ടുള്ളതിനാൽ രാമായണം തപ്പിവായിച്ച് അമ്മയെ കേൾപ്പിക്കും. വൈകുന്നേരം ശാരദ, അലക്കിയ വസ്ത്രങ്ങളെല്ലാം സരസ്വതീവിലാസത്തിൽ കൊണ്ടുപോയി കൊടുക്കും.

വർഷക്കാലമാണെങ്കിൽ അവക്കു വലിയ ബുദ്ധിമുട്ടാണു്. വസ്ത്രങ്ങഠം പാറമേൽ ഉണക്കാനിട്ടപ്പോഴേക്കും മഴവന്നാൽ എല്ലാം നനയും. അവരുടെ ചെറിയ വീട്ടിൽ ഉണക്കാൻ സ്ഥലമില്ല. മഴയില്ലാത്ത സമയം നോക്കിയിട്ടേ അവക്ക് വസ്ത്രങ്ങഠം ഉണക്കാൻ സാധിക്കുകയുള്ളൂ.

സരസ്വതീവിലാസം ഒരു കൂട്ടുകുടുംബമാണു്. അവിടത്തെ കാരണവരും അദ്ദേഹത്തിൻെറ സഹോദരീസഹോദരന്മാരും അവരുടെ മക്കളുമായി അവിടെ പത്തുമുപ്പതംഗങ്ങളുണ്ടു്. മിക്ക ദിവസവും അവിടെ അലക്കാൻ ധാരാളം വസ്ത്രങ്ങഠം കാണും.

അവക്കെല്ലാം ശാരദയെ ഇഷ്ടമാണു്. അവഠംക്ക് വൃത്തിയായി അലക്കാൻ കഴിയുമെന്നു മാത്രമല്ല, മുണ്ടുകഠം യാതൊന്നും കളയാതെ, ഓരോരുത്തരുടേയും തരം തിരിച്ചു് ഏല്പിക്കുകയും ചെയ്യും. അവഠംക്കത്യാവശ്യമായ മുണ്ടോ ജാക്കറ്റോ അവർ കൊടുക്കുകയും ചെയ്യും.

അവളുടെ അമ്മ അയൽവീട്ടുകാരോടു് ശാരദയെ സ്തുതിച്ചു പറയാറുണ്ടു്: "അവളുണ്ടായിട്ടാ ഞാനിങ്ങനെ ജീവിക്കണതു്. ഒരു ദിവസം അവളില്ലെങ്കിൽ എനിക്ക് കഴിച്ചുകൂട്ടാനെന്തു ബുദ്ധിമുട്ടാ........!" അമ്മയുടെ വാക്കു കേട്ടു് അവഠം അഭിമാനംകൊള്ളാറുണ്ടു്.

ഒരിക്കൽ ശാരദക്ക് പനിയായിട്ടു് ആ അമ്മ എന്തെല്ലാം വഴിപാടുകഠം നേൎന്നു! ഊണും ഉറക്കവുമില്ലാതെ മകളുടെ അടുത്തിരുന്നു ശുശ്രൂഷിച്ചു. രണ്ടു ദിവസം കഴിഞ്ഞു് പനി ഭേദമായപ്പോഠം അവഠം കണ്ടവരോടെല്ലാം

KOTTAYAM

പറഞ്ഞു. "ശാരദക്ക് പനി പിടിച്ചപ്പോഴം ഞാൻ വല്ലാതെ പേടിച്ചു, ട്ടോ. അവള് പോയെങ്കിൽ ഞാനെന്താ ചെയ്യ്വാ?.........."

അപ്പോഴേക്കും അവളുടെ കണ്ണുകഠം നിറഞ്ഞു. "എല്ലാം ദൈവാധീനം". അവഠം മേല്പോട്ടു നോക്കിപ്പറഞ്ഞു.

അന്ന് ശാരദയുടെ അമ്മ സരസ്വതീവിലാസത്തിലുള്ളവരോടും അയൽപക്കക്കാരോടും പറയാറുണ്ട്. "ശാരദക്ക് കല്യാണപ്രായായി. അവഠംക്കൊരാള് വന്നാൽപ്പിന്നെ എനിക്ക് സമാധാനമായി മരിക്കാം."

എന്നാൽ ആ അമ്മയുടെ ആഗ്രഹം സഫലമാകുന്നതിന്നു മുമ്പുതന്നെ അവർ മരിച്ചു. അന്ന് ശാരദക്ക് ഇരുപത്തിരണ്ടു വയസ്സാണ്. അമ്മയും മകളും കൂടി മുണ്ടലക്കുകയായിരുന്നു. അമ്മ കാൽ തെററി പുഴയിൽ വീണു. ശാരദയും മററ് അലക്കുകാരും അവളെ താങ്ങിപ്പിടിച്ച് വീട്ടിലേക്കു കൊണ്ടുപോയിക്കിടത്തി. അവർ പിന്നീട് മിണ്ടിയില്ല. അന്നു രാത്രിതന്നെ അവർ മരിച്ചു.

ശാരദ ഹൃദയം വെന്തു നിലവിളിച്ചു. "ഈ ലോകത്തിൽ ഇനി എനിക്കാരുണ്ട്? ഞാനെങ്ങിനെ തനിയെ ജീവിക്കും?...." അവളുടെ മനസ്സിൽക്കൂടി വ്യസനചിന്തകഠം തുളഞ്ഞുകയറി.

അയൽപക്കക്കാരുടെ സഹായംകൊണ്ട് ശവശരീരം സംസ്കരിക്കപ്പെട്ടു. പുല പോകുന്നതുവരെ സരസ്വതീവിലാസത്തിൽനിന്ന് ശാരദക്ക് ഭക്ഷണം കൊടുത്തു. എല്ലാ

വരും അവളോട് വെവ്വേറെ സഹതാപം പ്രകടിപ്പിച്ചു. ശാരദ കണ്ണുനീരോടെ എല്ലാം കേട്ടുനിന്നു.

"ശാരദേ, നിനക്ക് തനിയെ ഇവിടുത്തെ വസ്ത്ര ങ്ങൾ അലക്കാൻ കഴിയേ്വാ?......." സരസ്വതീവിലാസ ത്തിലെ തറവാട്ടമ്മ ചോദിച്ചു.

"ഞാനലക്കാം......." അവൾ ദൃഢനിശ്ചയത്തോടെ പറഞ്ഞു. "ഇല്ലാതെങ്ങിനെ കഴിഞ്ഞുകൂടും?. എനിക്കിവിടു ത്തെ സഹായം മാത്രമേ ഉള്ളു."

"എന്നാൽ അങ്ങനാവാം. ഒരൊററ മുണ്ടും പോയിന്നു പറയരുത്. കൃത്യസമയത്ത് കൊണ്ടുവരാനും ശ്രദ്ധിക്കണം. എന്താ?......."

"അങ്ങനാവാം" ശാരദ സമ്മതിച്ചു.

അങ്ങിനെ ശാരദ അലക്കുജോലി തുടൻ. രാത്രി ത നിയെ വീട്ടിൽ കിടക്കുവാൻ അവൾക്കു ഭയം തോന്നി. അ ടുത്ത വീട്ടിലെ ഒരു വൃദ്ധ അന്തിക്കൂട്ടിനു് അവളുടെ വീ ട്ടിൽ കിടന്നു. ആ വൃദ്ധയും ഒരലക്കുകാരിയായിരുന്നു. വാ ദ്ധ്ക്യം കാരണം അവൾക്ക് അലക്കാൻ സാധിച്ചിരു ന്നില്ല. തൻെറ ഏകമകൻ മാസംതോറും അയച്ചിരുന്ന ചെറിയ തുകകൊണ്ട് അവരുടെ നിത്യവൃത്തി കഴിഞ്ഞിരു ന്നു.

ആയിടയ്ക്കു്, രണ്ടുമൂന്നു കൊല്ലമായി നാടുവിട്ടുപോ യിരുന്ന, വൃദ്ധയുടെ മകൻ നാട്ടിൽ വന്നു. വൃദ്ധക്ക് ശാരദ യുടെ സ്നേഹപൂർവ്വമായ പെരുമാററവും നിഷ്കളങ്കസ്വഭാവ

വും വളരെ ഇഷ്ടമായിരുന്നു. ശാരദയെ തൻെറ പുത്രഭാര്യയാക്കുവാൻ അവളാഗ്രഹിച്ചു. തൻെറ ആഗ്രഹം അവർ മകനെ അറിയിച്ചു.

മകനതു് സമ്മതമായി. താമസിയാതെ അവർ ദമ്പതികളായി. ശാരദയുടെ ഏകാന്തജീവിതത്തിൽ ഒരു പങ്കാളി ചേർന്നു. നാലു മാസം ശാരദയോടു കൂടി സസുഖം ജീവിച്ചതിന്നുശേഷം അയാഠം ജോലിചെയ്യുവാനായി നാടു വിട്ടു.

"നാട്ടിൽ നിന്നാൽ ശാരദക്കു് ഉപകാരാവും. നീയെന്തിനാ പോണതു്?" എന്ന അമ്മയുടെ ചോദ്യത്തിന്നു് മകൻ ഉത്തരം പറഞ്ഞു.

"ശാരദക്കു് ഉപകാരാണു്. ശരിതന്നെ. നമുക്കു് മൂന്നാഠംക്കു് ഇതോണ്ടു് കഴിയാൻ പ്രയാസാണു്."

ശാരദ ഗർഭിണിയായി. വൃദ്ധ ആനന്ദത്താൽ മതിമറന്നു. തൻെറ വീട്ടിൽ ഒരു കൊച്ചുകുഞ്ഞിൻെറ കരച്ചിൽ കേഠംക്കാൻ പോകയാണു്!................പ്രസവകാലമടുത്തപ്പോഠം, അവഠം അച്ചുതന്നു—അവളുടെ ഭർത്താവിന്നു—കത്തെഴുതി. വേഗം നാട്ടിൽ വന്നു് തൻെറ ജോലി ഏറെറടുത്തിട്ടില്ലെങ്കിൽ തനിക്കു് സരസ്വതീവിലാസത്തിലെ ജോലി നഷ്ടപ്പെടുമെന്നെഴുതി.

സരസ്വതീവിലാസത്തിലെ കാരണവർ താക്കീതു നല്കിയിരുന്നു. "ശാരദ ഇനി പ്രസവിച്ചാൽ എങ്ങ്നാ അലക്കു്?.......അച്ചുതനോടു് വരാനെഴുതു്.......അലക്കു വേറെ വല്ലോർക്കും കൊടുത്താൽപ്പിന്നെ കിട്ടില്ല......."

അവിടുത്തെ ജോലി നഷ്ടപ്പെട്ടാൽ തന്റെ കാര്യം മോശമാവും—എന്നവൾക്ക് നല്ലവണ്ണമറിയാം.

ശാരദയുടെ കത്തനുസരിച്ച് അച്യുതൻ വന്നു. ശാരദ ഒരാൺകുട്ടിയെ പ്രസവിച്ചു. മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ ഒരു പെൺകുട്ടിയും ശാരദക്കു ജനിച്ചു. ആ കുട്ടി ജനിച്ച് ഒരു മാസം കഴിഞ്ഞപ്പോൾ വാർദ്ധക്യസഹജമായ രോഗം കാരണം വൃദ്ധ മരിച്ചു.

സരസ്വതീവിലാസത്തിൽ നിന്ന് ഉച്ചക്കു കിട്ടുന്ന കഞ്ഞിയും പത്തുറുപ്പിക ശമ്പളവും കൊണ്ട് അവർ ഒരു വിധം സംതൃപ്തിയോടെ ജീവിച്ചു. അച്യുതൻ ചിലപ്പോൾ വിറകു വെട്ടുവാനോ മററു വല്ല ജോലികൾക്കൊ ആരെങ്കിലും വിളിച്ചാൽ പോകാറുണ്ട്.

അന്ന് അച്യുതൻ സരസ്വതീവിലാസത്തിലേക്ക് വിറകു വെട്ടുവാനായി പോയി. ശാരദ രാമുവിനെ സ്കൂളിലേക്ക് പറഞ്ഞയച്ച് ചെറിയ കുട്ടിയെ ഉറക്കുകയായിരുന്നു. മുററത്ത് 'ആവി'ക്കു മീതെ വലിയൊരു പാത്രത്തിൽ വസ്ത്രങ്ങൾ പുഴുക്കാനിട്ടിരുന്നു. അതിന്ന് എങ്ങിനേയോ തീപ്പിടിച്ചു. തീയ്യ് ആളിക്കത്തിത്തുടങ്ങി.

ശാരദ കുട്ടിയെ ഉറക്കി പുറത്തു വന്നപ്പോൾ കണ്ട കാഴ്ച, അവളെ ഞെട്ടിച്ചു. അവൾ ഉറക്കെ നിലവിളിച്ചു. അടുത്തുള്ള ആളുകൾ ഓടിയെത്തി. അവർ നടത്തിയ ശ്രമമെല്ലാം വിഫലമായി. എല്ലാം കത്തിക്കഴിഞ്ഞിരുന്നു.

ശാരദയുടെ ഹൃദയത്തിലും തീയ്യ് ആളിക്കത്തുന്നതു പോലെ തോന്നി. എത്ര വിലപിടിച്ച വസ്ത്രങ്ങളാണ് നശിച്ചതു്.

അവ൪ സരസ്വതീവിലാസത്തിൽ ചെന്നു് എല്ലാവരോടും, കരഞ്ഞുകൊണ്ടു് ആ ദാരുണസംഭവം പറഞ്ഞു. ചിലർ ശാസിച്ചു, ചിലർ പിറുപിറുത്തു.

"എന്താതു്! ഇങ്ങന്യായാൽ പറേപാ?........" തറവാട്ടമ്മ ദേഷ്യത്തോടെ പറഞ്ഞു. "ആകെ നൂറേഴെണ്ണംണ്ടു്. കരഞ്ഞിട്ടൊന്നും കാര്യല്ല്യ".

പലരും തങ്ങളുടെ അഭിപ്രായവും ശകാരവും ശാരദയുടെ മേൽ ചൊരിഞ്ഞു.

"അവ൪ക്കിങ്ങിനെ ഒരബദ്ധം പററി. കല്പിച്ചുകൂട്ടി ചെയ്തതല്ലല്ലോ............!" ഹൈസ്കൂളിൽ പഠിക്കുന്ന ഒരു പെൺകുട്ടി സഹതാപം പ്രദശിപ്പിച്ചു.

അബദ്ധം പററുന്നു!.......ഇത്ര മനസ്സിരുത്താൻ വയ്യെങ്കിൽ എന്തിനാ അലക്കണു്?........" വേറൊരു സ്ത്രീ പറഞ്ഞു.

രണ്ടു ദിവസംമുമ്പ് അവിടെ ഒരു കല്യാണമുണ്ടായി. ബന്ധുക്ക൪ ധാരാളം വന്നിരുന്നു. അവരുടേയും വസ്ത്രങ്ങ൪ കത്തിയിരിക്കുന്നു.

"എന്റെ രണ്ടു മുണ്ടുണ്ടു്........എനിക്കതിന്റെ വിലതരണം........" അധികം മുതലില്ല്യാത്ത ഒരു സ്ത്രീ തന്റെ ആവശ്യം അറിയിച്ചു.

"മുണ്ടു് വെറുതെ ഉണ്ടാവില്ല്യ........"

"ആകെ നാലു മുണ്ടേ ഉള്ളു.. രണ്ടെണ്ണം ഇങ്ങ്നെ പോയാൽ ഞാനെന്താ ചെയ്യ്ാ,ൻെറ ഈശ്വരാ........!"

"ഞാൻ കോടിചുററിയ മുണ്ടാണ് തന്നതു്.| ഈക്കി ലക്കര........ രണ്ടര ഉറുപ്പികയാ വില. കുട്ടൻെറ കല്യാണ ത്തിനുപോയപ്പോ അമ്മായി തന്നതാ........"

ശാരദ എല്ലാം കേട്ട പകച്ചുനിന്നു. അച്യുതൻ കുറച്ചു കലെ തലയും താഴ്ത്തി ആലോചനയോടെ നിന്നു. ഈയൊ രബദ്ധം ഇതാദ്യത്തേയാണു്.

തറവാട്ടിൽ കാരണവർ വർത്തമാനമറിഞ്ഞു് വടി കുത്തിവന്നു. "ന്യാറേറഴെണ്ണം........! വില എന്താവുംന്ന് അറിയോ? അച്യുതാ............!"

അച്യുതൻ നിശ്ശബ്ദനായി കാരണവരുടെ മുഖത്തു നോക്കി.

"നിങ്ങടെ വീട്ട വിററാൽക്കൂടി തെകയ്യോ, അ റീല്ല്യ. നാലു ദിവസത്തിന്നകം പണം തന്നിട്ടില്ലെങ്കിൽ നിങ്ങളെ വെറുതെ വിടില്ല്യ. പറഞ്ഞേക്കാം........"

ശാരദ നിശ്ശബ്ദയായി കണ്ണുനീർ വാർത്തു. അമ്മ കര യുന്നതുകണ്ടു് കൊച്ചുമകൾ, രാധ ചുണ്ടു പിളുത്തി കരഞ്ഞു.

"പരിഭ്രമിയ്ക്കേണ്ടാന്നും വേണ്ട. പണം തന്നാൽ അല ക്കു നിങ്ങൾക്കുതന്നെ തരാം. ഇല്ലെങ്കിൽ വേറെ ആളെ ഏല്പിക്കും........" കാരണവർ ആ താക്കീതു നല്കിപ്പോയി.

വൈകുന്നേരം ശാരദ, തൻെറ മാതൃസ്വത്തായ മെ യിന്നും, തൻേറയും കുട്ടികളുടേയും കമ്മലും എടുത്ത് കാര ണവരുടെ മുമ്പിൽ തൊഴുകയ്യോടെവെച്ചു.

"ഇതോണ്ടൊന്നും തെകയില്ല. ആട്ടെ. സാരല്ല്യ..." മുമ്പിലിരിക്കുന്ന ആഭരണം-ശാരദയുടേയും അവളുടെ പൂ ർവ്വികരുടേയും ജീവിതസമ്പാദ്യം—എടുത്തുകൊണ്ട് കാരണ വർ പറഞ്ഞു.

"അമ്മാമൻെറ ദയകൊണ്ട് സമ്മതിക്ക്യേ.....!" കാ രണവരുടെ ഒരു മരുമകൾ സഹതാപം നടിച്ച് പറഞ്ഞു.

ശാരദക്കും അച്ചുതനും സമാധാനമായി. ആഭരണം പോയാലും ജോലിയുണ്ടല്ലോ?.......

അവർ തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോൾ കാര ണവർ വീണ്ടും വിളിച്ചു പറഞ്ഞു. "അപ്പഴേയ്, അച്ചുതാ, നാളെ മേലാക്കവും ഇങ്ങനെവല്ലതും വന്നാൽ രണ്ടുകൂട്ടർക്കും അലോഗ്യത്തിന്നിടയാവും." അതോണ്ട്....... അല്പം നി ർത്തി കാരണവർ പറഞ്ഞു. "അലക്കാൻ ഞാൻ വേറെ ആളെ ഏല്പിച്ചിടക്കണു..........." അദ്ദേഹം മറുപടികേൾ ക്കാതെ കോണിപ്പടി കയറി.

അച്ചുതനും ശാരദയും ഇടിവെട്ടേററപോലെ സ്തബ്ധ രായി..........

# 10. വീണ്ടും മടങ്ങി.

മിനി ഭർത്താവിൻെറ വീട്ടിലേക്ക പോകാൻ ഒരുങ്ങിയിരിക്കുകയാണ്. നിരവധി വിചാരങ്ങറം അവളുടെ തലച്ചോറിൽ ക്കൂടെ കടന്നുപോയി.

രണ്ടു മാസമായി, താൻ ഭർത്തൃഗൃഹത്തിൽ നിന്ന്, ഭർത്താവിനോടു പിണങ്ങി വന്നിട്ട്. ആ പിണക്കത്തിന് കുററക്കാരൻ താനല്ലെന്ന് അവറംക്ക് നല്ലവണ്ണമറിയാം. എന്നാലും ഭർത്താവല്ലേ?........ജീവിതത്തിലെ പങ്കാളിയുമായുള്ള പിണക്കം അധികകാലം നീട്ടുന്നത് ഒരിക്കലും ഉചിതമല്ല.

താനവിടെ ചെന്നാൽ അദ്ദേഹം ആട്ടിപ്പുറത്താക്കുമോ........അതിന്നു മടിക്കാത്ത കഠിനഹൃദയനാണ് അവളുടെ ഭർത്താവ്.

അവളുടെ ഹൃദയം നീറി. ഇനി യൊരിക്കലും ആ വീട്ടിൽ കാലെടുത്തു കുത്തുകയില്ലെന്നുറച്ചാണ് അവറം ഭർത്തൃഗൃഹം വിട്ടത്. വിചാരിച്ചപോലെ കാര്യങ്ങളൊന്നും നടക്കില്ലല്ലോ?........

മിനിയുടെ പിതൃഗൃഹത്തിൽ, അവളുടെ അച്ഛനും മൂത്ത ഒരു സഹോദരനും മാത്രമേ ഉള്ളു. അവളുടെ സഹോദരൻ, വളരെയകലെ പഠിക്കുകയാണ്. മിനിയുടെ വിവാഹത്തിന്ന് രാജൻ വന്നിരുന്നു. അദ്ദേഹം തൻെറ ഏക സഹോദരിയുടെ വിവാഹത്തിൽ സാഹ്ലാദം പങ്കുകൊണ്ടു.

വരന്ന് ധാരാളം സ്വത്ത്, നല്ല കുടുംബം, മാന്യമായ ജോലി—അച്ഛനും സഹോദരനും എങ്ങിനെ സമ്മതിക്കാതിരിക്കും?

രാജൻ മിനിയുടെ വിവാഹം കഴിഞ്ഞു്, ഒരു കൊല്ലം കഴിഞ്ഞാണ് വീണ്ടും നാട്ടിൽ വന്നത്. അപ്പോഴേക്കും മിനി ഭർത്തൃഗൃഹം ഉപേക്ഷിച്ചു വന്നിരിക്കുന്നു. അവളുടെ പരിതാപകരമായ നില കണ്ടു് രാജൻ അത്യധികം വ്യസനിച്ചു. സഹോദരിയുമായുള്ള പിണക്കം തീക്കണമെന്നപേക്ഷിച്ചുകൊണ്ടു് രാജൻ രമേശന്നു് കത്തെഴുതി. ഒരു മാസത്തോളം മറുപടികാത്തു്, നിരാശനായ അദ്ദേഹം മിനിയോടു പറഞ്ഞു.

"മിനീ, ഞാൻ നിന്നെ അവിടെ കൊണ്ടുചെന്നാക്കാം. തല്ക്കാലദ്വേഷ്യംകൊണ്ടു് വല്ലതും പറഞ്ഞാൽ നീ യിത്രയൊക്കെ പിണങ്ങിയാലോ?............അദ്ദേഹം നിന്നെ സ്വീകരിക്കില്ലെന്നു് എനിക്കു് തോന്നുന്നില്ല."

"ഇല്ല്യ. ഞാൻ പോവില്ല്യ. ചേട്ടൻ എന്നെ നിർബ്ബന്ധിക്കരുത്. ഭർത്താവില്ലാതെ ഞാൻ ജീവിച്ചോളാം......."

മനസ്സിന്നു് പകച്ചത വന്ന അദ്ദേഹം പറഞ്ഞു. "വിവാഹം കഴിഞ്ഞ സ്ത്രീക്കു് ഭർത്താവിനെ, എന്തു കഷ്ടം സഹിച്ചും സ്നേഹിക്കേണ്ട കടമയുണ്ടു്......."

അവരം ഇടയിൽക്കടന്നു പറഞ്ഞു. ഒരു ഭർത്താവിന്നു് ഭാര്യയെ സ്നേഹിക്കേണ്ട കടമയില്ല്യേ?......."

"തീച്ചയായിട്ടും ഉണ്ടു്." രാജൻ പറഞ്ഞു. ഇപ്പോൾ നിനക്കു് അച്ഛൻേറം എൻേറം കൂടെ താമസിച്ചാൽ മതി എന്നു തോന്നും. കുറച്ചുകൂടി പ്രായമായാൽ വ്യസനിക്കേണ്ടി വരും........"

അവൾ നിശ്ശബ്ദയായി നിന്നു.

"ഉം. പുറപ്പെട്ടു മിനി. അവിടെ ചെന്നു് അദ്ദേഹം ഒന്നും മിണ്ടില്ലെങ്കിൽ നമുക്കു തിരികെ വരാം........എന്താ മിനീ?..........."

രാജൻ പറയുന്നതു് വാസ്തവമാണെന്നവളുടെ മനസ്സാക്ഷി പറയുമ്പോൾ അവളുടെ ഹൃദയം വിവിധ വിചാരങ്ങളാൽ അസ്വസ്ഥമായി. താൻ പോയെങ്കിൽ അദ്ദേഹം സ്വീകരിക്കുമെന്നതിന്നു് എന്താണൊരു ഉറപ്പു്?......

ഒടുവിലവൾ തീരുമാനിച്ചു. ചേട്ടൻെറ ഇഷ്ടപ്രകാരം ഭത്തൃഗൃഹത്തിലേക്കു പോവാൻ. അനിഷ്ടസംഭവങ്ങൾ വല്ലതും ഉണ്ടായെങ്കിൽ സഹിക്കുകതന്നെ. തന്നെ, ഭത്താവു് ഹൃദയപൂർവ്വം സ്വീകരിച്ചെങ്കിൽ എത്ര നന്നായിരുന്നു എന്ന ആശ അവളുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ സ്വല്പനേരം നിന്നു. തൽക്ഷണം അദ്ദേഹം തന്നോടൊന്നും മിണ്ടിയില്ലെങ്കിലോ എന്ന ആശങ്ക ആ ആശയെ തകിടം മറിച്ചു.

രാജൻ ഒരു ടാക്സി കാർ പിടിച്ചു. മിനി അച്ഛൻെറ അനുമതിയും അനുഗ്രഹവും വാങ്ങി ദൈവത്തെ മനസാ പ്രാത്ഥിച്ചു് കാറിൽ കയറി.

കാർ പുറപ്പെട്ടതോടെ അവളുടെ ഹൃദയം ശക്തിയായി മിടിക്കാൻ തുടങ്ങി. ചിന്തകൾ ഭൂതകാലത്തിലേക്കു കടന്നു. അവൾ കൊച്ചുകുട്ടിയായിരിക്കുമ്പോൾ ചേട്ടനുമായി കളിച്ചതു് അവളോർത്തു. അവർതമ്മിൽ പലപ്പോഴും തല്ലും. കുറച്ചു നേരത്തിന്നു് മുഖം വീർപ്പിച്ചിരിക്കും. വീണ്ടും നിഷ്കളങ്കസ്നേഹത്തോടെ കളി തുടരും. അപ്രകാരം കളങ്കഹീനമായ സ്നേഹമാണ് തന്നിലും ഭർത്താവിലുമുണ്ടായിരുന്നതെങ്കിൽ അവൾക്കിങ്ങിനെ സംഭവിക്കുമായിരുന്നുവോ?.......

വിദ്യാഭ്യാസകാലത്തു് അവൾക്കെന്തുത്സാഹമായിരുന്നു! ചങ്ങാതിമാരോടുകൂടി സ്കൂളിൽ പോകലും വാദിച്ചു പഠിക്കലും സ്കൂൾ വിട്ടാലുള്ള കളികളും—എല്ലാം അവളോർത്തു. അന്നവൾ പഠിപ്പിലും കളികളിലും സമർത്ഥയായിരുന്നു. ആ സുഖസമ്പൂർണ്ണമായ ജീവിതം കാലമാകുന്ന തിരശ്ശീലക്കുള്ളിൽ പെട്ടുകഴിഞ്ഞു! അവസാനമായി സ്കൂൾ വിട്ട ദിവസം അവളുടെ ജീവിതത്തിലെ സുപ്രധാനഘട്ടമായിരുന്നു. വിദ്യാലയജീവിതത്തിന്റെ അവസാനം—ഏവൎക്കും വ്യസനഹേതുകമായ ആ ഘട്ടം—അവളേയും ബാധിച്ചു. കണ്ണുനീരോടെയാണവൾ ചങ്ങാതിമാരോടു് യാത്ര പറഞ്ഞതു്.

അവൾ പരീക്ഷയിൽ ജയിച്ചു. കോളേജിൽ പോകാൻ അവളാശിച്ചു. പക്ഷെ പണവും പരിതസ്ഥിതിയും കൂടി അവളെ അനുഗ്രഹിച്ചില്ല. അവളുടെ അച്ഛൻ പണക്കാരനായിരുന്നുവെങ്കിലും പെൺകുട്ടികളെ കോളേജിലേയ്ക്കയക്കാനുള്ള വിശ്വാസമില്ലാത്ത അവളുടെ അച്ഛനും ഉ

ണ്ടായി. സംഗീതം പെൺകുട്ടികൾക്കാവശ്യമായതാണെന്ന് തീൎച്ചയാക്കി, അവളുടെ അച്ഛൻ ഒരു ഭാഗവതരെക്കൊണ്ട് അവളെ സംഗീതം പഠിപ്പിച്ച്, കോളേജിലേക്ക് പോകാതിരുന്നതിലുള്ള വ്യസനത്തെ നിമ്മാജ്ജനം ചെയ്തു.

ആയിടയ്ക്കാണ് രമേശൻെറ വീട്ടുകാർ വിവാഹാഭ്യത്ഥനയുമായി വന്നത്. മിനിക്ക് എല്ലാംകൊണ്ടും യോജിച്ച ആളാണ് രമേശൻ എന്നു തീൎച്ചയാക്കി ആ വിവാഹം ഭംഗിയിൽ നടത്തി.

മിനി ഭത്താവിൻെറ വീട്ടിൽ പോയി. രമേശൻ ഒരു കൂട്ടുകുടുംബത്തിലെ അംഗമായിരുന്നിട്ടും അവരിൽ നിന്നെല്ലാം ഒഴിഞ്ഞു് ഒരു ചെറുഗൃഹത്തിലാണ് താമസിക്കുന്നത്. ഭത്താവ് ജോലിക്കുപോയാൽ അവൾക്ക് രണ്ടു ഭൃത്യകളുടെ കൂടെ സമയം കഴിക്കണം. ആ ഏകാന്തജീവിതം നയിക്കുന്നതിൽ അവൾക്ക് തെല്ലസുഖം തോന്നി. ഭത്താവിൻെറ ഇഷ്ടത്തിന്നു വിപരീതമായി അവളൊന്നും പറഞ്ഞില്ല.

രമേശൻ ഒരു പ്രത്യേകതരക്കാരനാണ്. മിനിയെ തൻെറ സഹവത്തിനി എന്ന നിലയ്ക്കല്ല അദ്ദേഹം അവളോട് പെരുമാറിയത്. തൻെറ എന്താവശ്യവും 'കമാ' ന്ന് പറയാതെ അനുസരിക്കേണ്ട ഒരടിമയായിട്ടാണ് കണക്കാക്കിയത്.

അദ്ദേഹം കസാലയിലിരുന്ന് ആജ്ഞാപിക്കും. "മിനീ, ആ ചായ ഇങ്ങെടുക്കൂ."

"അലമാരിയിൽനിന്നാ പുസ്തകമെടുക്കു മിന്!"

'അതെടുക്കു, ഇതെടുക്കു' എന്നു പറഞ്ഞ് എപ്പോഴും മിനിക്ക് പണിയുണ്ടാക്കിക്കൊടുക്കും. മിനി അദ്ദേഹത്തിന്റെ എല്ലാ ആവശ്യങ്ങളും യാതൊരപ്രിയവും കൂടാതെ ചെയ്തുകൊടുക്കും.

രമേശന്ന് കിടക്കയിൽനിന്നെഴുന്നേററാൽ 'ബെഡ് ട്ടീ' കഴിക്കണം. അത്, മിനി സ്വന്തം കൈകൊണ്ടുണ്ടാക്കിയ ചായയാവണം. അവൾ പലപ്പോഴും അദ്ദേഹത്തെ ഉപദേശിച്ചിരുന്നു. "പല്ലുതേച്ച് കുളിച്ച് ചായ കഴിച്ചാൽ എത്ര സുഖമുണ്ട്! ഇതെത്ര കേടാണ്!"

രമേശൻ അവളോട് കയക്കും. "നിനക്ക് ചായവെക്കാൻ മടിയായിട്ടല്ലേ ഇങ്ങനെ പറയുന്നത്?..........."

മിനി മൌനമവലംബിക്കും.

ചായ കഴിച്ച് കുറച്ചുനേരം കിടക്കയിൽത്തന്നെ ചുരുണ്ടുകൂടും. വെയിലുവന്നാൽ കുളിമുറിയിലേക്കു പോകും. 'ബ്രഷും പേസ്റ്റും' അവിടെ കൊണ്ടുവന്നു വെക്കാൻ മറന്നിട്ടുണ്ടെങ്കിൽ ദേഷ്യം വരികയായി. "നിനക്ക് ബ്രഷു കൊണ്ടുവന്നു വെച്ചാൽ എന്താ നഷ്ടം, മിനീ?........വേറെ പണിയൊന്നുമില്ലല്ലോ?........"

അവൾ ക്ഷമയോടെ എല്ലാം കേട്ടു. കുളമുണ്ടെങ്കിലും അദ്ദേഹം കുളിമുറിയിലേ കുളിക്കു. സമയത്തിന്ന് വെള്ളം നിറച്ചില്ലെങ്കിൽ വാലിയക്കാരിയെ ശകാരിക്കുകയായി. കുളി കഴിഞ്ഞാൽ മിനിതന്നെ ചായ പലഹാരങ്ങൾ മുമ്പിൽ നിരത്തി, ഗ്ലാസ്സിൽ ചായ പകൎന്നുകൊടുക്കണം.

വല്ല തെററുകുററവും കണ്ടാൽ പലഹാരപ്ലേയ്ററ് തട്ടി നീക്കും. കമ്പനിയിലേക്കു പോയാലേ മിനിക്ക് ശരിക്കു ശ്വാസമയക്കാൻ നിവൃത്തിയുള്ളു.

രമേശൻ ഉച്ചക്കു ഭക്ഷണം കഴിക്കാൻ വരും. ആവശ്യത്തിന്നു മാത്രം സംസാരിക്കുന്നതാണ് അയാളുടെ സ്വഭാവം. ചിരിച്ചു കൊണ്ടുള്ള വത്തമാനം വളരെ കുറച്ചേ പറയു. ഊണു കഴിഞ്ഞാൽ കമ്പനിയിലേക്കു പോകും. വൈകുന്നേരം കമ്പനിയിൽ നിന്നു വന്നാൽ ചായ കഴിക്കും. കുളി കഴിഞ്ഞു് രാത്രി ഭക്ഷണം കഴിക്കുന്ന സമയത്തു് രമേശൻ മിനിയോട്ട് ചില തമാശകൾ പറയും. അവൾ ചിരിച്ചുകൊണ്ട് എല്ലാം കേട്ടുനില്ക്കും. ഭത്താവിന്നിഷ്ടമില്ലാത്തതു് വല്ലതും പറഞ്ഞാൽ ദേഷ്യപ്പെടുമെന്നു വിചാരിച്ചു് അവൾ രമേശനോടൊന്നും പറയില്ല.

ഒരു ദിവസം മിനിയൊരു തമാശ പറഞ്ഞപ്പോൾ രമേശൻ പുഞ്ചിരിച്ചു. അവളുടെ ചേട്ടന്റെ കത്തു വന്നിട്ടുണ്ടെന്നു് അവൾ പറഞ്ഞു. രാജന്റെ ഒരു സ്നേഹിതൻ രാത്രിയിൽ ലൈററണച്ചു കിടന്നപ്പോൾ ജനവാതിലിന്നടുത്തു് ഒരു ഊത്തു് കേട്ടതായി തോന്നി എന്നും, രാജനെ ഭയപ്പെട്ടു വിളിച്ചു് ലൈററിട്ടു നോക്കിയപ്പോൾ അവിടെ ആരേയും കണ്ടില്ലെന്നും, പിന്നീട് വാതലിന്റെ കുററിയുടെ ശബ്ദമാണ് കേട്ടതു് എന്നു മനസ്സിലായെന്നും, തനിക്ക് സ്നേഹിതനെ എപ്പോഴും കളിയാക്കുകയാണ് പണിയെന്നും വിസ്തരിച്ചെഴുതിയിരുന്നു. അവൾ ആ സംഭവം ഓർത്തോർത്തു് ചിരിച്ചു. രമേശൻ ചേട്ടന്റെ കത്തിലെ വ

ർത്തമാനം അന്വേഷിച്ചപ്പോൾ അവൾ ചിരിച്ചുകൊണ്ട് ആ സംഭവം പറഞ്ഞു.

"ഇതിലെന്താണിത്ര ചിരിക്കാൻ? മിനിക്ക് വേണ്ടാത്തതിനൊക്കെ ചിരിവരും......." അയാൾ പുച്ഛഭാവത്തോടെ പറഞ്ഞു.

എന്തിനാണ് ചിരിക്കേണ്ടത്, എന്തിനാണ് വേണ്ടാത്തത് എന്നു തരം തിരിക്കാൻ അവൾക്കറിയില്ല.

കുറച്ചു ദിവസംകൊണ്ടുതന്നെ മിനിക്ക് ആ ജീവിതം മടുത്തു. ഹൃദയപൂർവ്വം സംസാരിക്കാൻ പോലും സ്വാതന്ത്ര്യമില്ലാത്ത ആ ദാമ്പത്യ ജീവിതം ദുസ്സഹമായിട്ടവൾക്കു തോന്നി. അവൾ ക്ഷമയുടെ അവതാരമായി ജീവിച്ചു.

ക്ഷമക്കും ഒരതിർത്തിയുണ്ട്!

അന്ന് അവളുടെ ഭൃത്യ എന്തോ ആവശ്യത്തിനായി അവളുടെ വീട്ടിൽ പോയിരുന്നു. മിനിയാണ് അന്നു ചോറു വെച്ചത്. അന്ന് കമ്പനിയിൽ ഒഴിവുള്ള ദിവസമായിരുന്നു. രമേശൻ നേരത്തെ ഭക്ഷണം കഴിക്കാൻ വന്നു. മിനി ചോറു വിളമ്പി.

രമേശൻ ഉണ്ണുവാൻ തുടങ്ങി. കൂട്ടാനിൽ ഉപ്പിട്ടിട്ടുണ്ടായിരുന്നില്ല. കൂട്ടാൻ, ആസ്വാദ്യമാകാതിരുന്നതിനാൽ അദ്ദേഹം മിനിയെ രൂക്ഷമായി ഒന്നു നോക്കി; കിണ്ണം തട്ടിനീക്കി.

മിനി കാരണമറിയാതെ പരുങ്ങി.

"മിനീ, ഇത്ര വഷളായി കൂട്ടാൻ വെക്കാൻ നല്ല സാമത്ഥ്യം വേണം. നാണമില്ലല്ലോ? ഇന്നു് വല്ലവരും പുറമെ ഉണ്ടായിരുന്നെങ്കിൽ ഞാനെത്ര വഷളായിട്ടുണ്ടാവും?..........."

മിനിയുടെ ഹൃദയത്തിൽ ആ കൂത്ത വാക്കുകഠം അമ്പുകഠംപോലെ തറച്ചു. എത്ര നിയന്ത്രിച്ചിട്ടും അവളുടെ വായിൽ നിന്നും ആ വാക്കുകളുതിന്ന. "ഇത്രയൊന്നും പറയണ്ട. എന്താണാവോ ആ കൂട്ടാനിത്ര മോശം?..........."

രമേശൻ പുച്ഛത്തോടെ പറഞ്ഞു. "മോശല്ല്യ. വളരെ നല്ലതാ. നിന്നെ സദ്യക്ക വെക്കാനയക്കാം. വല്ല്യേ വെപ്പുകാരിയല്ലേ?........"

"തെറെറന്താന്ന് പറഞ്ഞാൽ മേലിൽ അതു തിരുത്താൻ നോക്കാം. അല്ലാതെ ഇങ്ങനെ നിറുത്തി ശകാരിക്കുന്നതെന്തിനാ?......." മിനി സവ്യസനം പറഞ്ഞു.

"കൂട്ടാൻ വഷളായീന്നു പറഞ്ഞാൽ അതു ശകാരായ്യോ?.......കൂട്ടാനില് ഉപ്പു തൊടീച്ചിട്ടില്ല. എത്ര മോശമാണ് ഇതു്!........"

"പണിത്തിരക്കിന്നിടയിൽ ഉപ്പിടാൻ മറന്നതാണ്. എല്ലാവക്കും ഇല്ലേ, മറവി?........"

രമേശൻ വീണ്ടും കുറെ ചീത്തപറഞ്ഞു. ഊണു കഴിക്കാതെ എഴുന്നേററുപോയി വാതിലടച്ചു കിടന്നു.

മിനി ഹൃദയം പൊട്ടിക്കരഞ്ഞു. താനെത്ര ശ്രദ്ധിച്ചാണ് ഭത്താവിനെ ശുശ്രൂഷിക്കുന്നതു്. എന്നിട്ടും ഒരു

നിസ്സാരകാരണത്തിന്നായി ഇത്ര ശകാരിക്കുന്നതെന്തിനാണ്? തന്നോടു ഹൃദയം തുറന്നു അദ്ദേഹം ഒരിക്കലും സംസാരിച്ചിട്ടില്ല. ഇത്രയും സ്നേഹമില്ലാത്ത ഭർത്താവിനോടുകൂടി ജീവിക്കുന്നതിനേക്കാൾ ഭേദം അച്ഛനെ ശുശ്രൂഷിച്ച് ആനന്ദത്തോടെ ജീവിക്കുകയല്ലേ?.... — അവൾ സ്വയം ചോദിച്ചു.

അവൾ ചോറും കൂട്ടാനുമെല്ലാം അടച്ചുവെച്ചു കുറേ നേരം കരഞ്ഞുകൊണ്ട്, അടുക്കളയിൽ ഒരു മുണ്ടു വിരിച്ച് ഉറങ്ങി.

മൂന്നുമണിക്ക് രമേശൻ അടുക്കളയിൽ വന്നു നോക്കി. മിനി സുഖമായുറങ്ങുന്നതു കണ്ട് അയാൾക്കു സഹിച്ചില്ല. അയാൾ മിനിയെ വിളിച്ചു.

"നീ സുഖമായി ഉണ്ട് ഉറങ്ങുകയാണല്ലേ? ഞാൻ വിശന്നിരിക്കയാണെന്ന് നിനക്കറിഞ്ഞൂടെ? എന്തേ ചായ വെക്കാഞ്ഞത്?......."

"ഞാനും ഉണ്ടില്ല്യ"

"എന്തേ ഉണ്ണാഞ്ഞത്? ഞാൻ പറഞ്ഞോ, വേണ്ടാന്ന്?......."

"എന്നെ ശകാരിച്ചപ്പോൾ എനിക്ക് വല്ലാത്ത വ്യസനം തോന്നി. ചോറ് ഞാനൊരു വററ് ഉണ്ടില്ല"

അവളുടെ കരഞ്ഞുവീർത്ത മുഖം നോക്കി അദ്ദേഹം ചോദിച്ചു. എന്താപ്പോ കരയാൻ ഉണ്ടായത്? കുറച്ചു ദേഷ്യപ്പെട്ടാൽ കരച്ചിലായി. ഒരു ഭാര്യക്ക് ഭർത്താവിന്റെ ശകാരം കേട്ടാൽ ഇത്ര ദേഷ്യം അരുത്......."

"ഞാനായിട്ടാ എല്ലാം സഹിക്കുന്നത്. വേറൊരാളാണെങ്കിൽ........"

"വേറെ ആളാണെങ്കിലെന്താ? നിന്നെപ്പോലെ ഒന്നു പറേമ്പഴക്കും കരയാൻ എല്ലാവരും അത്ര വിഡ്ഢികളൊന്നുമല്ല. നിനക്കെൻെറ ശകാരം കേഠംക്കാൻ വയ്യെങ്കിൽ അച്ഛൻെറ അടുത്തുപോയി താമസിച്ചോളൂ" അദ്ദേഹം ദേഷ്യപ്പെട്ട് തൻെറ മുറിയിലേക്കു പോയി.

മിനി സ്തംഭിച്ചു നിന്നു. എന്താണ് താൻ കേട്ടത്? ഭത്താവിൽനിന്നും ആ വാക്ക് താനൊരിക്കലും പ്രതീക്ഷിച്ചതല്ല. അവഠം തേങ്ങി ത്തേങ്ങിക്കരഞ്ഞു. അവഠം വെള്ളം തിളപ്പിച്ച് ചായ കൂട്ടി രമേശൻെറ അടുത്തേക്ക് ചെന്നു.

"ചായ അവിടെ വെച്ച് പൊക്കോളൂ" രമേശൻ വായിച്ചിരുന്ന പുസ്തകത്തിൽനിന്നു കണ്ണെടുക്കാതെ പറഞ്ഞു. അവഠം ഹൃദയത്തിൽ കദനഭാരവുമായി പുറത്തേക്കു വന്നു.

അന്നു രാത്രി ഊണു കഴിഞ്ഞു് രമേശൻ പുറത്തേക്കു പോയി. എവിടേക്കാണ് പോകുന്നതെന്ന് ചോദിച്ചിട്ടും ഒന്നും മിണ്ടിയില്ല. അവഠം തനിച്ചായി ആ ഗൃഹത്തിൽ അവളുടെ ഹൃദയം ഭയംകൊണ്ടും വ്യസനംകൊണ്ടും വിവശമായി. അകത്തുനിന്ന് സാക്ഷയിട്ട്, അന്നു രാത്രി മുഴുവൻ അവഠം കാളരാത്രിയായി കഴിച്ചുകൂട്ടി.

രാവിലെ അവഠം നേരത്തെ ചായയുണ്ടാക്കി. ഈ പിണക്കം നീട്ടുന്നത് ഒരിക്കലും യുക്തമല്ല. രമേശൻ ആ

ദുമണിയോടു കൂടി തിരിച്ചെത്തി. രമേശൻ വന്നതോടെ അവൾ ചായയുമായി മുറിയിലേക്കു ചെന്നു. അദ്ദേഹം അതു വാങ്ങിക്കഴിച്ചു.

"ഇന്നലെ എങ്ങോട്ടേ പോയതു്?........" മിനി താഴ്ന്ന സ്വരത്തിൽ ചോദിച്ചു.

"നിനക്കതു് എന്തിനറിയണം?........" അദ്ദേഹത്തിന്റെ ശബ്ദം ക്രൂരമായിരുന്നു.

"ഇനിയും എന്തിനാണ് പിണക്കം? എന്റെ തെറ്റിന്നു് മാപ്പു തരൂ." അവളുടെ കണ്ണുകളിൽ ബാഷ്പം കവിഞ്ഞൊഴുകി.

"എന്തിനാ എന്നോട്ട് മാപ്പു ചോദിക്കുന്നതു്? ഞാൻ നിനക്ക് യോജിച്ച ഭർത്താവല്ല." അയാൾ നിസ്സങ്കോചം പറഞ്ഞു.

മിനി ഞെട്ടി. ഇനിയും അദ്ദേഹം കൂടുതൽ പിണക്കത്തിന്നു ഭാവിക്കുകയാണ്........

കമ്പനിയിൽനിന്നു അന്നുച്ചക്കു രമേശൻ ഊണുകഴിക്കുവാൻ വന്നില്ല. അന്ന് വൈകുന്നേരം മിനിയോടൊന്നും മിണ്ടാതെ ഊണുകഴിച്ചു് വാതിലടച്ചു കിടന്നു.

അവളുടെ ഹൃദയം കലങ്ങി മറിഞ്ഞു. അവൾ തന്റെ പുത്രീവത്സലനായ പിതാവിന്നു് ഒരു കത്തെഴുതി. തനിക്ക് കുറച്ചുദിവസം വീട്ടിൽ താമസിക്കാൻ മോഹമുണ്ടെന്നു മാത്രം.

തൻെറ സ്ഥിതിയെപ്പററി വിസ്തരിച്ചെഴുതിയാൽ ആ പിതൃഹൃദയം എത്ര വ്യസനിക്കും!

എഴുത്തു കിട്ടിയ ഉടൻ തന്നെ മിനിയുടെ അച്ഛൻ കാറുമായി വന്നു. രമേശൻ സന്തോഷം നടിച്ച് കുശലപ്രശ്നം ചെയ്തു.

അദ്ദേഹം രമേശനോടു ചോദിച്ചു. "മിനി പുറപ്പെട്ടിരിക്കുന്നില്ലേ?........"

"എന്തു്!" രമേശൻ അത്ഭുതപ്പെട്ടു. "എന്നോടൊന്നും പറഞ്ഞില്ല." രമേശൻെറ മുഖം ദേഷ്യംകൊണ്ടു് ചുവന്നു.

മിനിയുടെ അച്ഛൻ പറഞ്ഞു. "കുറച്ചു ദിവസം വീട്ടിൽ വന്നു് താമസിക്കാൻ മോഹമുണ്ടെന്നു് അവളെഴുതി. മിനിയോടു ചോദിയ്ക്കട്ടെ. അവളെവിടെ?........"

"അകത്തുണ്ടാവും." അശ്രദ്ധനായി രമേശൻ പറഞ്ഞു.

മിനി അച്ഛനെ കണ്ടപ്പോഠം പൊട്ടിക്കരഞ്ഞു. അദ്ദേഹം വാത്സല്യപൂർവ്വം മകളോടു് ചോദിച്ചു "എന്തിനാ മിനി കരയുന്നതു്?........"

അവഠം ഉത്തരമൊന്നും പറഞ്ഞില്ല. രമേശനോടു് യാത്രചോദിച്ചാൽ അദ്ദേഹം എന്തു പറയും? തങ്ങളുടെ ദാമ്പത്യബന്ധം തകരുമോ?........അവഠം നടുങ്ങി.

"എന്താ, മിനീ! നിങ്ങഠം തമ്മിൽ രസമില്ലേ? നിൻെറ യാത്രയെപ്പററി നീ രമേശനോടു് പറഞ്ഞിട്ടില്ലേ?... എന്താ കരയുന്നതു്?........"

"അച്ഛാ....!" അവർ ഗൽഗദത്തോടെ പറഞ്ഞു. "ഇവിടെ എനിക്ക് ജീവിക്കാൻ വയ്യ........"

അച്ഛൻ അമ്പരന്നു. മിനിയും രമേശനും തമ്മിൽ പിണക്കമാണെന്ന് അദ്ദേഹത്തിന്നു മനസ്സിലായി. മിനിയുടെ സ്വഭാവത്തിന്ന് കുറവുള്ളതായി ആ സ്നേഹധനന്നു തോന്നിയിട്ടില്ല. രമേശൻെറ സ്വഭാവവും താൻ പെരുമാറിയേടത്തോളം നന്നായിട്ടാണദ്ദേഹത്തിന്ന് തോന്നിയിരുന്നത്.

"മിനീ, രമേശൻ വല്ലതും പറഞ്ഞാൽ നീ ഇത്രമാത്രം കാര്യമാക്കണോ? എന്തെങ്കിലും രസക്കേടുണ്ടെങ്കിൽ വേഗം തീർക്കണം ..." അദ്ദേഹം പറഞ്ഞു.

അവർ കരച്ചിലൊതുക്കി നടന്ന സംഭവങ്ങൾ അച്ഛനോടു പറഞ്ഞു. അദ്ദേഹം മകളെ എങ്ങിനെ സമാധാനിപ്പിക്കണമെന്നറിയാതെ കുഴങ്ങി.

കുറച്ചുനേരം മിണ്ടാതെ നിന്ന് അദ്ദേഹം പറഞ്ഞു. "ആട്ടെ. കുറച്ചു ദിവസം വീട്ടിൽ വന്നു താമസിച്ചാൽ പിണക്കം തീരും. ഞാൻ രമേശനോട്ട് പറഞ്ഞ് ശരിയാക്കാം."

അദ്ദേഹം രമേശനോട്ട് പറഞ്ഞു. "മിനിക്ക് കുറച്ചു ദിവസം എൻെറ കൂടെ താമസിക്കണമെന്നുണ്ട്. ഞാൻ കൊണ്ടുപോവട്ടെ?...."

രമേശൻ നിർവ്വികാരനായി പറഞ്ഞു. "അവളെന്നോടു ചോദിക്കാതെ നിങ്ങൾക്ക് കത്തയച്ചു. നിങ്ങൾ

അവളെ കൊണ്ടുപോകാൻ വരികയും ചെയ്തു. ഇനി എന്നോടെന്തിനാ, സമ്മതം ചോദിക്കുന്നതു്?...."

അദ്ദേഹത്തിൻെറ മുഖം വിവർണ്ണമായി. "എന്താ രമേശാ, ഈയൊരു നിസ്സാരകാര്യത്തിന്നു് ഇത്ര പിണങ്ങാനുണ്ടോ?...."

"ഞാൻ പറഞ്ഞതിന്നു് മിനിക്കിത്ര പരിഭവിക്കാനുണ്ടോ?...." രമേശൻ പ്രതിചോദ്യം ചെയ്തു.

മിനിയുടെ അച്ഛൻ പലതും പറഞ്ഞു് രമേശനെ നേർവഴിക്കു തിരിക്കാൻ ശ്രമിച്ചു.

"മിനി പോകുകയാണെങ്കിൽപ്പിന്നെ ഇവിടെ വരണ്ട." രമേശൻ എഴുന്നേററു് ഉച്ചത്തിൽ പറഞ്ഞു.

"മിനി പോകാതിരുന്നാൽ രമേശൻ അവളുമായി യോജിച്ചു കഴിയുമോ?...." മിനിയുടെ അച്ഛൻ ദേഷ്യവും വ്യസനവും നിയന്ത്രിച്ചു് ചോദിച്ചു.

രമേശൻ ഒന്നും മിണ്ടാതെ കാറിൽക്കയറി പുറത്തേക്കു പോയി.

മിനിയുടെ അച്ഛൻ ഇതികർത്തവ്യതാമൂഢനായി നിന്നു. മിനി പോകാൻ തെയ്യാറായി, പെട്ടിയെടുത്തു വന്നു. "അച്ഛാ, നമുക്കു പോവാം. എനിക്കിങ്ങനെ ശ്വാസം മുട്ടി ജീവിക്കാൻ വയ്യ. എന്തു വന്നാലും വേണ്ടില്ല. ഞാനച്ഛൻെറ കൂടെ താമസിച്ചോളാം. എനിക്കു വേണ്ടതു് അച്ഛൻ തരില്ലേ?...."

മിനിയുടെ കണ്ഠമിടറി. അച്ഛന്റെ കണ്ണുകൾ നിറഞ്ഞു. മകളുടെ ദൌർഭാഗ്യത്തിൽ അദ്ദേഹം വ്യസനിച്ചു.

"അച്ഛാ! വരൂ. കാറിൽക്കയറു" മിനി തന്റെ പെട്ടി കാറിലെടുത്തുവെച്ചു. അച്ഛൻ ചിന്താവിവശനായി കാറിൽ കയറി. അവൾ സ്വഗൃഹത്തിൽ തിരിച്ചെത്തിയപ്പോൾ സന്തോഷിച്ചുവെങ്കിലും സദാസമയവും അവളെ വ്യസനചിന്തകൾ അലട്ടി. പന്നീട് രമേശൻ അന്വേഷിച്ചിട്ടേ ഇല്ല. മിനിയുടെ അച്ഛൻ രണ്ടു മൂന്നു കത്തയച്ചതിന്നു് യാതൊരു മറുപടിയും വന്നിട്ടില്ല.

* * * *

ഇപ്പോളവൾ പണ്ടത്തേക്കാൾ പതിന്മടങ്ങു വ്യസനത്തോടെയാണ് കാറിൽക്കയറിയതു്. രാജൻ സഹതാപത്തോടെ അനുജത്തിയെ നോക്കി. വഴിക്കു് ആരും അന്യോന്യം ഒന്നും സംസാരിച്ചില്ല.

കാറു് രമേശന്റെ ഗൃഹത്തിന്നു മുമ്പിൽ നിന്നു. അവൾ തന്റെ ദിവാസ്വപ്നത്തിൽ നിന്നും ഉണൎന്നു. അവൾ ആ വലിയ മാളികയിലേക്കു് വിവിധ വികാരങ്ങളോടെ നോക്കി. അവളുടെ ഹൃദയം ശക്തിയായി മിടിച്ചു.

ഗേയ്റ്റ് പൂട്ടിയിട്ടുണ്ടു്. രാജൻ 'ഹോറൺ' അടിച്ചു. ഒരു വാലിയക്കാരൻ കുട്ടിവന്നു് ഗേയ്റ്റു തുറന്നു.

"ഇവിടെ മി: രമേശൻ ഉണ്ടോ?......."

"ഉണ്ട്. അതാ വരുന്നു" ആ കുട്ടി പൂമുഖത്തേക്കു നോക്കി പറഞ്ഞു.

"ആരാണ് അദ്ദേഹത്തിന്റെ കൂടെ?........" രാജൻ രമേശന്റെ പിന്നാലെ വരുന്ന യുവതിയെകണ്ട് സംശയത്തോടെ ചോദിച്ചു.

"അദ്ദേഹത്തിന്റെ ഭാര്യയാണ്...."

മിനി ഞെട്ടി. രാജൻ രമേശനേയും ആ യുവതിയേയും നിന്നിമേഷനായി നോക്കി.

മിനി ബോധഹീനയായി സീററിലേക്കു തലചായ്ച്ചു കിടക്കുമ്പോൾത്തന്നെ, രമേശനും ഭാര്യയും തങ്ങളെ കാണാതിരിക്കുവാനായി കാറ് തിരിച്ചോടിക്കുവാൻ രാജൻ ഡ്രൈവർക്ക് കല്പന കൊടുത്തു.

# 11. ശുദ്ധൻ.

—:*:—

ഞാനൊരു പ്രത്യേക സ്വഭാവക്കാരനാണ്. എന്റെ ഈ പിത്ത സ്വഭാവം നിങ്ങളിൽ വല്ലവക്കുമുണ്ടോ?......ഉണ്ടെങ്കിൽ ഞാൻ പരിതപിക്കുന്നു. ആ സ്വഭാവം എന്താണെന്നോ?.......ശുദ്ധത!

കേട്ടോളൂ എന്റെ ചരിത്രം. എനിക്കു ബുദ്ധിവെച്ചമുതൽ—എന്നു വെച്ചാൽ ഒരു വയസ്സിന്നു ശേഷം — ഞാനന്നു മഹാ ദുശ്ശാഠ്യക്കാരനായിരുന്നുവത്രെ!—ഞാൻ കരഞ്ഞാൽ എന്നെ എടുത്തിരുന്ന ആൾ പറയും.

"മിണ്ടാതിരുന്നോ! കൂമൻ കൊണ്ടുപോവും." കൂമനേയും നരിയേയും ഞാൻ കണ്ടിട്ടുപോലുമില്ല. കൂമന്റെ രൂപം കാണിച്ചുതരുന്നത്, കണ്ണു തുറിച്ച്, "ഉം........ഊം.....ഉം........" എന്നു മൂളിക്കൊണ്ടാണ്. നരി കണ്ണുതുറിച്ച് ഒരിരമ്പം. കുട്ടികൾ പേടിച്ചുപോവില്ലേ?....പാവം ഞാൻ!

എനിയ്ക്കിന്നും ഓർമ്മയുണ്ട് അത്. അഞ്ചു വയസ്സു പ്രായമാണ് അന്ന്. നേരിയൊരു ഓർമ്മയിൽ നിന്നാണിതു പറയുന്നത്. ഞാൻ കൂമനെ അന്നും കണ്ടിട്ടില്ല. അമ്മ, എന്റെ കുളി കഴിഞ്ഞപ്പോൾ എനിയ്ക്കൊരു ഷർട്ടും ട്രൌസറും തന്നു.

ഞാൻ പറഞ്ഞു. "എനിക്കിതു വേണ്ട. അമ്മാമൻ തന്ന മഞ്ഞ ഷർട്ടുമതി."

"ഇപ്പോ ഇതു മതി" അമ്മ അടുക്കളെപ്പണിയിൽ ശ്രദ്ധിച്ചു. ഞാൻ അമ്മയുടെ വസ്ത്രത്തിൽ തൂങ്ങി കുറെ നേരം നടന്നു കരഞ്ഞു. അമ്മ 'മിണ്ടാതിരിപ്പുസത്യാഗ്രഹം' നടത്തി. അപ്പോൾ അവിടെ 'രംഗപ്രവേശം' ചെയ്ത എൻെറ അമ്മായി എന്നെ അമ്മയിൽനിന്നും അകററി. ഞാൻ കുതറിയിട്ടും അമ്മായി വിട്ടില്ല.

ഞങ്ങളുടെ വീട്ടിൽ ഒരു ഇരുട്ടറ ഉണ്ടു്. അവിടെ പഴയ കടലാസ്സുകളും പത്രങ്ങളുമാണ് വെക്കുക പതിവ്. ആ അറ ചൂണ്ടിയിട്ട് അമ്മായി പറഞ്ഞു. "ദേ, ഇരുട്ടറേല് ഒരു വല്ല്യേ (കൈകൊണ്ടു് ആംഗ്യം കാട്ടി) ക്രുമൻണ്ട്. അതിന്ന് വെശക്ക്ണ്ണ്ണ്ടത്രെ. കരേണ കുട്ട്യോളെ തിന്നാൻ തരണംന്ന് എന്നോട് പറഞ്ഞിട്ട്ണ്ട്"

എൻെറ കരച്ചിലിൻെറ ശബ്ദം നിന്നു. ഇടയ്ക്കൊന്ന് തേങ്ങി. "നിന്നെ ഞാൻ ക്രുമന്ന് കൊടുക്കട്ടെ?........"

"ഊം........ഉം........" ഞാൻ നിഷേധിച്ചു. ഭയത്തോടെ അമ്മായിയെ നോക്കി, അഭ്യർത്ഥിച്ചു. "വേണ്ട. ഇനി ഞാൻ കരേല്ല്യേ........"

അമ്മായി എന്നെ എടുത്തുകൊണ്ടു പറഞ്ഞു. "ഞാൻ നിന്നെ ക്രുമന്ന് തിന്നാൻ കൊടുക്കില്ല ട്ടോ. എനിക്ക് ഷ്ടോതല്ല്യേ?........"

പിന്നീടു് ഞാൻ ശാഠ്യം പിടിച്ചു് കരഞ്ഞാൽ 'ഇരുട്ടറേലെ ക്രുമനെ' ഓർമ്മിപ്പിക്കും. എൻെറ ശാഠ്യം ക്രമേണ കുറഞ്ഞുവന്നു. ഞാൻ ഇരുട്ടറയുടെ മുമ്പിൽക്കൂടി പോകാതായി.

എനിയ്ക്കെല്ലാ മൃഗങ്ങളേയും പേടിയായിരുന്നു. മററു കുട്ടികൾ പൂച്ചയുടെ വാൽ വലിച്ചും തൂക്കിയും കളിക്കു മ്പോൾ ഞാൻ പത്തു വാര അകലെ നിന്ന് നിലവിളിക്കും. "അയ്യോ!വേണ്ട. അയ്യോ!" എന്നാൽ ആ ധൈര്യക്കുട്ടിക ളുണ്ടോ ഈ ഭീരുവിനെ ഗണിയ്ക്കുന്നു?.......

ഒരു ദിവസം അമ്മായിയുടെ മകൻ പൂച്ചയെക്കൊ ണ്ട് കളിക്കുകയായിരുന്നു. പൂച്ചക്ക് പ്രാണവേദനയും അ വന്ന് വിനോദവും! ഞാനെൻെറ അമ്മയുടെ മടിയിലി രുന്ന് അവനെ അതിൽനിന്നു പിൻതിരിപ്പിക്കുകയാണ്. പെട്ടെന്ന് അവൻ പൂച്ചയെ പൊക്കിയെടുത്ത് പേടി ത്തൊണ്ടനായ എൻെറ നേക്ക് ഒരേറ്! പൂച്ച എൻെറ മ ടിയിൽ വീണു. ഞാൻ തപ്പിപ്പിടഞ്ഞെഴുന്നേററു, കിടുകിടെ വിറച്ചുതുടങ്ങി. അവൻ നിന്നു പൊട്ടിച്ചിരിച്ചു. അമ്മ അ വനെ കുറച്ചു ഗുണദോഷിച്ചു. എനിക്ക് കരച്ചിൽവന്നു. ഞാൻ തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി. അമ്മ എന്നെ ആശ്വസിപ്പിച്ചു.

വീട്ടിൽനിന്ന് പുറത്തിറങ്ങുക—അതെൻെറ അന്ന ത്തെ ഒരു 'മഹൽകൃത്യ'മാണ്. ഒരു ദിവസം ഞാൻ ധൈ ര്യം നടിച്ച് ഗേയ്ററുകടന്ന് പുറത്തിറങ്ങി. ഇടവഴിയിൽ ക്കൂടി മൂന്നുവാര നടന്നു. പെട്ടെന്ന് തിരിഞ്ഞുനോക്കിയ പ്പോൾ പിൻപുറത്തുനിന്ന് ഒരുക്കൂട്ടം പോത്തുകൾ വരുന്ന തു കണ്ടു. വീട്ടിൻെറ പടിയ്ക്കലെത്തിയതിനാൽ അങ്ങോട്ടു കയറാൻ വയ്യ. അഞ്ചെട്ടു പോത്തുകളുണ്ടുതാനും. ഞാൻ മു മ്പോട്ട് വലിഞ്ഞു നടന്നു. അപ്പോഴേയ്ക്കും ഒരു നായ നേരെ

വന്നു. ഞാനാകെ വിയത്തു. ഹൃദയം ശക്തിമത്തായി വിറച്ചു. ഞാൻ മതിലിടനോട്ട് പററി നിന്നു. നായ യാതൊരു ഭാവഭേദവും കാട്ടാതെ കടന്നുപോയി.

എനിക്കു സമാധാനമായി. എന്നാൽ പോത്തുകഠം എൻെറ പിന്നാലെത്തന്നെ ഉണ്ടായിരുന്നു. ഇടുങ്ങിയ വഴിയായതിനാൽ, ഒരു പോത്ത് വേറൊരുപോത്തിനെ തട്ടിയതാവാം കാരണം, ഒന്ന് കുറച്ച് ഓടി. എൻെറ പിന്നാലെ ഓടിയതാണെന്നു വിചാരിച്ച് ഞാനും ഓടി. എൻെറ ഓട്ടംകണ്ട് പേടിച്ച് പോത്ത് പൂർവ്വാധികം വേഗത്തിൽ ഓടി. അതുകണ്ട് മററുപോത്തുകളും ഓടി. കുറച്ചു ദൂരം ഓടി ഒരു പാടത്തെത്തിയപ്പോഠം ഒരു കൃഷിക്കാരൻ എന്നെ കണ്ടു.

"അയ്യോ....അയ്യോ!" എന്ന് നിലവിളിക്കുവാനല്ലാതെ കാര്യം പറയുവാൻ എനിക്കു കഴിഞ്ഞില്ല. കൃഷിക്കാരൻ കാര്യം മനസ്സിലാക്കി പോത്തുകളെ വേറൊരു വഴിക്കു തിരിച്ചു. ഞാൻ നിറഞ്ഞ കണ്ണുനീരോടെ, കൃതജ്ഞതയോടെ അയാളെ നോക്കി. അയാളൊന്നു ചിരിച്ചു. "എന്താ, ഇത്ര പേടിയുണ്ടോ?..........വരു. ഞാൻ വീട്ടിൽ കൊണ്ടു പോയാക്കാം......."

അയാളുടെ കൂടെ ഞാൻ വീട്ടിൽ ചെന്നു. അയാളോട്ട് നന്ദിപറയുവാൻ പോലും എനിക്ക് സാധിച്ചില്ല. എന്നെ വീട്ടിലാക്കി അയാഠം, "ഞാൻ പോട്ടെ?......." എന്നു ചോദിച്ചു. "ഉം" എന്നൊന്നു മൂളാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളു. അന്നെനിക്ക് ഒമ്പതോ പത്തോ ആണ് വയസ്സ്.

സ്കൂളിൽ ചേൎന്നപ്പോഠം, കൂട്ടുകാരുടെ ഒപ്പമല്ലാതെ സ്കൂളിൽ പോകുവാൻ എനിക്ക് സാധിച്ചില്ല. കാരണം എൻെറ പേടിതന്നെ. ഒരു ദിവസം കൂട്ടുകാരാരും ഇല്ലാത്തതിനാൽ എനിക്ക് സ്കൂളിൽ പോകാൻ തരമായില്ല. പിറെറ ദിവസം സ്കൂളിൽ ചെന്നപ്പോഠം മാസ്റ്റർ തലേദിവസം വരാത്തതിൻെറ കാരണം ചോദിച്ചു. ഞാനെന്തുപറയാനാണ്? എനിക്കു തലവേദനയായിരുന്നുവെന്ന് പറഞ്ഞാലോ?. ഒരിക്കലും നുണപറയാത്ത ഞാൻ, മനസ്സാക്ഷിയെ വഞ്ചിച്ച് എങ്ങിനെ നുണ പറയും?........

ഞാൻ ലജ്ജയോടെ പറഞ്ഞു. "സാർ, എൻെറ കൂടെവരുന്ന കുട്ടികഠം ഇന്നലെ താലപ്പൊലിക്കുപോയി. തനിയെ വരാൻ പേടിയായതിനാൽ ഞാൻ വന്നില്ല." ഞാൻ സത്യം തുറന്നു പറഞ്ഞു.

മാസ്റ്റർ എന്നോട്ട് ദേഷ്യപ്പെടുന്നതിനു പകരം പൊട്ടിച്ചിരിച്ചു. "വീട്ടിൽനിന്നു് ഇത്രത്തോളം വരാൻ പേടിയോ? എന്നാൽപ്പിന്നെ നിന്നെ എന്തിനുകൊള്ളും?........" മാസ്റ്റർ ചോദിച്ചു.

കുട്ടികളെല്ലാവരും എന്നെ കളിയാക്കി. കണ്ണുനീർ വന്നെങ്കിലും അതു പുറത്തു കാണിച്ചാൽ ഭീരുത്വമാവില്ലേ എന്നു വിചാരിച്ച് കണ്ണീരടക്കി.

മാസ്റ്റർ ക്ലാസ്സിൽ നിന്നു പോയപ്പോഠം എന്നോടല്പം സഹതാപമുള്ള ഗോപാലൻ—എൻെറ സഹപാഠി—എന്നോടു പറഞ്ഞു. "തനിയ്ക്കല്ലാതെ ഈ പൊട്ടത്തരം മാ

ഷോട്ടു പറയാൻ തോന്നേ്വാ? തലവേദനയാണെന്നു് പറയാന്നില്ലേ?........"

"എന്തിന്നാ വെറുതെ നുണ പറേണതു്?......"ഞാൻ ചോദിച്ചു.

"ഓ!........നുണ പ'റയാത്തോരു് വല്ലോരുമുണ്ടോ?...." ഗോപാലൻ ചോദിച്ചു.

ഞാനൊന്നും മിണ്ടിയില്ല.

ഒരു ദിവസം ഉച്ചക്കു് ക്ലാസ്സിൽ രണ്ടു കുട്ടികഠം തമ്മിൽ കലശലായ തല്ലും പിടിയും ഉണ്ടായി. ഞാൻ ഒന്നും മിണ്ടാതെ ബെഞ്ചിൻെറ ഒരററത്തു് ചെന്നിരുന്നു. ക്ലാസ്സിൽ അഞ്ചാറു കുട്ടികളേ ഉണ്ടായിരുന്നുള്ളു. ഹെഡ്മാസ്റ്റർ ബഹളം കേട്ടു് ശൂണ്ഠിയെടുത്തു വന്നു. കുട്ടികഠം പതുങ്ങി ബെഞ്ചിൽ വന്നിരുന്നു.

"ആരാണു് ലഹള കൂട്ടിയതു്?........" മാസ്റ്റർ ഉറക്കെ ചോദിച്ചു. ആരും മിണ്ടിയില്ല. ഗോപാലനായിരുന്നു തല്ലുകൂടിയിരുന്നവരിൽ ഒരാഠം. എന്നോടു് തല്ക്കാലം നുണ പറഞ്ഞാൽ സാരമില്ലെന്നു് ഗോപാലൻ ചെവിട്ടിൽ പറഞ്ഞു.

ആരും മിണ്ടാതിരുന്നപ്പോഠം ഹെഡ്മാസ്റ്റർ ഓരോരുത്തരോടായി ചോദിക്കാൻ തുടങ്ങി. എല്ലാവരും തങ്ങളല്ലെന്നു പറഞ്ഞു. ഒടുവിൽ വിഡ്ഢിയായ എന്നോടു് ചോദിച്ചു. എന്തു പറയണമെന്നറിയാതെ ഞാൻ കുറച്ചുനേരം പരുങ്ങിനിന്നു. പിന്നെ പറഞ്ഞു. "സാർ, എനിക്കു് പറയാൻ വയ്യ."

"എന്താ പറഞ്ഞാൽ? നീയാണോ ലഹള ഉണ്ടാക്കി യതു്?........" മാസ്റ്റർ ചോദിച്ചു.

"ഞാനല്ല."

"പിന്നെ ആരാ? അതു് പറഞ്ഞൂടെ?......."

"എന്നോട്ടു് പറയരുതെന്നു് പറഞ്ഞിട്ടുണ്ടു്........." ഞാൻ പറഞ്ഞു.

"നിനക്കു് തല്ലു കിട്ടണ്ടെങ്കിൽ പറഞ്ഞോ."

ഞാൻ വിഷമത്തിലായി. സ്നേഹിതൻെറ അപേക്ഷ ഒരു വശത്തു്. മാസ്റ്ററോടുള്ള കടമ മറുവശത്തു്. ഞാൻ നിസ്സഹായസ്ഥിതിയിൽ നിന്നു. സ്നേഹിതന്മാരെല്ലാം ഞാൻ എന്തു പറയുമെന്നു വിചാരിച്ചു് ഉൽക്കണ്ഠയോടെ എന്നെ നോക്കി.

"ഓഫീസ്റൂമിലേക്കുവാ." അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി. പോകുമ്പോഴം കൂട്ടുകാരിൽ ചിലർ എന്നെ പിന്നിൽനിന്നു് തോണ്ടി പറയരുതെന്നു് ആംഗ്യം കാണിച്ചു.

മാസ്റ്റർ കസാലയിലിരുന്നു് ചോദിച്ചു. "നീ സത്യം പറയുമെന്നു് എനിക്കുറപ്പുണ്ടു്. പറയ്. ആരാണു് ലഹള കൂട്ടിയതു്?..........."

"പറയരുതെന്നു പറഞ്ഞാൽ അതു പറയാമോ?......." ഞാൻ വലിയ ജ്ഞാനിയുടെ മട്ടിൽ ചോദിച്ചു.

അതരുതു്. എന്നാലും മാസ്റ്റർമാരോട്ടു് നിനക്കു് നുണപറയാമോ?......."

“ഞാൻ സത്യം പറഞ്ഞാൽ അവരാരും എന്നോട് മിണ്ടില്ല്യ........”

“ഞാനവരെ അടിക്കില്ല്യ. എന്നാൽ നീ സത്യം പറയ്യോ?........”

അടിക്കില്ലെന്നു തീച്ച്യയാണോ?............” ഞാൻ വീണ്ടും ചോദിച്ചു.

“അതെ. അവര് ചെയ്ത കുററത്തിന്ന് ശിക്ഷയായിട്ട് സ്കൂഠം വിടുന്നതുവരെ ബെഞ്ചിൽ കയറിനില്ക്കണം. സത്യം പറഞ്ഞാൽ നിനക്കിരിക്കാം എന്താ?........”

ഞാൻ സത്യം പറയാൻ തെയ്യാറായി. രാമനും ഗോപാലനും കൂടി തല്ലുകൂടിയതും ഞാനൊഴികെ മററു നാലുകുട്ടികഠം കൂക്കിവിളിച്ചതും ഞാൻ വിസ്തരിച്ചു പറഞ്ഞു.

“എന്റെ ശുദ്ധാ! നീയിത്ര ഭീരുവായാൽ എങ്ങിനെ ജീവിക്കും? സഹപാഠികളെ പേടിച്ച് നുണ പറയാൻ പാടില്ല്യ,ട്ടോ.” മാസ്റ്റർ വാത്സല്യത്തോടെ എന്റെ പുറത്തു തട്ടി.

മാസ്റ്ററും ഞാനും ക്ലാസ്സിൽവന്നു. മാസ്റ്റർ കുട്ടികളോടായി പറഞ്ഞു. “ഇവൻ മാത്രം സത്യം പറഞ്ഞു. അതുകൊണ്ട് നിങ്ങഠക്ക് അടി കിട്ടിയില്ല്യ. നിങ്ങഠം ആറാളും സ്കൂഠം വിടുന്നതുവരെ ബെഞ്ചിൽ കയറി നില്ക്കണം.”

മാസ്റ്റർ ക്ലാസ്സിൽനിന്നു പോയപ്പോഠം ഗോപാലൻ എന്നോട് പിണങ്ങി.

“നിന്നെ വിശ്വസിക്കാൻ കൊള്ളില്ല.” അവൻ പറഞ്ഞു.

“ഞാൻ സത്യം പറഞ്ഞില്ലെങ്കിൽ നമുക്കെല്ലാവൎക്കും തല്ലുകിട്ടില്ലേ?.................... അതിപ്പോൾ കൂടാതെ കഴിഞ്ഞില്ലേ?............” ഞാൻ ചോദിച്ചു.

“ഓ....! നിൻെറാരു ഗുണം ചെയ്യല്!” അവൻ മുഖം കനപ്പിച്ച് പുറത്തേക്ക് പോയി.

ഞാൻ വ്യസനിച്ചു. മററു രണ്ടുപേർ എന്നെ പുച്ഛഭാവത്തിൽ ഒന്നു നോക്കി.

എൻെറ കണ്ണുകൾ നിറഞ്ഞു.

“എന്തിനാടോ കരയണ്?.... അവനെന്തെങ്കിലും പറയട്ടെ. താൻ കരയണ്ട........” മററൊരു കൂട്ടുകാരൻ എന്നെ സമാധാനിപ്പിച്ചു.

അന്ന് അവരെല്ലാം ബെഞ്ചിൽക്കയറിനിന്നു. പിറെറ ദിവസം ഞാനും ഗോപാലനും വീണ്ടും കൂട്ടുകാരായി. തലേദിവസത്തെ സംഭവം മറന്നു.

ഹെഡ്മാസ്റ്റർ പറയുന്നതു കേട്ട കൂട്ടുകാരും മാസ്റ്റർമാരുമെല്ലാം എന്നെ ശുദ്ധനെന്നു വിളിച്ചുതുടങ്ങി.

സ്കൂൾ വിദ്യാഭ്യാസത്തിൻെറ അവസാനദിവസം ഞങ്ങളെല്ലാവരും ഒത്തുകൂടി, യാത്ര പറയുവാൻ. ചിലർ ജയിച്ചാൽ കോളേജിൽ പോകുമെന്ന് പറഞ്ഞു. മററു ചിലർ ജയിച്ചാൽ ട്രയിനിങ്ങ് കഴിച്ച് മാസ്റ്റർമാരാവാൻ പ്ലാനിട്ടതായി പറഞ്ഞു. മററു ചിലർ ഒന്നും തീൎച്ചപ്പെടുത്തിയിരുന്നില്ല.

ഒരു കൂട്ടുകാരൻ എന്നോടു ചോദിച്ചു. "എടോ! ശുദ്ധാ! താനെന്തു വിചാരിക്കുന്നു?........" ഗോപാലൻ ചോദിച്ചു. "അവന് വീടുവിട്ടു താമസിക്കാൻ പേടിയാവില്ലേ?........"

ഞാൻ ലജ്ജിച്ചു. "ഓ. നിങ്ങളിത്രയൊന്നും പറയണ്ട." ഞാൻ പറഞ്ഞു. പാസ്സാവട്ടെ. അപ്പോ എന്തെങ്കിലും ചെയ്യാം. നിങ്ങളെന്നെ മറക്കേപൊ?........"

"ഏയ്........! ശുദ്ധനെ ആരും മറക്കില്ല." എല്ലാവരും ഒപ്പം പറഞ്ഞു.

ഞങ്ങൾ പിരിയുമ്പോൾ എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു.

"ഭാവിപൌരനായ നിൻെറ കണ്ണിൽ വെള്ളമോ?..." ഗോപാലൻ എന്നെ കളിയാക്കി.

അല്ല; കൂട്ടുകാരുമായി കളിച്ചു ചിരിച്ചു നടന്ന് വികൃതിത്തരങ്ങളും പിണക്കങ്ങളും കാണിച്ച് അവരെയെല്ലാം വേർവിട്ട് ഭാവിപൌരനാകുന്ന ചുമതല വഹിക്കണമെങ്കിൽ പാവം ശുദ്ധനു കരച്ചിൽ വരാതിരിക്കുമോ?........

# 12. പ്രശംസ.

രാജൻ സ്കൂളിൽനിന്നു വന്നപ്പോഴാണ് മല്ലിക ആ സന്തോഷവർത്തമാനം അയാളെ അറിയിച്ചതു്. ഒരു തുറന്ന കത്തോടെയാണ് അവൾ സ്വപ്രിയതമനെ സ്വാഗതം ചെയ്തതു്.

"ഇതു നോക്കൂ." ഭാര്യ ഹൃദയം നിറഞ്ഞ സന്തോഷത്തോടെ ആ കത്തു് രാജൻെറ നേരെ നീട്ടി. അയാൾ അലക്ഷ്യനായി അതു വാങ്ങി. രാജൻ വായിക്കുവാൻ തുടങ്ങുന്നതിനു മുമ്പുതന്നെ അവൾ അക്ഷമയായി പറഞ്ഞു. "വിനോദിനീവായനശാല വക ഒരു ചെറുകഥാമത്സരം നടത്തുന്നുണ്ടത്രെ. ഒരു മാസം ഇടയുണ്ടു്. എങ്ങിനെയായാലും ഒരു കഥ എഴുതണം ട്ടോ."

ഭാര്യയുടെ വർത്തമാനവും രാജൻെറ കത്തു് വായിക്കലും കഴിഞ്ഞപ്പോൾ, രാജൻ പുഞ്ചിരിയോടെ ചോദിച്ചു. "ഞാൻ കഥ അയച്ചാൽ സമ്മാനം കിട്ടേ്വാ?...."

"ആവോ!" മല്ലിക കൈ മലർത്തി. "എല്ലാവരും സമ്മാനം കിട്ടും എന്നു് വെച്ചിട്ടാ മത്സരത്തിൽ ചേരുന്നതു്?...."

"ഞാനതെ." ഒരു കുസൃതിച്ചിരിയോടെ രാജൻ പറഞ്ഞു. "സമ്മാനം കിട്ടില്ല്യാന്നു് വിചാരിച്ചു് വല്ലോരും കഥയെഴുതേ്വാ?...."

മല്ലിക ഉറക്കെ ചിരിച്ചു.

"ആയിരക്കണക്കിനു് കാഥികന്മാരു് കഥ അയക്കി ല്ലേ?.... അവരെല്ലാവരും എനിക്കു് സമ്മാനം കിട്ടും എന്നു വിചാരിക്കുന്നതു് വിഡ്ഢിത്തമല്ലേ?...."

"എല്ലാവരും ശുഭപ്രതീക്ഷകരായാൽ അങ്ങിനെയാ ണു്. അങ്ങിനത്തോരേ കഥ അയക്കൂ."

"ഏതായാലും ഒന്നയക്കണം." മല്ലിക നിർബ്ബന്ധിച്ചു.

"മല്ലിക അയച്ചോളൂ." അയാൾ മല്ലികയെ കളി യാക്കി.

"ഇത്ര കളിയാക്കൊന്നും വേണ്ട. ഞാൻ ഒരു കാഥി കയാണെങ്കിൽ ആരും പറയാതെത്തന്നെ ഞാനയക്കും."

"ഞാൻ ശ്രമിക്കാം." രാജൻ കളിയാക്കൽ നിർത്തി ഗൌരവത്തിൽ പറഞ്ഞു.

"ആ കഥക്കു് സമ്മാനം കിട്ടാൻ ഞാൻ ഈശ്വര നെ പ്രാർത്ഥിക്കാം." മല്ലിക പറഞ്ഞു.

"താങ്ക്സ്." രാജൻ പുഞ്ചിരി തൂകി. അയാൾ അ കത്തേക്കു നടന്നു. മല്ലിക ഭർത്താവിനെ പിന്തുടർന്നു.

രാജൻ ഒരു സാഹിത്യകാരനാണു്. തൻെറ ജീവിത ത്തോടിണങ്ങിയ അനുഭവങ്ങളെ ഹൃദയസ്പൃക്കമാകുംവ ണ്ണം ആവിഷ്ക്കരിക്കുന്നതിൽ അയാൾക്കുള്ള കഴിവ് ധാരാ ളമാണു്. പലേ കഥകളും അയാളുടെ തൂലികയിൽനിന്നു റവെടുത്തിട്ടുണ്ടു്. അയാൾ അടുത്തുള്ള ഒരു സ്കൂളിൽ ബി എ. എൽ. ടി. പാസ്സായ ഒരദ്ധ്യാപകനാണു്. അയാൾ തൻെറ ഭാര്യയോടുകൂടി സാമാന്യം വലിയ തൻെറ ഗൃഹ ത്തിൽ ജീവിക്കുകയാണു്.

രാജൻ ഭാൎയ്യയുമായുള്ള നർമ്മസല്ലാപങ്ങളിൽ നിന്ന കന്ന് രണ്ടു മൂന്നു ദിവസം സായംസന്ധ്യകളിൽ ഗാഢാലോചനയിലിരുന്നു. മല്ലിക തൻെറ ഭൎത്താവ് സമ്മാനാൎഹനായാൽ സമ്മാനിക്കുവാനായി ഒരു വെള്ള സിൽക്കു മേശവിരിയിൽ വൎണ്ണനൂലുകളെക്കൊണ്ട് തുന്നി. മേശവിരിയുടെ നടുവിൽ പലതരം പുഷ്പങ്ങൾ പൂഴ്ന്നു നില്ക്കുന്ന ചെടികൾ, പുഷ്പങ്ങളിൽ വണ്ടുകളും ചിത്രശലഭങ്ങളും ഒരു മരത്തിൻെറ കൊമ്പിൽ രണ്ട് ഇണപ്രാവുകൾ മുതലായവ ഭംഗിയിൽ തുന്നി.

രാജൻ തൻെറ ഹൃദയത്തിൽനിന്നുറവെടുത്ത കഥാബീജത്തെ, വേണ്ട അവയവങ്ങളെല്ലാം ചേൎത്ത് ഒരു നല്ല കഥയാക്കി. മല്ലിക ആ കഥ വായിക്കുവാൻ ഉത്സുകയായി. കഥ എഴുതിത്തീൎന്നതോടെ അതു വായിച്ച്, അതിൻെറ രസം ആസ്വാദിക്കുവാനാകാതെ അത് രാജനിൽ നിന്നു തട്ടിപ്പറിച്ചു. അഭിമാനപൂൎവ്വം, അതു വായിച്ചു തീൎന്നപ്പോൾ അവൾ രാജനെ നോക്കിപ്പറഞ്ഞു.

"തീൎച്ചയായിട്ടും സമ്മാനം കിട്ടും"

രാജൻ ഒരു പുഞ്ചിരിയാണതിന്ന് മറുപടി കൊടുത്തത്.

താനെഴുതിയ കഥ നല്ല പ്രതിയായി എഴുതി രാജൻ വായനശാലക്ക് അയച്ചുകൊടുത്തു.

* * * *

ഒരു മാസത്തെ അവധിയും കഴിഞ്ഞു് അടുത്ത മാസാവസാനത്തിൽ ഒരു ദിവസം രാജൻ പൂന്തോട്ടത്തിലുള്ള ഒരു ബെഞ്ചിൽ പത്രം വായിച്ചിരിക്കുകയാണ്. പെട്ടന്നു് തൻെറ മേൽ പുഷ്പവൃഷ്ടിയുണ്ടായപ്പോൾ അയാൾ തിരിഞ്ഞുനോക്കി.

“ആരാ ദേവസ്ത്രീയാണോ എൻെറ മേല് പുഷ്പവൃഷ്ടി ചെയ്തതു്?.” രാജൻ ചിരിച്ചുകൊണ്ടു ചോദിച്ചു. “അതിന്നർഹനാവുമ്പോൾ അല്ലാതെ കഴിയോ?” മല്ലിക ചോദിച്ചു.

പെട്ടെന്നു് മല്ലികയുടെ ഇടത്തെ കയ്യിൽ കണ്ട ഒരു കാഡിലേക്കു് അയാളുടെ ദൃഷ്ടികൾ പതിഞ്ഞു

“എന്തെഴുത്താതു്?” അയാൾ ചോദിച്ചുകൊണ്ടെഴുന്നേററു.

“വിജയവത്തമാനം അറിയിച്ചുതന്നാ എനിക്കു് എന്തു സമ്മാനാ തര്വാ?..........”

“വിജയവത്തമാനോ? ആരുടെ?..........”

അവളൊന്നും മിണ്ടാതെ ചിരിച്ചു നിന്നു.

രാജൻ ചിരിച്ചുകൊണ്ടു ചോദിച്ചു. “എൻേറ്വാ?....”

“ഉം.” അവൾ മൂളി. “എനിക്കെന്തെങ്കിലും സമ്മാനം തന്നാൽ ഞാൻ പറയാം.”

വത്തമാനമറിയാനുള്ള ഉൽക്കണ്ഠയാൽ അയാൾ അടുത്തുള്ള പനിനീർച്ചെടിയിൽനിന്നു് ഒരു പൂവ്വറുത്തുകൊടുത്തു.

"ഇതാ സമ്മാനം."

ആ മനോഹരമായ പുഷ്പം തന്റെ തലയിൽ ചൂടിയ ശേഷം ആ കത്ത് രാജനു കൊടുത്തു. രാജൻ ആനന്ദസാഗരത്തിലാറാടി.

* * * *

ഒന്നാം സമ്മാനാർഹനായ രാജന്ന് പതിനഞ്ചുറുപ്പികയാണ് സമ്മാനം കിട്ടിയത്. അയാളതു് വല്ലവിധവും ചിലവാകാതിരിപ്പാനായി ഒരു മോതിരമുണ്ടാക്കി കയ്യിലണിഞ്ഞു. വിജയസൂചകമായ ആ മോതിരം അണിഞ്ഞപ്പോൾ അയാൾ അഭിമാനത്താൽ പുളകിതഗാത്രനായി.

അയാളുടെ സമ്മാനാർഹമായ കഥ ഒരു പ്രസിദ്ധപ്പെട്ട മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. സാഹിത്യപ്രണയികളുടെ അനുമോദനങ്ങളാലും ആശംസകളാലും ആ മാസികയുടെ അടുത്ത ലക്കങ്ങൾ നിറഞ്ഞു. വിമർശിക്കുവാൻ അധികമാളുകൾ ഉണ്ടായില്ല. രാജനെ സന്ദർശിക്കുന്നവരുടെ എണ്ണം കൂടിക്കൂടിവന്നു. സ്നേഹിതന്മാർ, ബന്ധുക്കൾ, സ്നേഹം സമ്പാദിക്കാൻ ഇച്ഛിക്കുന്നവർ—അങ്ങിനെ മിക്ക ദിവസവും സായംകാലങ്ങളിൽ അവരുടെ വീട്ട് ഒരു ബഹളരംഗമായിച്ചമഞ്ഞു.

അപ്രദേശത്തെ യുവസാഹിത്യകാരന്മാർ ഒരു യോഗം വിളിച്ചുകൂട്ടി. അന്നാട്ടിലെ മികച്ച സാഹിത്യകാരനെന്ന് പേരുകേട്ട രാജനെ അഭിനന്ദിക്കുവാൻ. എല്ലാവരും പ്രശംസ കോരിച്ചൊരിയുമ്പോൾ അയാളുടെ ഹൃദയം തന്നിൽത്തന്നെ മതിപ്പുളവാക്കി.

അയാളുന്നു് മല്ലികയോടു പറഞ്ഞു. "മല്ലികേ, നീയെന്നെ അന്നു നിർബ്ബന്ധിച്ചില്ലെങ്കിൽ ഞാൻ കഥയെഴുതേണം എനിക്കു സമ്മാനം കിട്ടേണം ഉണ്ടാവേണോ?..........."

അവൾ അഭിമാനോജ്ജ്വലമായ തൻെറ നയനങ്ങൾ കൊണ്ടു് പതിയെ ഒന്നു കടാക്ഷിച്ചു.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ രാജന്നൊരെഴുത്തു വന്നു. തൻെറ സമ്മാനാർഹമായ കഥ പ്രസിദ്ധപ്പെടുത്തിയ മാസികയുടെ വിശേഷാൽപ്രതിക്കു് ഒരു ചെറുകഥ അയച്ചുതരണമെന്നു കണ്ടപ്പോൾ അയാൾ സന്തോഷിച്ചു.

രാജൻ ചുഴിഞ്ഞാലോചിച്ചു. പലതരം ആശയങ്ങൾ ആ ഹൃദയത്തിൽ ഉദിച്ചു. ഒരാശയത്തിലും അയാളുടെ മനസ്സു ചെന്നുനില്ക്കുന്നില്ല. ഒരാശയത്തെ പിടിച്ചു്, മനസ്സുകൊണ്ടു് അതിന്നു രൂപം കൊടുക്കുമ്പോൾ, "ഏയ്, ഇത്ര മോശമായ കഥ അയക്കുന്നതിൻെറ ആവശ്യമെന്തു്?" എന്നു തോന്നുകയായി.

നാലഞ്ചു ദിവസത്തെ തലച്ചോറും മനസ്സുമായുള്ള വഴക്കുകൾക്കു ശേഷം ഒരാശയം കിട്ടി. പൂർണ്ണമായ തൃപ്തിയോടെയല്ലെങ്കിലും ഒരു കഥയെഴുതി. പതിവിൻപ്രകാരം മല്ലികക്കു കാണിച്ചുകൊടുത്തു.

അഭിമാനത്താൽ കണ്ണുകൾ വിടരാറുള്ള അവളുടെ വദനത്തിൽ നിരാശയോടുകൂടിയ നെററി ചുളിയ്ക്കലാണു് കണ്ടതു്. മല്ലികയുടെ മുഖഭാവം സസൂക്ഷ്മം വീക്ഷിച്ചിരുന്ന രാജൻ അതു കണ്ടുപിടിച്ചു.

വായിച്ചുകഴിഞ്ഞു്, ഒന്നും പറയാതെ ആ കഥ മല്ലിക രാജനു കൊടുത്തു.

"എന്താ അഭിപ്രായം പറയാത്തു്?" രാജൻ ചോദിച്ചു.

"എന്താ ഞാൻ പറയ്യാ?......." അവൾ നിസ്സഹായതയോടെ ഭർത്താവിനെ നോക്കി ".......എഴുതിയ കഥകൾ ഇത്ര മോശായി കണ്ടിട്ടില്ല്യ".

രാജൻെറ ആത്മാഭിമാനത്തിന്നു് ക്ഷതം തട്ടി. അയാൾ മല്ലികയോടു് പിന്നീടൊന്നും ചോദിച്ചില്ല. തൻെറ മുറിയിൽ പോയിരുന്നു് വാതിലടച്ചു്, ആ കഥയുടെ 'അസ്സൽപ്രതി'യെഴുതി വീണ്ടും വായിച്ചുനോക്കാതെ അന്നത്തെ തപാലിൽത്തന്നെ ഇട്ടു.

രാത്രി ഊണു കഴിക്കുമ്പോൾ നിരുന്മേഷനായിട്ടാണു് രാജനെ കണ്ടതു്. ഭർത്താവിൻെറ പതിവിന്നു വിപരീതമായ ഈ ഭാവഭേദം മല്ലികയെ അസ്വാസ്ഥ്യയാക്കി. ആ അസ്വാസ്ഥ്യതയു ഉള്ളിലൊതുക്കി മല്ലിക ചോദിച്ചു. "എന്താ തലവേദനേണ്ടോ?..........."

അയാൾ നിഷേധാത്ഥത്തിൽ തലയാട്ടി.

"കഥ അയച്ച്വോ?......."

"ഉം". അയാൾ മൂളി.

പിന്നീടാരും ഒന്നും മിണ്ടിയില്ല. ഇന്നേവരെ അനുഭവൈകവേദ്യമല്ലാത്ത ആ അസ്വാസ്ഥ്യം മൂന്നു ദിവസം നീണ്ടുനിന്നു. മല്ലിക പല ചോദ്യങ്ങളും ഭർത്താവിനോടു ചോദിച്ചുവെങ്കിലും തൃപ്തികരമായ മറുപടി കിട്ടിയില്ല.

മൂന്നു നാലു ദിവസംകൊണ്ടു് ആ അസ്വസ്ഥത ഇല്ലാതായി.

മാസികയുടെ വിശേഷാൽപ്രതി പുറത്തിറങ്ങി. രണ്ടാഴ്ചകൾക്കകം നിരവധി കത്തുകൾ രാജൻെറ മേശപ്പുറത്തു് വന്നു കൂടി. എല്ലാവരും രാജൻെറ കഥയെക്കുറിച്ചാണെഴുതിയതു്.

"........നിങ്ങളുടെ കഥയുണ്ടെന്നു കണ്ടപ്പോൾ ഞാൻ സന്തോഷിച്ചു. വായിച്ചുകഴിഞ്ഞപ്പോൾ, നിങ്ങളുടെ ആ അനുഗൃഹീത തൂലികയാണോ ഇതെഴുതിയതു് എന്നു ഞാൻ സംശയിച്ചു..........."

"........നിങ്ങളുടെ കഥ മഹാമോശമായിട്ടുണ്ടെന്നു വേണം പറയാൻ. നിങ്ങളെ സ്തുതിച്ച ഈ പേനകൊണ്ടുതന്നെ ദൂഷിച്ചെഴുതേണ്ടിവന്നതിൽ നിർവ്വ്യാജമായ വ്യസനമുണ്ടു്.........."

"........നിങ്ങളുടെ കഥകളെപ്പോലെയുള്ള കഥകൾ ആർക്കും ഉണ്ടാക്കാൻ കഴിയും. ആദ്യത്തെ വിജയമായിരിക്കമോ നിങ്ങളെ ഗർവ്വിഷ്ഠനാക്കിത്തീർത്തതു്..........."

രാജൻ എഴുത്തുകളെയെല്ലാം തുറിച്ചുനോക്കി നിശ്ചേഷ്ടനായി ഇരുന്നു.

ശുഭം.

**KOTTAYAM PUBLIC LIBRARY**
KOTTAYAM.

Cl. No. MF9 Acc. No. 81501

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 24 APR 1986 | | |
| 1 JUL 1986 | | |
| 13 DEC 1986 | | |
| 24 MAR 1982 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9

81501

ദേവസേന. കെ.ബി

മുല്ലമൊട്ടുകൾ